بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാല്യം 8 | ലക്കം 7

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2023 ഫെബ്രുവരി 16/ഹി.ശം. 1402 തബ്‌ലീഗ് 16/ ഹിജ്‌റ 1444 റജബ് 24

## അല്ലാഹുവിന്റെ വചനം

یٰۤاَیُّہَا الَّذِیۡنَ اٰمَنُوۡا لَا تَخُوۡنُوا اللّٰہَ وَالرَّسُوۡلَ وَتَخُوۡنُوۡۤا اَمٰنٰتِکُمۡ وَاَنۡتُمۡ تَعۡلَمُوۡنَ (سورۃ انفال:28)

'വിശ്വസിച്ചവരേ! നിങ്ങൾ അല്ലാഹുവിനേയും റസൂലിനേയും വഞ്ചിക്കരുത്. നിങ്ങൾ അറിഞ്ഞുകൊണ്ട് നിങ്ങളുടെ അമാനത്തുകളിലും വഞ്ചന കാട്ടരുത്.' (8:28)

## അഹ്‌മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിയുടെ തിരുമൊഴികൾ

### നോമ്പ് മുറിക്കൽ

വഹബ് ബിൻ അബ്ദുല്ലാ സവാഇയിൽനിന്ന് നിവേദനം: നബി(സ) തിരുമേനി സൽമാൻ, അബുദർദ്ദാ എന്നിവർക്കിടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചു. അങ്ങനെ ഒരു ദിവസം സൽമാൻ(റ), അബുദർദ്ദാഇനെ സന്ദർശിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ ഉമ്മു ദർദ്ദാഇനെ വസ്ത്രത്തിന്റെ മോടിയിലും മറ്റും ഒരു ശ്രദ്ധയുമില്ലാതെ സൽമാൻ കണ്ടു. അദ്ദേഹം ചോദിച്ചു, നിങ്ങളുടെ പ്രശ്നമെന്താണ്? അവർ പറഞ്ഞു, താങ്കളുടെ സഹോദരൻ അബുദർദ്ദാഅ്ന് ഐഹികകാര്യങ്ങളിൽ ഒരു താൽപര്യവുമില്ല. കുറച്ചു കഴിഞ്ഞപ്പോൾ അബുദർദ്ദാ കയറിവന്നു. സൽമാനുവേണ്ടി ഭക്ഷണം ഉണ്ടാക്കിക്കൊണ്ടുവന്ന് പറഞ്ഞു, നിങ്ങൾ കഴിച്ചുകൊള്ളുവിൻ. ഞാൻ നോമ്പുകാരനാണ്. സൽമാൻ പറഞ്ഞു: താങ്കൾ ഭക്ഷിക്കാതെ ഞാൻ ഭക്ഷിക്കുകയില്ല. അപ്പോൾ അബൂദർദ്ദാ ഭക്ഷിച്ചു. രാത്രിയായപ്പോൾ അബൂദർദ്ദാ നമസ്കരിക്കാൻ തുടങ്ങി. താങ്കൾപോയി കിടന്നുറങ്ങുക എന്ന് സൽമാൻ കല്പിച്ചു. അപ്പോൾ അദ്ദേഹം പോയി കിടന്നുറങ്ങി. വീണ്ടും എഴുന്നേറ്റു നമസ്കരിക്കാൻ തുടങ്ങി. സൽമാൻ വീണ്ടും പറഞ്ഞു, പോയി കിടന്നുറങ്ങുക. അങ്ങനെ രാത്രിയുടെ അന്ത്യയാമത്തിൽ അദ്ദേഹം അബൂദർദ്ദായെ വിളിച്ചുണർത്തിക്കൊണ്ട് പറഞ്ഞു: ഇപ്പോൾ എഴുന്നേറ്റു നമസ്കരിക്കുക. അങ്ങനെ അവർ രണ്ടുപേരും നമസ്കരിച്ചു. ശേഷം സൽമാൻ അബൂദർദ്ദായോടു പറഞ്ഞു: നിന്റെ രക്ഷിതാവിനും നിന്റെ ശരീരത്തിനും നിന്റെ ഭാര്യയ്ക്കും നിന്നിൽ അവകാശങ്ങളുണ്ട്. ഓരോരുത്തരുടേയും അവകാശങ്ങൾ നീ നല്കുക. പ്രഭാതമായപ്പോൾ അബൂദർദ്ദാ(റ) നബി(സ)തിരുമേനിയുടെ അടുത്തു ചെന്ന് വിവരങ്ങളെല്ലാം പറഞ്ഞു. അപ്പോൾ നബി(സ) പറഞ്ഞു: സൽമാൻ പറഞ്ഞതെല്ലാം സത്യംതന്നെ. (സ്വഹീഹ് ബുഖാരി വാല്യം 3, കിതാബുസ്സൗം, പ്രസാധനം 2008 ഖാദിയാൻ)

### ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ 2023 ജനുവരി 06 (സമ്പൂർണ തർജമ)

ജുമുഅ ഖുത്വ്ബ 2023 ജനുവരി 13 (സമ്പൂർണ തർജമ)

**തന്റെ ബുദ്ധിയിലും തന്റെ അറിവിലും തന്റെ ധനത്തിലും സമ്പത്തിലും അഭിമാനിക്കുന്നവൻ വിഡ്ഢിയാണ്. കാരണം ഇതെല്ലാം അല്ലാഹു പ്രദാനം ചെയ്തിട്ടുള്ളതാണ്. അല്ലാതെ അവൻ എവിടെന്നാണ് കൊണ്ടുവന്നത്?**

**മനുഷ്യൻ തന്റെ ദൗർബല്യതയേയും ബലഹീനതയേയും പൂർണമായും ഓർക്കുകയും ചിന്തിക്കുകയും ചെയ്യുക എന്നത് ദുആയ്ക്ക് അനിവാര്യമായിട്ടുള്ള കാര്യമാണ്. അവൻ തന്റെ ദൗർബല്യത്തെ കുറിച്ച് ചിന്തിക്കുന്തോറും താൻ അല്ലാഹുവിന്റെ സഹായത്തിന് ആശ്രിതനാണെന്ന് കാണുന്നതായിരിക്കും. ഈ രീതിയിൽ ദുആ ചെയ്യുന്നതിനുവേണ്ടി അവന്റെ ഉള്ളിൽ ഒരു ആവേശമുണ്ടാകുന്നതായിരിക്കും.**

## സയ്യിദുനാ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ഖുലിഖൽ ഇൻസാനു ളയീഫാ(4:29) എന്ന കാര്യം സത്യംതന്നെയാണ്. അവന് അല്ലാഹുവിന്റെ ഫള്ലും കരുണയും കൂടാതെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. അവന്റെ അസ്തിത്വവും അവന്റെ പരിപാലനവും ജീവിതം നിലനിറുത്തുന്നതിനുള്ള വസ്തുക്കളുമെല്ലാം അല്ലാഹുവിന്റെ ഫള്ലിൽ നിറുത്തപ്പെട്ടിരിക്കുന്നു. തന്റെ ബുദ്ധിയിലും തന്റെ അറിവിലും തന്റെ ധനത്തിലും സമ്പത്തിലും അഭിമാനിക്കുന്നവൻ വിഡ്ഢിയാണ്. കാരണം ഇതെല്ലാം അല്ലാഹു പ്രദാനം ചെയ്തിട്ടുള്ളതാണ്. അല്ലാതെ അവൻ എവിടെന്നാണ് കൊണ്ടുവന്നത്? മനുഷ്യൻ തന്റെ ദൗർബല്യതയേയും ബലഹീനതയേയും പൂർണമായും ഓർക്കുകയും ചിന്തിക്കുകയും ചെയ്യുക എന്നത് ദുആയ്ക്ക് അനിവാര്യമായിട്ടുള്ള കാര്യമാണ്. അവൻ തന്റെ ദൗർബല്യത്തെ കുറിച്ച് ചിന്തിക്കുന്തോറും താൻ അല്ലാഹുവിന്റെ സഹായത്തിന് ആശ്രിതനാണെന്ന് കാണുന്നതായിരിക്കും. ഈ രീതിയിൽ ദുആ ചെയ്യുന്നതിനുവേണ്ടി അവന്റെ ഉള്ളിൽ ഒരു ആവേശമുണ്ടാകുന്നതായിരിക്കും. മനുഷ്യൻ ഏതെങ്കിലും നാശത്തിൽ അകപ്പെടുകയും ദുഃഖമോ ഞെരുക്കമോ തോന്നുകയും ചെയ്യുമ്പോൾ വളരെ ശക്തിയോടുകൂടി നിലവിളിക്കുകയും മുറവിളി കൂട്ടുകയും മറ്റുള്ളവരോടു സഹായം യാചിക്കുകയും ചെയ്യുന്നു. ഇപ്രകാരം അവൻ തന്റെ ദൗർബല്യങ്ങളിലും പിഴവുകളിലും ചിന്തിക്കുകയാണെങ്കിൽ, താൻ എപ്പോഴും അല്ലാഹുവിന്റെ സഹായത്തിന് ആശ്രിതനാണെന്ന് കാണുന്നതായിരിക്കും. അപ്പോൾ അവന്റെ ആത്മാവ് പൂർണമായ ആവേശവും വേദനയും കൊണ്ട് അസ്വസ്ഥനായി ദൈവസവിധത്തിൽ വീഴുകയും മുറവിളികൂട്ടുകയും യാ റബ്ബീ, യാ റബ്ബീ എന്നു പറഞ്ഞുകൊണ്ട് നിലവിളിക്കുകയും ചെയ്യുന്നു. ശ്രദ്ധയോടുകൂടി വിശുദ്ധ ഖുർആൻ നോക്കുമ്പോൾ നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും ആദ്യത്തെ സൂറത്തിൽത്തന്നെ അല്ലാഹു ദുആയുടെ പാഠം നല്കിയിരിക്കുന്നുവെന്ന്! *ഇഹ്ദിനസ്സിറാത്തൽ മുസ്തഖീമ സിറാത്തല്ലദീന അൻഅംത അലയ്ഹിം ഗയ്രിൽമഗ്ളൂബി അലയ്ഹിം വലള്ളാല്ലീൻ*(1:6-7).

സകല ഫലങ്ങളും നേട്ടങ്ങളും ഉൾക്കൊള്ളുകയും എല്ലാ നഷ്ടങ്ങളിൽനിന്നും ദോഷങ്ങളിൽനിന്നും രക്ഷിക്കുകയും ചെയ്യുമ്പോഴാണ് ദുആ എല്ലാ അടങ്ങുന്നതാകുന്നത്. അതുകൊണ്ട് എല്ലാ ഉത്തമമായ ലാഭങ്ങളും കിട്ടുന്നതിനും ഏറ്റവും നഷ്ടമുണ്ടാക്കുന്ന കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനുമുള്ള ദുആയാണ് ഇതിലുള്ളത്.

ഞാൻ പലപ്പോഴും പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്, അനുഗ്രഹം ലഭിച്ചിട്ടുള്ളവർ നാലു തരത്തിലുള്ള ആളുകളാണ്. ഒന്നാമത്തേത് നബി, രണ്ടാമത്തേത് സിദ്ദീഖ്, മൂന്നാമത്തേത് ശഹീദ്, നാലാമത്തേത് സ്വാലിഹീൻ. അതിനാൽ ഈ ദുആയിൽ ഈ നാലു സംഘക്കാരുടേയും ശ്രേഷ്ഠതകൾ ആവശ്യപ്പെടുകയാണ്. *(മൽഫൂദാത്ത് വാല്യം 1, പേജ് 372, പ്രസാധനം 2018 ഖാദിയാൻ)*

**വിശുദ്ധ ഖുർആൻ കൂടാതെ മറ്റേത് അധ്യാപനമാണ് ലോകത്തു കാണുന്ന ഭിന്നതകൾ വിപാടനം ചെയ്യാനുള്ളത്? ഈ ഗ്രന്ഥം അല്ലാഹുവിൽനിന്നുള്ളതാണെന്ന് ജനങ്ങൾക്ക് മനസ്സിലാകുകയാണെങ്കിൽ അവർ തങ്ങളുടെ ചിന്താഗതികൾ ഉപേക്ഷിക്കുന്നതാണ്.**

സൂറത്തുന്നഹ്‌ലിലെ 65-ാം വചനമായ **വമാ അൻസൽനാ അലയ്ക്കൽകിതാബ ഇല്ലാ ലിതുബയ്യിന ലഹുമുല്ലദിഖ്ത ലഫൂഫീഹി വ ഹുദൻ വ്വറഹ്മത്തൻ ല്ലി ഖൗമിൻ യ്യുഅ്മിനൂൻ** (ജനങ്ങൾ ഏതൊരു കാര്യത്തിൽ ഭിന്നാഭിപ്രായക്കാരായിരുന്നുവോ ആ കാര്യം നീ അവർക്കു വിവരിച്ചുകൊടുക്കാൻ വേണ്ടിയല്ലാതെ നാം നിനക്ക് ഈ ഗ്രന്ഥം അവതരിപ്പിച്ചു തന്നിട്ടില്ല. ഇതു വിശ്വസിക്കുന്ന ജനങ്ങൾക്ക് ഒരു മാർഗദർശനവും ഒരു കാരുണ്യവുമാകുന്നു, എന്നതിനു നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

"ദൈവിക വചനത്തിന്റെ ഇറക്കത്തിന് മറ്റൊരു ആവശ്യം കൂടിയുണ്ട്. ലോകത്ത് ജനങ്ങളിൽ ധാർമികപരവും മതപരവുമായ കാര്യങ്ങളെ കുറിച്ച് രൂക്ഷമായ ഭിന്നതകൾ നിലനില്ക്കുന്നു. ഈ ഭിന്നത അല്ലാഹുവിൽനിന്ന് ഒരു ദൃഢഗാഢപരമായ അറിവ് കരസ്ഥമാകാതെ എങ്ങനെ അകലാനാണ്? അതുകൊണ്ട് ഈ അറിവ് നല്കുന്നതിനുവേണ്ടി ഈ ഗ്രന്ഥം ഇറങ്ങിയിരിക്കുന്നു. ഇതുകൂടാതെ മറ്റെന്തറിവാണ് ലോകത്തുകാണുന്ന ഭിന്നതകൾ അകറ്റാനുള്ളത്? ഈ ഗ്രന്ഥം അല്ലാഹുവിൽനിന്നുള്ളതാണെന്ന് ജനങ്ങൾക്ക് മനസ്സിലാകുകയാണെങ്കിൽ അവർ തങ്ങളുടെ ചിന്താഗതികൾ ഉപേക്ഷിക്കുന്നതാണ്. ഇതു കൂടാതെ അവർക്കെങ്ങനെയാണ് തങ്ങളുടെ ചിന്താഗതികൾ ഉപേക്ഷിക്കാൻ കഴിയുക. എന്തുകൊണ്ടെന്നാൽ സ്വാഭാവികമായും എല്ലാ ഓരോ വ്യക്തിയും തങ്ങളുടെ ചിന്താഗതികൾക്ക് മറ്റുള്ളവരുടെ ചിന്താഗതിളെക്കാൾ മുൻഗണന നല്കുന്നു.

മുമ്പേവന്ന പ്രവാചകന്മാർക്കുശേഷം രണ്ടാമത്തെ പ്രവാചകൻ വന്നതിൽ നിങ്ങൾക്ക് ആക്ഷേപമുണ്ടെന്ന സൂചനയും ഈ ആയത്തിലുണ്ട്. രണ്ടാമത്തെ നബി വന്നത്

**(ശേഷം പേജ് 7ൽ)**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്‌മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

അല്ലാഹു സാമ്പത്തിക ത്യാഗത്തിന് എത്രമാത്രം പ്രാധാന്യം നൽകിയിരിക്കുന്നുവെന്നാൽ അല്ലാഹു ഇഷ്ടപ്പെടുന്ന യഥാർഥ നന്മ പ്രാപിക്കുന്നതിനുള്ള നിബന്ധന അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻവേണ്ടി സാമ്പത്തിക ത്യാഗം ചെയ്യണമെന്നാണ്. തങ്ങളുടെ പ്രിയപ്പെട്ട സാധനങ്ങൾ അല്ലാഹുവിനുവേണ്ടി മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ ചെലവഴിക്കുമ്പോഴാണ് നന്മയായി എണ്ണപ്പെടുന്നത്.

**തഹ്‌രീക്കെ വഖ്ഫെ ജദീദിന്റെ 65-ാം വർഷത്തിന്നിടയിൽ ജമാഅത്ത് 12.2 മില്യൺ അതായത്**
**ഒരു കോടി ഇരുപത്തിരണ്ടു ലക്ഷത്തി പതിനയ്യായിരം പൗണ്ടിന്റെ അതുല്യമായ ത്യാഗം ചെയ്തിരിക്കുന്നു.**

ഹദ്റത്ത് മസീഹ് മൗഊദ്(അ)നുശേഷം നിലനിന്നുവരുന്ന ഖിലാഫത്ത് വ്യവസ്ഥിതിയിലും അല്ലാഹു എല്ലാ കാലഘട്ടത്തിലും ത്യാഗം ചെയ്യുന്നവരെ പ്രദാനം നല്കിക്കൊണ്ടുപോകുന്നു. അവർ ത്യാഗങ്ങൾ ചെയ്തുകൊണ്ട് തങ്ങളുടെ ആവശ്യങ്ങൾ പിൻപുറംതള്ളി കൂടുതൽക്കൂടുതൽ ത്യാഗം ചെയ്യാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു. ഇതിൽ ആദ്യകാലഅഹ്മദികളുമുണ്ട് പുതിയ അഹ്മദികളുമുണ്ട്.

**അല്ലാഹുവിന്റെ വഴിയിൽ ചെയ്ത ത്യാഗം ഈ ലോകത്ത് മാത്രമല്ല**
**പ്രത്യുത മരിച്ചതിനുശേഷമുള്ള ജീവിതത്തിലും പ്രയോജനപ്പെടുന്നതായിരിക്കും.**

ഇതെല്ലാം ചിന്തയുടെ കാര്യങ്ങളാണ്. ഭൗതികമായ ഒരാൾ മറ്റെന്തെങ്കിലുമാണ് ചിന്തിക്കുക. എന്നാൽ, ദീനീ ബോധമുള്ള ഒരാൾ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവ് ചെയ്യുമ്പോഴാണ് അല്ലാഹുവിന്റെ അനുഗ്രഹമുണ്ടാകുക എന്ന് ചിന്തിക്കുന്നു.

**വഖ്ഫെ ജദീദിന്റെ 66-ാം വർഷത്തിന്റെ വിളംബരം.**
**ലോകം മുഴുവൻ വസിക്കുന്ന അഹ് മദികളുടെ ത്യാഗങ്ങളുടെ സംഭവബഹുലമായ വിവരണം**

**ഖുത്ബ ജുമുഅ 2023 ജനുവരി 06/1401 സ്വുൽഹ് 06**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

**ലൻ തനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂന വമാ തുൻഫിഖൂ മിൻ ശയ്ഇൻ ഫഇന്നല്ലാഹ ബിഹീ അലീം(3:93)**

ഈ ആയത്തിന്റെ തർജമ ഇപ്രകാരമാകുന്നു:

നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾ പരിപൂർണ നന്മ പ്രാപിക്കുകയില്ല. നിങ്ങൾ ഏതൊന്ന് ചെലവഴിക്കുന്നുവോ അതിനെ കുറിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്നവനാകുന്നു.

ഈ ആയത്തിനെ വിശദീകരിച്ചുകൊണ്ട് ഒരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "മോക്ഷത്തിലേക്കെത്തിക്കുന്ന യഥാർഥമായ നന്മയെ അല്ലാഹുവിന്റെ വഴിയിൽ നിങ്ങൾ വളരെയേറെ പ്രിയപ്പെടുന്ന നിങ്ങളുടെ ധനവും മുതലും ചെലവിടുന്നതുവരെ പ്രാപിക്കുക സാധ്യമല്ല."(ഫതഹെ ഇസ്‌ലാം, റൂഹാനീ ഖസാഇൻ വാള്യം 3, പേജ് 38)

"മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ നിങ്ങൾക്കു പ്രിയപ്പെട്ട ധനവും വസ്തുക്കളും ചെലവഴിക്കുന്നതുവരെ നിങ്ങൾ യഥാർഥമായ നന്മയെ ഒരിക്കലും പ്രാപിക്കുകയില്ല."(ഇസ്‌ലാമീ ഉസൂൽ കി ഫലാസഫി, റൂഹാനീ ഖസാഇൻ വാള്യം 10, പേജ് 358)

അല്ലാഹു സാമ്പത്തിക ത്യാഗത്തിന് എത്രമാത്രം പ്രാധാന്യം നൽകിയിരിക്കുന്നുവെന്നാൽ അല്ലാഹു ഇഷ്ടപ്പെടുന്ന യഥാർഥ നന്മ പ്രാപിക്കുന്നതിനുള്ള നിബന്ധന അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ വേണ്ടി സാമ്പത്തിക ത്യാഗം ചെയ്യണമെന്നാണ്. തങ്ങളുടെ പ്രിയപ്പെട്ട സാധനങ്ങൾ അല്ലാഹുവിനു വേണ്ടി മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ ചെലവഴിക്കുമ്പോഴാണ് നന്മയായി എണ്ണപ്പെടുന്നത്. അപ്പോൾ അത് മോക്ഷത്തിന് നിമിത്തമായിത്തീരുകയും ചെയ്യും. മറ്റൊരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ആരെങ്കിലും തന്റെ പശു രോഗിയാകുകയും രക്ഷപ്പെടുമെന്നുള്ള പ്രതീക്ഷ ഇല്ലാതാകുകയും ചെയ്യുമ്പോൾ അതിനെ അല്ലാഹുവിന്റെ മാർഗത്തിൽ കൊടുക്കുന്നത് കൊണ്ടോ അല്ലെങ്കിൽ യാചകൻ വരുമ്പോൾ വീട്ടിലെ പഴയ റൊട്ടി വീട്ടിലാരും അത് കഴിക്കാത്തതു കൊണ്ട് അയാൾക്ക് കൊടുക്കുകയോ ചെയ്യുന്നത് നന്മയല്ല. കാരണം അതൊന്നും അയാളുടെ ഉപയോഗത്തിൽ വരുന്നവയല്ല.

അല്ലാഹുവിന്റെ മാർഗത്തിൽ സ്വീകരിക്കപ്പെടുന്ന ധനം അയാളുടെ ഇഷ്ടപ്പെട്ട ധനമായിരിക്കേണ്ടതാണ്. പിന്നെ അയാളത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ത്യാഗം ചെയ്യണം.

ഇതുതന്നെയാണ് യഥാർഥ നന്മ. ഇക്കാര്യം തന്നെയാണ് സൃഷ്ടികളോടുള്ള സഹാനുഭൂതിയുടെ യഥാർഥ അറിവു നൽകുന്നത്. അതിലൂടെയാണ് നമ്മുടെ മനസ്സിൽ മറ്റുള്ളവർക്കുവേണ്ടി എത്രമാത്രം വേദനയുണ്ടെന്നും നമുക്ക് ദീനീ സേവനത്തിന് എത്രമാത്രം താൽപര്യമുണ്ടെന്നും അതിന് നമുക്കെത്രമാത്രം വികാരമുണ്ടെന്നും വ്യക്തമാകുന്നത്.(മൽഫൂദാത്ത്, വാള്യം 8, പേജ് 19, 1984 പതിപ്പ്)

വേറൊരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ലോകത്ത് മനുഷ്യൻ സമ്പത്തിനെ വളരെയേറെ സ്നേഹിക്കുന്നു. അതുകൊണ്ടുതന്നെ സ്വപ്നവ്യാഖ്യാന ശാസ്ത്രത്തിൽ പറയുന്നു, ആരെങ്കിലും തന്റെ കരൾ പറിച്ച് ആർക്കെങ്കിലും കൊടുക്കുന്നത് കണ്ടാൽ അതിന്റെ വിവക്ഷിതം ധനമാകുന്നു. അതുകൊണ്ടുതന്നെ യഥാർഥ ഭയഭക്തിയും വിശ്വാസവും ആർജിക്കുന്നതിന് പറയുന്നു: **ലൻ തനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂന**(3:93) യഥാർഥമായ നന്മ നിങ്ങൾ നിങ്ങളുടെ പ്രിയപ്പെട്ട വസ്തുക്കൾ ചെലവഴിക്കുന്നതുവരെ പ്രാപിക്കുകയില്ല. കാരണം ദൈവസൃഷ്ടികളോടുള്ള സഹാനുഭൂതിയുടേയും പെരുമാറ്റത്തിന്റേയും ഒരു വലിയ പങ്ക് ധനം ചെലവഴിക്കുന്നതിന്റെ ആവശ്യകത വ്യക്തമാക്കുന്നുണ്ട്. മനുഷ്യകുലത്തോടും ദൈവസൃഷ്ടികളോടുമുള്ള സഹാനുഭൂതി വിശ്വാസത്തിന്റെ മറ്റൊരു അംശമാകുന്നു. അതുകൂടാതെ വിശ്വാസം സമ്പൂർണമാകുകയോ ഉള്ളിൽ പ്രവേശിക്കുകയോ ഇല്ല. മനുഷ്യൻ ത്യാഗം ചെയ്യാതെ മറ്റുള്ളവർക്കെങ്ങനെയാണ് പ്രയോജനം ചെയ്യാൻ കഴിയുക. മറ്റുള്ളവർക്ക് പ്രയോജനമെത്തിക്കാനും സഹാനുഭൂതിക്കും ത്യാഗം അനിവാര്യ ഘടകമാകുന്നു. **ലൻ തനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂന**(3:93) എന്ന ആയത്തിൽ ത്യാഗത്തിനുള്ള അധ്യാപനവും മാർഗദർശനവുമാണ് നൽകുന്നത്.

ചുരുക്കത്തിൽ അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെലവു ചെയ്യുന്നതും മനുഷ്യന്റെ സൗഭാഗ്യത്തിന്റേയും ഭയഭക്തിയുടെ അടയാളത്തിന്റേയും നിലവാരവും ഉരകല്ലുമാകുന്നു. ഹദ്റത്ത് അബൂബക്ർ(റ)ന്റെ ജീവിതത്തിലെ അല്ലാഹുവിനുവേണ്ടി അർപണം ചെയ്തതിന്റെ നിലവാരവും ഉരകല്ലും എന്തായിരുന്നു? നബി(സ)തിരുമേനി ഒരു ആവശ്യം വിവരിച്ചു. അദ്ദേഹം വീട്ടിലുള്ള മുഴുവൻ സാധനങ്ങളും എടുത്തുവന്ന് ഹാജറായി."(മൽഫൂദാത്ത്, വാള്യം 2, പേജ് 95-96, 1984 പതിപ്പ്)

ത്യാഗത്തിന്റേയും ഇഷ്ടപ്പെട്ട ധനം സമർപ്പിക്കുന്നതിന്റേയും അത്യുന്നതമായ നിലവാരമാണിത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ആ നിലവാരം സ്ഥാപിച്ചിരുന്നു. പിന്നീട് സ്വഹാബാക്കൾ തങ്ങളുടെ പ്രാപ്തിയും സ്ഥാനവുമനുസരിച്ച് ത്യാഗങ്ങളുടെ ഈ നിലവാരം സ്ഥാപിക്കുകയുണ്ടായി. അതുകഴിഞ്ഞ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ ത്തന്നെ നമുക്ക് കാണാൻ കഴിയും അവിടത്തെ ദൗത്യം പൂർത്തീകരിക്കുന്നതിനുള്ള സാഹിത്യ പ്രസിദ്ധീകരണത്തിന്റേയും ഇസ്‌ലാമിക പ്രചാരണത്തിന്റേയും ഉദാത്തമായ മാതൃക ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ ഖലീഫത്തുൽ മസീഹ് അവ്വൽ(റ) സ്ഥാപിച്ചു. അതിനെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അദ്ദേഹം എഴുതി: 'ഞാൻ അങ്ങയുടെ മാർഗത്തിൽ ത്യാഗസന്നദ്ധനാകുന്നു. എന്റേതായിട്ടുള്ളതെല്ലാം ഒന്നും എന്റേതല്ല. അങ്ങയുടേതാകുന്നു. ഗുരുവും വഴികാട്ടിയുമായുള്ളോരേ! ഞാൻ തികഞ്ഞ സത്യസന്ധതയോടെ ബോധിപ്പിക്കട്ടെ. എന്റെ എല്ലാ സമ്പത്തും ദീനിന്റെ പ്രചാരണത്തിൽ ചെലവഴിക്കപ്പെടുകയാണെങ്കിൽ ഞാൻ ലക്ഷ്യം പ്രാപിച്ചു.' വീണ്ടും എഴുതുന്നു: 'എനിക്ക് അങ്ങയുമായി ഫാറൂഖിയായ ബന്ധമാണുള്ളത്. ഞാൻ എല്ലാം ഈ മാർഗത്തിൽ അർപ്പിക്കാൻ തയ്യാറാകുന്നു. എന്റെ മരണം സിദ്ദീഖുമാരുടെ മരണമാകാൻ അങ്ങ് ദുആ ചെയ്താലും."(ഫതഹെ ഇസ്‌ലാം, റഹാനീ ഖസാഇൻ വാള്യം 3, പേജ് 36)

ഇതേപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിരവധി സ്വഹാബാക്കളുണ്ടായിരുന്നു. അവർ താന്താങ്ങളുടെ കഴിവുകൾക്ക് അനുസൃതമായി ചെയ്ത ത്യാഗങ്ങളെ കുറിച്ച് ഹദ്റത്ത് മസീഹ്

മൗഊദ്(അ) പറയുന്നു: “അവരുടെ ത്യാഗങ്ങൾ കാണുമ്പോൾ എനിക്ക് അത്ഭുതം തോന്നുന്നു.” എന്തിനാണ് ഈ ത്യാഗങ്ങൾ അവർ ചെയ്തത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇസ്ലാമിക പ്രചാരണമെന്ന ദൗത്യത്തിൽ സഹായികളാകാനാണ് അവർ ത്യാഗങ്ങൾ ചെയ്തത്. മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയുടെ വേദന ഉള്ളതുകൊണ്ട് അവർ നബി(സ)തിരുമേനിയുടെ സത്യദാസന്റെ ജമാഅത്തിൽ ഭാഗഭാക്കാകുന്നതിനുവേണ്ടിയാണ് ത്യാഗങ്ങൾ സമർപ്പിച്ചത്. സന്മാർഗത്തിന്റെ സമ്പൂർത്തീകരണത്തിന് വേണ്ടിയായിരുന്നു അവർ അത് ചെയ്തത്. ഈ ത്യാഗങ്ങളുടെ ഉണർച്ച ജമാഅത്തംഗങ്ങൾക്ക് എങ്ങനെ അനുഭവപ്പെട്ടുവെന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നുശേഷം നിലനിന്നുവരുന്ന ഖിലാഫത്ത് വ്യവസ്ഥിതിയിലും അല്ലാഹു എല്ലാ കാലഘട്ടത്തിലും ത്യാഗം ചെയ്യുന്നവരെ പ്രദാനം നല്കിക്കൊണ്ടുപോകുന്നു. അവർ ത്യാഗങ്ങൾ ചെയ്തുകൊണ്ട് തങ്ങളുടെ ആവശ്യങ്ങൾ പിൻപുറംതള്ളി കൂടുതൽക്കൂടുതൽ ത്യാഗം ചെയ്യാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു. ഇതിൽ ആദ്യകാല അഹ്മദികളുമുണ്ട് പുതിയ അഹ്മദികളുമുണ്ട്. അവരുടെ ത്യാഗത്തിന്റെ ഉദാഹരണങ്ങളിൽ ചിലത് ഞാൻ കേൾപ്പിക്കുന്നതായിരിക്കും.

എന്തായാലും ഇന്നത്തെ ഈ ഖുത്ബ, ജനുവരി മാസത്തിലെ ആദ്യത്തെ ഖുത്ബയിൽ പൊതുവെ വഖ്ഫെ ജദീദിന്റെ പുതിയ വർഷത്തെ കുറിച്ചുള്ള വിളംബരമാണ് ഉണ്ടാകുക. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)1957-ൽ ഗ്രാമങ്ങളിൽ തർബ്വിയ്യത്തും തബ്ലീഗും ചെയ്യുന്നതിനുവേണ്ടി ആരംഭിച്ചതാണ് വഖ്ഫെ ജദീദ് പദ്ധതി. ഈ പദ്ധതി ആദ്യം പാകിസ്താനിൽ മാത്രമാണുണ്ടായിരുന്നത്. പിന്നീട് നാലാം ഖിലാഫത്തിൽ ഇത് വിപുലീകരിച്ച് എല്ലാ രാജ്യങ്ങളിലും വ്യാപിപ്പിച്ചു. വികസിത രാജ്യങ്ങളിൽ നിന്ന് ലഭിക്കുന്ന ഈ ചന്ദ ആഫ്രിക്കയിലെ രാജ്യങ്ങളിൽ തർബ്വിയത്തിനും തബ്ലീഗിനും ചെലവ് ചെയ്യണമെന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)നിർദേശിച്ചിരുന്നു. പൊതുവിൽ ഇതുവരെ ഇങ്ങനെ തന്നെയാണ് തുടർന്നുവരുന്നത്. ഈ ചന്ദ ആഫ്രിക്കയിലും മറ്റു ദരിദ്ര രാജ്യങ്ങളിലും ചെലവഴിക്കപ്പെടുന്നു. ജമാഅത്ത് സഹോദരങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെയധികം ആവേശത്തോടെ ഈ പദ്ധതിയിൽ പങ്കാളികളാകുന്നു. എന്നാൽ, വികസ്വര രാജ്യങ്ങളിലെ അഹ്മദികളും ഇതിൽ പങ്കാളികളാകുന്നുവെന്ന് മാത്രമല്ല പ്രത്യുത അവരുടെ സ്ഥിതിയും വരുമാനവുമനുസരിച്ച് അവരുടെ ത്യാഗങ്ങളും ശ്ലാഘനീയമാണ്. എന്നാൽ, ചെലവുകളധികവും സമ്പന്ന രാജ്യങ്ങളുടേയും വികസിത രാജ്യങ്ങളുടേയും ചന്ദകൾ മൂലമാണ് പൂർത്തിയാക്കപ്പെടുന്നത്. ഖുദ്സിയായ ഒരു ഹദീഥിൽ നബി(സ)തിരുമേനി ഇപ്രകാരം പറയുന്നു: “അല്ലയോ ആദം സന്തതിളേ! നീ നിന്റെ സമ്പത്ത് എന്നെ ഏൽപിച്ച് സംതൃപ്തി അടയുക, അഗ്നിക്കിരയാകുമെന്ന ഭയവും വെള്ളത്തിൽ മുങ്ങിപ്പോകുമെന്ന ഭയവും കളവ് പോകുമെന്ന ഭയവും നിങ്ങൾക്കുവേണ്ട. എന്റെ അടുത്ത് വെക്കപ്പെട്ട ഖജനാവ് നിനക്ക് ഏറ്റവും കൂടുതൽ ആവശ്യമുള്ള സമയത്ത് ഞാൻ നൽകുന്നതായിരിക്കും. എല്ലാ സ്ഥലങ്ങളിലും ത്യാഗം ചെയ്യുന്നവർ ഈ ഹദീഥിനെ പൂർണമായി മനസ്സിലാക്കിയവരാകുന്നു. (കൻസുൽഉമ്മാൽ വാല്യം 6, പേജ് 352, ഹദീഥ് നമ്പർ 16021, പ്രസാധനം മുഅസ്സസത്തുർരിസാല ബെയ്റുത്ത് 1985)

അല്ലാഹുവിന്റെ വഴിയിൽ ചെയ്ത ത്യാഗം ഈ ലോകത്ത് മാത്രമല്ല പ്രത്യുത മരിച്ചതിനുശേഷമുള്ള ജീവിതത്തിലും പ്രയോജനപ്പെടുന്നതായിരിക്കും. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: **വമാതുൻഫിഖൂ മിൻ ഖയ്രിൻ യുവഫ്ഫ ഇലയ്ക്കും വ അൻതും ലാ തുള്്ലമൂൻ** (2:273)

ഏതൊരു നല്ല മുതൽ നിങ്ങൾ ചെലവഴിക്കുന്നുവോ അതിന്റെ ഫലം നിങ്ങൾക്കുതന്നെയായിരിക്കും. ഒരിക്കലും നിങ്ങളോട് അനീതി ചെയ്യപ്പെടുന്നതല്ല. അല്ലാഹു വാഗ്ദാനം ചെയ്യുമ്പോൾ അത് പൂർത്തിയാക്കുകയും ചെയ്യുന്നു. പരലോകത്തും നിങ്ങൾ അല്ലാഹുവിന്റെ അനുഗ്രങ്ങളുടെ അവകാശികളാകും എന്ന ഉറച്ച വിശ്വാസം ഉണ്ടാകുന്നതിനുവേണ്ടി ഇഹലോകത്തും ഈ വാഗ്ദാന പൂർത്തീകരണത്തിന് മാതൃകകൾ അവൻ നമുക്ക് കാണിച്ച് തരുന്നതാണ്. ഭൗതിക സ്ഥാപനങ്ങളിൽ വ്യാപാരത്തിനുവേണ്ടി പണം നിക്ഷേപിച്ച് നഷ്ടം സംഭവിക്കുന്നത് പോലെയല്ല. അല്ലെങ്കിൽ കുറച്ച് കാലം ലാഭമുണ്ടാകുകയും അത് വെറും ഭൗതിക ലാഭം മാത്രമായിരിക്കുകയും, പിന്നീടുള്ള കാലത്തെ കുറിച്ച് ഒരു ഉറപ്പും ഇല്ലാതിരിക്കുന്നതുപോലെയുമല്ല. ഭൗതികമായ ചില വ്യാപാരങ്ങൾ കുറച്ചുകാലം ലാഭം നല്കുകയും പിന്നീട് അതിന്റെ നടത്തിപ്പുകാർതന്നെ അത് സ്വയം വിഴുങ്ങുകയും ചെയ്യുന്നതായാണ് കാണാറുള്ളത്. ഇതിൽ പണം നിക്ഷേപിച്ചിട്ടുള്ള പാവപ്പെട്ട ജനങ്ങളുടെ പണം വെള്ളത്തിലാകുന്നു. ജനങ്ങളുടെ ബില്യൺ കണക്കിന് ഡോളർ വെള്ളത്തിലായി എന്ന് വളരെയധികം കോലാഹലം ഇപ്പോൾ നടക്കുന്നുണ്ട്. അവർ ബിറ്റ്കോയിൻ (Bitcoin) അല്ലെങ്കിൽ ക്രിപ്റ്റോ കറൻസിയിൽ (Cryptocurrency) തങ്ങളുടെ പണം നിക്ഷേപിച്ചിരുന്നു. അതിന്റെ നടത്തിപ്പുകാർ തന്നെ അത് കൊള്ളയടിക്കുകയുണ്ടായി. എല്ലാം നഷ്ടപ്പെടുകയും ചെയ്തു. എന്തായാലും ബിറ്റ്കോയിൻ (Bitcoin) പോലെയുള്ള ഈ കച്ചവടം എന്നെ സംബന്ധിച്ചിടത്തോളം ഒരു തരത്തിലുള്ള ചൂതാട്ടമാകുന്നു.

പക്ഷേ, എന്തായാലും അല്ലാഹു തനിക്കുവേണ്ടി ത്യാഗം ചെയ്യുന്നവനെ അനുഗ്രഹിക്കുന്നു എന്നതിന്റെ വളരെ അത്ഭുതകരമായ കാഴ്ചകളാണുള്ളത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇതിന്റെ ചില സംഭവങ്ങൾ കേൾപ്പിക്കുന്നതായിരിക്കും. ഈ സംഭവങ്ങളുമായി ബന്ധപെട്ടവർ ഭൗതികമായ പ്രയോജനമുൾക്കൊള്ളുന്നതോടൊപ്പം അവരുടെ ഈമാനിലും വർധന ഉണ്ടാകുന്നു.

ലൈബീരിയയിലെ ഒരു സംഭവമുണ്ട്. ബൂമികൗണ്ടി എന്ന സ്ഥലത്തെ മുഅല്ലിം പറയുന്നു: വഖ്ഫെ ജദീദിന്റെ ചന്ദ പിരിക്കുന്നതിന് നവഅഹ്മദികളുടെ ഒരു ജമാഅത്തായ ഫോമ്പ(Fomba)യിൽ ഞാൻ പോയി. തദ്ദേശ ഇമാമുമായി കൂടിക്കാഴ്ച നടത്തിയതിനുശേഷം പൊതുയോഗം നടത്തി. അതിൽ ഗ്രാമത്തിലെ ഭൂരിഭാഗമാളുകളും പങ്കെടുത്തു. അവരോടു വഖ്ഫെജദീദിന്റെ പ്രാധാന്യത്തെ കുറിച്ചും അനുഗ്രഹങ്ങളെ കുറിച്ചും വിവരിച്ചു. പ്രോഗ്രാമിനുശേഷം വ്യക്തിപരമായി ജമാഅത്ത് സഹോദരങ്ങളുടെ വീടുകളിലുംപോയി ചന്ദ വസൂൽ ചെയ്യുകയുണ്ടായി. ഒരു ഖാദിം ഈ സമയത്ത് തന്റെ വീട്ടിൽ പോയി. അദ്ദേഹത്തിന്റെ വീട്ടിൽ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. ഇപ്പോൾ പണം ഇല്ലെന്നും പിന്നീടെപ്പോഴെങ്കിലും ചന്ദ നൽകാമെന്നും അദ്ദേഹത്തിന്റെ പിതാവ് ക്ഷമാപണം നടത്തി. പറയുന്നു: ഞങ്ങൾ തിരിച്ചു വന്നു. കുറച്ചു സമയത്തിനുശേഷം പ്രസ്തുത ഖാദിം ഓടിവന്നു പറഞ്ഞു: ‘ഈ 250 ലൈബീരിയൻ ഡോളർ എന്റെ പിതാവ് എനിക്ക് സ്കൂൾ ഫീസിനുവേണ്ടി തന്നതാണ്. ഇത് ഞാൻ ചന്ദയിൽ നൽകുകയാണ്. അങ്ങനെ ഞങ്ങളും ഈ പദ്ധതിയിൽനിന്ന് ഒഴിവാകാതിരിക്കട്ടെ.’ പറയുന്നു: ‘കുറച്ചു ദിവസത്തിനുശേഷം ഈ ഖാദിം എന്റെ സെന്ററിൽ വന്നു പറഞ്ഞു: ‘താങ്കൾ പോയതിനു രണ്ടു ദിവസത്തിനുശേഷം എനിക്ക് ഒരു സന്ദേശം കിട്ടി. എന്റെ ഒരു ബന്ധു എന്റെ സ്കൂൾ ആവശ്യങ്ങൾക്കുവേണ്ടി 2500 ലൈബീരിയൻ ഡോളർ അയച്ചിരിക്കുന്നു. അതുകൊണ്ട് ഞാൻ എന്റെ ഫീസും കൊടുത്തു. എനിക്ക് അത്യാവശ്യമുള്ള സാധനങ്ങളും വാങ്ങി.’ പറയുന്നു: ‘അല്ലാഹു എനിക്ക് എന്റെ ത്യാഗത്തിന്റെ പത്തിരട്ടി നൽകുകയുണ്ടായി.’

ഇങ്ങനെ അല്ലാഹു ഹൃദയങ്ങളിൽ വിശ്വാസവും ദൃഢബോധ്യവുമുണ്ടാക്കുന്നു. ഇവിടെ അനുഗ്രഹിച്ച അല്ലാഹു അടുത്ത ലോകത്തും തന്റെ വാഗ്ദാനം പൂർത്തിയാക്കുന്നതാണ്. ഈ കണക്കുകളെല്ലാം അവൻ സ്വരുക്കൂട്ടുകയും ചെയ്യുന്നു.

ഗിനികൊണാക്രി(Guinea Conakry)യിലെ ഒരു സംഭവമുണ്ട്. മൻസായ(Mansaya) അവിടെയുള്ള ഒരു റീജ്യണിലെ ജമാഅത്താകുന്നു. അവിടുത്തെ മിഷണറി പറയുന്നു: ‘വഖ്ഫെ ജദീദിന്റെ ദശദിനം ആചരിക്കുകയായിരുന്നു. ജമാഅത്തംഗങ്ങളോട് മസ്ജിദിലും വഖ്ഫെ ജദീദ് ചന്ദയുടെ പ്രാധാന്യത്തെയും അനുഗ്രഹത്തെയും കുറിച്ച് പറഞ്ഞുകൊണ്ട് ഈ പരിശുദ്ധ പദ്ധതിയിൽ പങ്കാളികളാകാൻ ശ്രദ്ധ ക്ഷണിക്കുകയുണ്ടായി. ഗ്രാമത്തിലെ മസ്ജിദിലെ ഇമാം അബൂബക്ർ കുമാറാ സാഹിബ് ഈ അടുത്ത കാലത്താണ് അഹ്മദിയായത്. അദ്ദേഹം പറഞ്ഞു: “ആദ്യം ഞാൻ ചന്ദ കൊടുക്കുന്നതാണ്. കാരണം നമ്മൾ മറ്റുള്ളവർക്ക് മാതൃകയാകണം.” ഇങ്ങനെയും സാഹചര്യങ്ങളുണ്ട്. അല്ലാതെ സ്വയം ഇത്തരം ആഹ്വനങ്ങളിൽ പങ്കെടുക്കാതെ മറ്റുള്ളവരോട് പറയുകയല്ല വേണ്ടത്. പറയുന്നു; നമുക്ക് നമ്മെ ആദ്യം ഉണർത്തണം. അങ്ങനെ അദ്ദേഹം തന്റെ കീശയിലുണ്ടായിരുന്ന പതിനായിരം ഫ്രാങ്ക് ഗിനി ചന്ദയിൽ കൊടുത്തു. പിന്നെ അദ്ദേഹം കൂടിക്കാഴ്ചക്കുവേണ്ടി വന്നിരുന്നു. അപ്പോൾ പറഞ്ഞു: ‘ആ സമയത്ത് ഞാൻ ചന്ദ നൽകുകയുണ്ടായി. എന്നാൽ, കുറച്ച് കഴിഞ്ഞപ്പോൾത്തന്നെ എന്റെ ഒരു സുഹൃത്ത് പതിനഞ്ചു ലക്ഷം ഫ്രാങ്ക് ഉപഹാരമായി അയച്ചു. അദ്ദേഹം പറയുന്നു: എന്റെ ത്യാഗത്തിന്റെ ഫലമായിട്ടാണ് അല്ലാഹു എനിക്ക് ഇതു നൽകിയതെന്ന് ഞാൻ ന്യായമായും മനസ്സിലാക്കുന്നു. അദ്ദേഹം പറഞ്ഞു: “ഇനി ഞാൻ നേരത്തേതിലും അധികം കൃത്യമായി ചന്ദകളിൽ പങ്കെടുക്കുന്നതാണ്.” ഇങ്ങനെയാണ് അല്ലാഹു നവ അഹ്മദികളോടു പെരുമാറുന്നത്. തന്റെ മാർഗത്തിൽ ചെലവഴിക്കുയാണെങ്കിൽ ഈ ലോകത്തും താൻ അനുഗ്രഹിക്കുന്നതാണെന്ന് അല്ലാഹു പറയുന്നു. ഭാവിയിലേക്കുള്ള വാഗ്ദാനവും ഇൻശാ അല്ലാഹ് അവൻ പൂർത്തിയാക്കുന്നതാണ്.

കാമറോണിലെ മുഅല്ലിം എഴുതുന്നു: “ഒരു യുവാവ് എന്നോടൊപ്പം തഹ്രീക്കെ ജദീദിന്റെ ചന്ദ വാങ്ങുന്നതിന് ഗ്രാമങ്ങളിൽ വന്നിരുന്നു. ജോലി ഒന്നുമുണ്ടായിരുന്നില്ല. അതുകൊണ്ട് തഹ്രീക്കെ ജദീദിന്റെ ചന്ദയിൽ കേവലം ആയിരം ഫ്രാങ്ക് സീഎഫ് യാണ് ചന്ദയായി നൽകിയത്. എന്നിട്ടു പറഞ്ഞു: ‘ദുആ ചെയ്താലും. എനിക്ക് ജോലി കിട്ടുകയാണെങ്കിൽ ഞാൻ ഇനിയും നൽകുന്നതാണ്.’ മുഅല്ലിം പറഞ്ഞു: ‘ശരി ഞാൻ ദുആ ചെയ്യാം. നിങ്ങളും നിങ്ങളുടെ ജോലിക്കു വേണ്ടി ദുആ ചെയ്ത് കൊണ്ടിരിക്കുക.’ അല്ലാഹു കുറച്ചു കാലത്തിനകംതന്നെ അയാളുടെ ദുആ സ്വീകരിച്ചു. ഒരു മാസത്തിനു ശേഷം UNO യുടെ ഒരു സംഘടനക്കു കീഴിൽ ഡ്രൈവറായി അദ്ദേഹത്തിന് ജോലി ലഭിച്ചു. അങ്ങനെ അദ്ദേഹം വഖ്ഫെ ജദീദിന്റെ വാഗ്ദാനത്തിൽ പതിനായിരം ഫ്രാങ്ക് സീഎഫ് ചന്ദ കൊടുത്തു. പറയുന്നു: ‘ഞാൻ പ്രയാസമുള്ള കാലഘട്ടത്തിൽ കൊടുത്തതിന് പകരമായി അല്ലാഹു എന്റെ വരുമാനത്തിൽ വർധന നൽകി.

ടാൻസാനിയായിലെ അമീർ സാഹിബ് എഴുതുന്നു: ‘ഒരു ജമാഅത്തിലെ സ്ത്രീ പറയുന്നു, ഒരു ദിവസം അവർ വീട്ടു സാധനങ്ങൾ വാങ്ങാൻ ചന്തയിലേക്ക് പോകുകയായിരുന്നു. വഴിയിൽ മുഅല്ലിമിനെ കണ്ടുമുട്ടി. അദ്ദേഹം വഖ്ഫെ ജദീദിനെ കുറിച്ച് പറയുകയും ചന്ദ കൊടുക്കാൻ ശ്രദ്ധ ക്ഷണിക്കുകയും ചെയ്തു, ഞാൻ അദ്ദേഹത്തോട് പറഞ്ഞു: ‘എന്റെ കൈയിൽ ഇപ്പോൾ രണ്ടായിരം ഷില്ലിംഗ് മാത്രമേ ഉള്ളു. ചന്തയിൽനിന്ന് സാധനങ്ങൾ വാങ്ങാൻ പോകുകയാണ്. ആയിരം ഷില്ലിംഗ് ചന്ദ കൊടുത്തു. ബാക്കി ആയിരംകൊണ്ട് സാധനങ്ങൾ വാങ്ങാമെന്ന് നിശ്ചയിച്ചു. അവർ പറയുകയാണ്, ഒരു സ്ത്രീ എന്നെ പിന്നിൽനിന്ന് വിളിക്കുന്നുണ്ടായിരുന്നു. അവർ കുറച്ചു കാലം മുമ്പേ എന്നിൽ നിന്ന് 5000 ഷില്ലിംഗ് വാങ്ങിയിരുന്നു, നീണ്ട കാലം ആയിട്ടുണ്ടായിരുന്നു. അത് തിരിച്ചു കിട്ടുമെന്ന് എനിക്ക് പ്രതീക്ഷ ഇല്ലാതായിരുന്നു. ആ സ്ത്രീ എന്നെ വിളിച്ച് അയ്യായിരം ഷില്ലിംഗ് എനിക്ക് തന്നുകൊണ്ട് പറഞ്ഞു, ഇത് നിങ്ങൾക്ക് തിരിച്ച് തരാനുള്ള കടമാണ്. അങ്ങനെ ആ സ്ത്രീ വീണ്ടും മുഅല്ലിമിന്റെ അടുത്തെത്തി പറഞ്ഞു. ഇത് ചന്ദയുടെ അനുഗ്രഹം കൊണ്ട് അല്ലാഹു എനിക്ക് നൽകിയതാണ്. അങ്ങനെ ആയിരം ഷില്ലിംഗ് കൂടി ചന്ദയിൽ കൊടുക്കുകയുണ്ടായി.

ലൈബീരിയായിൽനിന്ന് മുഅല്ലിം എഴുതുന്നു: ‘അവിടെ കാണ്ട എന്ന സ്ഥലത്ത് ജമാഅത്തുണ്ട്.

അവിടെയുള്ള ആഇശാ സാഹിബയുടെ വീട്ടിൽ പോയി. വഖ്ഫെ ജദീദിന്റെ ചന്ദയിൽ പങ്കെടുക്കാൻ ഓർമപ്പെടുത്തുകയുണ്ടായി. അവർ പറഞ്ഞു: 'ഇപ്പോൾ എന്റെ കൈയിൽ ഒന്നുമില്ല. നിങ്ങൾ കുറച്ച് നേരം നിൽക്കുക. ഞാൻ എന്തെങ്കിലും സംവിധാനം, ചെയ്യാം. എന്റെ വീട്ടിൽ നിന്ന് വെറും കൈയോടെ പോകരുത്. ആരും വെറുംകൈയോടെ പോകരുതെന്നാണ് അവരുടെ ചിന്ത. അങ്ങനെ അവർ വേഗം തന്നെ ആരുടെയോ കൈയിൽനിന്ന് നൂറു ലൈബീരിയൻ ഡോളർ കടം വാങ്ങി ചന്ദ കൊടുത്തു. മുഅല്ലിം പറയുന്നു: ഞാൻ അവരുടെ വീട്ടിൽത്തന്നെ ഇരിക്കുകയായിരുന്നു. ആ സ്ത്രീയുടെ ഫോണിൽ ഒരു മെസ്സേജ് വന്നു. ആരോ അവരുടെ അക്കൗണ്ടിലേക്ക് കുറച്ചു പണം ട്രാൻസ്ഫർ ചെയ്തിരിക്കുന്നു. അവർ പറയുകയാണ്. ഇപ്പോൾ ഞാൻ നൂറു ലൈബീരിയൻ ഡോളർ ചന്ദ നൽകിയപ്പോൾത്തന്നെ അല്ലാഹു അതിന് പകരം എനിക്ക് നൽകുകയുണ്ടായി.

ഗിനി-കൊണാക്രിയിലെ മുബല്ലിഗ് സാഹിബ് എഴുതുന്നു: സയീദ് ഔബ സാഹിബ് ജമാഅത്തിലെ ഒരു മെമ്പറാണ്. ജോലി ഒന്നും ഇല്ലായിരുന്നു. മൈനിങ് കമ്പനിയിൽ അപേക്ഷകൾ കൊടുത്തുകൊണ്ടിരുന്നു. പക്ഷേ, ഒരു പ്രതീക്ഷയും ഉണ്ടായിരുന്നില്ല. വഖ്ഫെ ജദീദിന്റെ ദശദിനം ആചരിക്കുമ്പോൾ ചന്ദ കൊടുക്കുന്നതിനു ആവശ്യപ്പെട്ടു. അദ്ദേഹം പറഞ്ഞു: 'എനിക്ക് ജോലിയൊന്നും ഇല്ല. കൂടുതലൊന്നും എനിക്ക് തരാൻ കഴിയില്ല. അദ്ദേഹം കീശയിൽ കൈയിട്ട് അയ്യായിരം ഫ്രാങ്ക് എടുത്ത് ചന്ദ കൊടുത്തുകൊണ്ട് പറഞ്ഞു. ഇപ്പോൾ എന്റെ പക്കൽ ഇത്രയും തുക മാത്രമേ ഉള്ളൂ. അദ്ദേഹം പറയുന്നു: 'ചന്ദ കൊടുത്തതിന് അഞ്ചു ദിവസത്തിനുശേഷം അദ്ദേഹത്തിന് വേറൊരു മൈനിങ് കമ്പനിയിൽനിന്ന് ജോലിക്കുള്ള ഓഫർ വന്നു. അതിലദ്ദേഹം അപേക്ഷ ഒന്നും കൊടുത്തിരുന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഞ്ചു ലക്ഷം ഫ്രാങ്ക് മാസവരുമാനത്തിൽ ജോലി ലഭിച്ചു. പറയുന്നു: അല്ലാഹുവിന്റെ മാർഗത്തിൽ ഞാൻ നിസ്സാരമായി ത്യാഗം ചെയ്തപ്പോൾ അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് എത്രയോ ഇരട്ടിയാക്കി എനിക്ക് നൽകുകയുണ്ടായി.

നൈജീരിയായിലെ മുബല്ലിഗ് എഴുതുന്നു. കാനൂ സ്റ്റേറ്റിലെ ഒരു അഹ്മദിയാണ് നാസിർ സാഹിബ്. പറയുന്നു: 'അദ്ദേഹം മൂന്ന് വർഷമായി ജോലി ഇല്ലാതെ അസ്വസ്ഥനായിരുന്നു. പറയുകയാണ്. തന്റെ കഴിവനുസരിച്ച് എന്തുകൊണ്ട് ചന്ദ കൊടുത്തുകൂടാ എന്നെനിക്ക് തോന്നി. അങ്ങനെ കഴിവ് അനുസരിച്ച് ചന്ദ കൊടുക്കാനും തുടങ്ങി. ജോലി ഇല്ലാത്തതുകൊണ്ട് ചന്ദ നിറുത്തി വെച്ചതായിരുന്നു. പറയുകയാണ്. അദ്ദേഹം കഴിവനുസരിച്ച് ചന്ദ കൊടുത്തു തുടങ്ങി. കഴിഞ്ഞ വർഷം ജൂൺ മുതലാണ് ചന്ദ കൊടുക്കാൻ തുടങ്ങിയത്. മുറബ്ബി സാഹിബിനോടു അദ്ദേഹം പറയുന്നു: 'മൂന്ന് മാസം കഴിഞ്ഞതേ ഉണ്ടായിരുന്നുള്ളൂ. എന്നെ ഒരു സുഹൃത്ത് ബന്ധപ്പെടുകയും മാർക്കറ്റിംഗിൽ ഒരു ജോലി ഉണ്ടെന്ന് അറിയിക്കുകയും ചെയ്തു. അങ്ങനെ ആ കമ്പനി എന്നെ എടുക്കുകയും ചെയ്തു. ഇത് ആ കമ്പനിയുടെ രീതിയിലുള്ള ആദ്യത്തെ കോൺട്രാക്ട് ആയിരുന്നു. ഇത്രയും കാലത്തിനുശേഷം എനിക്ക് ജോലി കിട്ടിയത് ചന്ദയുടെ അനുഗ്രഹമാണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

സെൻട്രൽ ആഫ്രിക്കയിലെ മുബല്ലിഗ് എഴുതുന്നു: നവ അഹ്മദികളിൽ ഒരു ജിബ്രീൽ സാഹിബ് ഉണ്ട്. അദ്ദേഹം പറയുകയാണ്: കഴിഞ്ഞ വർഷം ഞാൻ ജമാഅത്തിൽ ചേർന്നതുമുതൽ എന്റെ സ്വഭാവത്തിലും ആത്മീയതയിലും മാറ്റങ്ങൾ വന്നു തുടങ്ങി. ഇതും ചിന്തിക്കേണ്ട കാര്യമാണ്. ജമാഅത്തിൽ ചേരുക മാത്രമല്ല. തീർച്ചയായും അദ്ദേഹം ദുആയും ചെയ്തിട്ടുണ്ടാകും. തന്റെ അവസ്ഥകൾ മാറ്റാൻ ശ്രമിച്ചിട്ടുമുണ്ടാകും. അല്ലാഹു അനുഗ്രഹിക്കുകയും അത് അദ്ദേഹത്തിന് ബോധ്യമാവുകയും ചെയ്തു. പറയുന്നു: എന്റെ ആത്മീയതയിലും സ്വഭാവത്തിലും മാറ്റങ്ങൾ വന്നു തുടങ്ങി. തുടർന്ന് പറയുകയാണ്: ഒരു ദിവസം മുബല്ലിഗ് സാഹിബ് വഖ്ഫെ ജദീദ് ചന്ദയെ കുറിച്ച് ആഹ്വാനം ചെയ്തു. വർഷം അവസാനിക്കുകയാണ്. ചന്ദ കൊടുക്കേണ്ടതാണ്. കുറച്ചെങ്കിലും കൊടുക്കണം. അദ്ദേഹം പറയുന്നു: ഞാൻ ചന്ദക്കുള്ള റെസീറ്റ് മുറിക്കാൻ പറഞ്ഞു. ആ സമയം മുതൽ ഇന്നുവരെ എന്റെ ജോലിയിൽ അനുഗ്രഹങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹമുണ്ടായി,. എനിക്കിപ്പോൾ ജോലിയിൽനിന്ന് ഒഴിഞ്ഞിരിക്കാൻ കഴിയുന്നില്ല. പണ്ട് ദിവസങ്ങളോളം സാധനങ്ങൾ ആരും വാങ്ങാൻ വന്നിരുന്നില്ല. ഇപ്പോൾ ദിനേന വന്നു കൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ നല്ല തുക സമ്പാദിച്ചു കൊണ്ടിരിക്കുന്നു. അതെ കുറിച്ച് നേരത്തെ എനിക്ക് ചിന്തിക്കാൻ പോലും കഴിഞ്ഞിരുന്നില്ല.

ടോംഗോയിലുള്ള മുബല്ലിഗ് ആരിഫ് സാഹിബ് എഴുതുന്നു: കാനാ റീജ്യണിലുള്ള അവാക്കാജി സാഹിബ് പറയുന്നു. എന്റെ സാമ്പത്തികാവസ്ഥ നന്നായിരുന്നില്ല. വഖ്ഫെ ജദീദിന്റെ അവസാന മാസം ആയിട്ടുണ്ട്. വാഗ്ദാനം എങ്ങനെ പൂർത്തീകരിക്കും എന്നതായിരുന്നു ആശങ്ക. പിന്നെ ഞാൻ ചിന്തിച്ചു. വീട്ടിൽ ഒരു ആട്ടിൻകുട്ടിയുണ്ട്. ഞാൻ മറ്റൊരു ഉദ്ദേശത്തിനുവേണ്ടി വെച്ചതായിരുന്നു. അതിനെ വിറ്റ് ചന്ദ കൊടുക്കാം എന്ന് കരുതി. വീട്ടിൽ ആ ഒരു വസ്തു മാത്രമേ ഉള്ളൂ. അത് വിറ്റ് കൊടുക്കാം. പറയുന്നു: 'ഞാൻ നിയ്യത്ത് ചെയ്തിട്ടേ ഉണ്ടായിരുന്നുള്ളൂ. ഒരു ദിവസം മിഷണറി സാഹിബ് ചന്ദ വാങ്ങാൻ വന്നു. ഒരു സുഹൃത്ത് എന്നിൽനിന്ന് കുറച്ചു പണം കടം വാങ്ങിയിട്ടുണ്ടായിരുന്നു. അത് തിരിച്ച് കിട്ടുമെന്ന് എനിക്ക് പ്രതീക്ഷ ഇല്ലായിരുന്നു. അതെ ദിവസം അതെ സമയത്തുതന്നെ അയാൾ ആ പണം തിരിച്ച് തരാൻ വന്നു. അങ്ങനെ ഞാൻ ആ മുഴുവൻ പണവും വഖ്ഫെ ജദീദിൽ കൊടുത്തു. ഇങ്ങനെ അല്ലാഹു അദൃശ്യത്തിൽനിന്ന് എന്നെ സഹായിച്ചു. നന്മക്കുവേണ്ടി തീരുമാനമെടുത്തപ്പോൾ അത് പ്രാവർത്തികമാക്കുന്നതിന് മുമ്പേ അല്ലാഹു സംവിധാനമൊരുക്കി. പ്രിയപ്പെട്ട സാധനം ത്യജിക്കുന്നതിന് വേണ്ടി ആഗ്രഹിച്ചപ്പോൾ അതിന് മുമ്പേതന്നെ അല്ലാഹു അനുഗ്രഹിച്ചു. കാരണം ഹൃദയങ്ങളുടെ അവസ്ഥ അവൻ നല്ലപോലെ അറിയുന്നു.

മാർഷൽ ഐലൻഡിലുള്ള സാജിദ് ഇഖ്ബാൽ സാഹിബ് പറയുന്നു: ഇവിടെ ലോറീൻ സാഹിബ എന്നൊരു സ്ത്രീയുണ്ട്. അവർ പറയുന്നു: സാമ്പത്തിക ത്യാഗം കാരണം അല്ലാഹു എനിക്കും എന്റെ കുടുംബത്തിനുംമേൽ വലിയ അനുഗ്രഹമാണ് ചെയ്തിട്ടുള്ളത്. ആദ്യമൊന്നും ധനത്യാഗത്തിൽ പങ്കെടുത്തിരുന്നില്ല. കാരണം അല്ലാഹു ത്യാഗത്തിനു പ്രതിഫലം നൽകുമെന്ന് ഉറപ്പുണ്ടായിരുന്നില്ല. പണത്തിന്റെ കുറവുമുണ്ടായിരുന്നു. ഭക്ഷണ സാധനങ്ങൾ വാങ്ങുന്നതിനുപോലും പണമില്ലായിരുന്നു. വീട്ടിലെ ചെലവുകൾ നിറവേറ്റാൻതന്നെ വളരെ പ്രയാസത്തിലായിരുന്നു. എന്നാൽ, മസ്ജിദിൽ സാമ്പത്തിക ത്യാഗത്തിന്റെ അനുഗ്രഹങ്ങളെ കുറിച്ച് ഖുത്ബ കേട്ടപ്പോൾ അതിൽ ഭാഗഭാക്കാകണമെന്ന ചിന്തയുണ്ടായി. അങ്ങനെ ഞങ്ങൾ ത്യാഗം ചെയ്യാൻ ചന്ദ കൊടുക്കാൻ തുടങ്ങി. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വീട്ടുചെലവുകൾ നടന്നുപോകുന്നു. അന്നപാനീയങ്ങൾക്ക് ഒരിക്കലും പ്രയാസം ഉണ്ടാകുന്നില്ല. ഞങ്ങൾക്ക് ചിന്തിക്കാൻപോലും കഴിയാത്ത ഇടങ്ങളിൽനിന്നും പലപ്പോഴും പണം വന്നുകൊണ്ടിരിക്കുന്നു. എത്ര ഞങ്ങൾ കൊടുത്താലും അല്ലാഹു അത്രയും വർധിപ്പിച്ചുതരുന്നു. അല്ലാഹു നവ അഹമദികളോടും അവരുടെ വിശ്വാസം സുദൃഢമാക്കാൻ ഇങ്ങനെ പെരുമാറുന്നു.

ഇന്ത്യയിലെ വഖ്ഫെ ജദീദ് ഇൻസ്പെക്ടർ സാഹിബ് പറയുന്നു: തമിഴ് നാട്ടിലെ മേലപ്പാളയം ജമാഅത്തിൽ വഖ്ഫെ ജദീദിന്റെ ബജറ്റും പിരിവുമായി ബന്ധപ്പെട്ട് പോയപ്പോൾ അവിടെയുള്ള ആത്മാർഥനായ ഒരു അഹ്മദിയുമായി കണ്ടുമുട്ടി. അദ്ദേഹം പറഞ്ഞു: എനിക്ക് 2014-ലാണ് ബയ്അത്ത് ചെയ്ത് അഹ്മദിയ്യ ജമാഅത്തിൽ ചേരാൻ തൗഫീഖ് ലഭിച്ചത്. ഈ നവഅഹ്മദി, അല്ല ഇപ്പോൾ നവാഗതനല്ല. ഏതായാലും ആ അഹ്മദി പറയുന്നു: ഞാൻ ബയ്അത്ത് ചെയ്ത നേരത്ത് എന്റെ വഖ്ഫെ ജദീദ് ചന്ദ നാലായിരം രൂപ എഴുതിച്ചിട്ടുണ്ടായിരുന്നു. കാരണം അന്ന് അത്ര മാത്രമേ സാഹചര്യമുണ്ടായിരുന്നുള്ളൂ. അതിനു ശേഷം ഓരോ വർഷവും തൗഫീഖ് അനുസരിച്ച് വർധിപ്പിച്ചു കൊണ്ടിരുന്നു. അല്ലാഹുവും അതു കാരണം കച്ചവടത്തിൽ പ്രകടമായ പുരോഗതിയും തന്നുകൊണ്ടിരുന്നു. കുറച്ച് കാലത്തിനകം തന്നെ വീട്ടിലെ മറ്റു അംഗങ്ങളും ബയ്അത്തു ചെയ്തു. അദ്ദേഹം പറയുന്നു: അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് എന്റെ വഖ്ഫെ ജദീദിന്റെ ചന്ദ അഞ്ചുലക്ഷം രൂപയായിരിക്കുന്നു. കഴിഞ്ഞ വർഷം റമളാൻ മാസത്തിൽ തന്റെ അഞ്ചു ലക്ഷവും പൂർണമായും അടയ്ക്കുകയുണ്ടായി. അദ്ദേഹം പറയുന്നു: ലോക്ഡൗണായിട്ടും എന്റെ ചന്ദകളുടെ അനുഗ്രഹത്താൽ കച്ചവടത്തിൽ എനിക്ക് നഷ്ടമൊന്നും വന്നില്ലെന്ന് മാത്രമല്ല കൂടുതൽ വർധിക്കുകയാണ് ചെയ്തത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ കച്ചവടം ഇന്ത്യയിൽ നിന്ന് പുറത്ത് തായ്ലാൻഡിലേക്കും വ്യാപിച്ചിരിക്കുന്നു. പറയുന്നു: ഇതെല്ലാം ചന്ദ യുടെ അനുഗ്രഹങ്ങളാണ്. ഇതാണ് അല്ലാഹുവിന്റെ അനുഗ്രഹം. ഇത് ചൂതാട്ടം പോലെയുള്ള കച്ചവടമല്ല. പണം ഇറക്കുകയും പരിശ്രമിക്കുകയും കച്ചവടം ചെയ്യുകയും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുകയും ചെയ്തപ്പോൾ അല്ലാഹു അത് പല മടങ്ങായി വർധിപ്പിച്ചു കൊടുക്കുകയാണ് ചെയ്തത്.

ഇന്ത്യയിലുള്ള മറ്റൊരു സംഭവം കൂടിയുണ്ട്. അവിടെയുള്ള മുബല്ലിഗ് എഴുതുന്നു: കേരളത്തിലെ മലപ്പുറത്ത് നാളിം സാഹിബ് മാലും വഖ്ഫെ ജദീദ് ഇൻസ്പെക്ടർ സാഹിബും സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ പര്യടനത്തിന് വന്നതായിരുന്നു. ഞങ്ങളുടെ പ്രദേശത്തും അവർ വന്നു. അവിടെ ഒരു ആത്മാർഥനായ അഹ്മദിയുടെ ഫോൺ വന്നു. റഹ്മാൻ സാഹിബ് ആദ്യം തന്റെ കമ്പനിയിൽ വരാൻ പറഞ്ഞു. ഞാനൊരു കമ്പനി തുടങ്ങിയിട്ടുണ്ട്. അതിന് ഒരു പുതിയ ശാഖാ ഉണ്ടാക്കിയിരിക്കുന്നു. അവിടെ ദുആ ചെയ്യണം. അവിടെ പോയപ്പോൾ അദ്ദേഹം ചോദിക്കാതെ തന്നെ പത്തുലക്ഷം രൂപയുടെ ചെക്ക് തന്നു. കൂടാതെ പര്യടനത്തിനുവേണ്ടി തന്റെ വലിയ വാഹനം പെട്രോളെല്ലാമൊഴിച്ച് നൽകുകയുണ്ടായി, അവർ പറഞ്ഞു: 'ഞങ്ങൾക്ക് ചെറിയ വണ്ടി മതി.' ഇതുകേട്ട അദ്ദേഹം പറഞ്ഞു: അല്ല. കേന്ദ്രപ്രതിനിധികൾക്ക് നല്ല വണ്ടിതന്നെ വേണം. നിങ്ങൾക്ക് സൗകര്യമായി യാത്ര ചെയ്യാൻ കഴിയും.' അദ്ദേഹം പറയുന്നു: 'ഈ തുക ഞാൻ എന്റെ ഒരു പ്രോപ്പർട്ടി രജിസ്റ്റർ ചെയ്യാൻ വെച്ചതായിരുന്നു. പക്ഷേ, നിങ്ങൾ വന്നപ്പോൾ വഖ്ഫെ ജദീദിൽ കൊടുക്കുകയാണ്. രജിസ്ട്രേഷന്റെ തിയതി മുന്നോട്ട് ആക്കിയിട്ടുണ്ട്. കുറച്ചു ദിവസത്തിനുശേഷം അദ്ദേഹം പറയുന്നു: 'ഒരു വലിയ തുക കാര്യമായ പരിശ്രമങ്ങളൊന്നും കൂടാതെ തന്നെ ലഭിക്കുകയുണ്ടായി.' അത് അദ്ദേഹത്തിന്റെ ആവശ്യത്തേക്കാളും എത്രയോ അധികമായിരുന്നു. പത്ത് ലക്ഷത്തെക്കാളും എത്രയോ വലിയ തുക ആയിരുന്നു.

മൗറീഷ്യസിലെ ഒരു സ്ത്രീ മിസ് ശബരീസ് സാഹിബ പറയുന്നു: എനിക്ക് എന്റെ മാതാപിതാക്കൾ ജന്മദിന സമ്മാനമായി ഒരു തുക നൽകിയിരുന്നു. ഞാൻ വഖ്ഫെ ജദീദിനും തഹ്രീകെ ജദീദിനും അഞ്ഞൂറ് രൂപ വീതം കൊടുക്കാൻ തീരുമാനിക്കുകയും അത് ഒരു കവറിലിട്ട് വെക്കുകയും ചെയ്തിരുന്നു. ആ നേരത്ത് ഞാൻ രോഗബാധിതയായി കഴിയുകയായിരുന്നു. അപ്പോൾ എന്റെ ഒരു എളാപ്പയും കസിൻ സഹോദരനും എന്നെ കാണാൻ വരുകയും രണ്ടു പേരും എനിക്ക് ഓരോ കവർ നല്കുകയും ചെയ്തു. ഓരോ കവറിലും അയ്യായിരം രൂപ വീതമുണ്ടായിരുന്നു. അത് കണ്ടപ്പോൾ ഞാൻ ആശ്ചര്യപ്പെട്ടു പോയി. അല്ലാഹു എനിക്ക് പത്ത് മടങ്ങിലധികം ഉപഹാരം നൽകിയിരിക്കുന്നു.

ജോർജിയ ജമാഅത്തിന്റെ സദ്ർ പറയുന്നു: അവിടെ മുഹമ്മദ് അബൂ ഹമ്മാദ് സാഹിബുണ്ട്. ഫലസ്തീനുമായി ബന്ധപ്പെട്ടയാളാണ്. ജോർജിയയിൽ മെഡിക്കൽ വിദ്യാർഥിയായി പഠിക്കുന്നു. മൂന്ന് വർഷം മുമ്പേയാണ് അദ്ദേഹം ബയ്അത്ത് ചെയ്തത്. ജമാഅത്തിൽ അല്ലാഹുവിന്റെ മാർഗത്തിൽ

ചെലവ് ചെയ്യുന്നതിനെ സംബന്ധിച്ച് വഖ്ഫെ ജദീദിന്റെ ദശദിന സെമിനാർ സംഘടിപ്പിച്ചിരുന്നു. അദ്ദേഹം പറയുന്നു: ആ സമയത്ത് എന്റെ കൈയിൽ ഏകദേശം മുന്നൂറ് ഡോളറുണ്ടായിരുന്നു. ഞാൻ അതിന്റെ പകുതി വഖ്ഫെ ജദീദിന് കൊടുക്കാമെന്ന് തീരുമാനിച്ചു. കാരണം *ഖദ് അഫ്‌ലഹ മൻ സക്കാഹാ*. പരിശുദ്ധി ആർജിച്ചവൻ വിജയിച്ചു എന്നെനിക്ക് ഓർമ വന്നു. അങ്ങനെ ചന്ദ കൊടുത്തതിനും മറ്റു ചെലവുകൾക്കുംശേഷം മാസാവസാനത്തിൽ എന്റെ ബാങ്ക് അക്കൗണ്ടിൽ വെറും രണ്ടു ഡോളർ മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഡിസംബറിന്റെ അവസാനത്തിൽ ഫലസ്തീനിൽനിന്ന് എന്റെ ചില കുടുംബക്കാർ വരുന്നുണ്ടായിരുന്നു. അവർക്ക് എങ്ങനെ ആതിഥ്യം നൽകുമെന്നതിനെ കുറിച്ച് ഞാൻ ആശങ്കാകുലനായിരുന്നു. എന്നാൽ, അതിഥികൾ വരുന്ന അതേ ദിവസംതന്നെ അവന്റെ പ്രത്യേക അനുഗ്രഹത്താൽ ബാങ്ക് അക്കൗണ്ടിലേക്ക് ആരോ മുഖേന ആയിരം ഡോളർ ട്രാൻസ്ഫർ ചെയ്യുകയുണ്ടായി. പറയുന്നു: 'ഞാൻ അതിന് എപ്പോഴും അല്ലാഹുവിനു നന്ദി പ്രകടിപ്പിക്കുന്നു. ഇതും ചന്ദയുടെ അനുഗ്രഹമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇതെല്ലാം ചിന്തയുടെ കാര്യങ്ങളാണ്. ഭൗതികമായ ഒരാൾ മറ്റെന്തെങ്കിലുമാണ് ചിന്തിക്കുക. എന്നാൽ, ദീനീ ബോധമുള്ള ഒരാൾ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവ് ചെയ്യുമ്പോഴാണ് അല്ലാഹുവിന്റെ അനുഗ്രഹമുണ്ടാകുക എന്ന് ചിന്തിക്കുന്നു.

കെനിയയിലെ മുഅല്ലിം എഴുതുന്നു: ഖദീജ സാഹിബ അദ്ദേഹത്തിന്റെ ജമാഅത്തിലെ ഒരു നവ അഹ്മദി സ്ത്രീയാണ്. നഴ്സറി സ്കൂളിൽ ടീച്ചറാണ്. വർഷാരംഭത്തിൽ അവർ അഞ്ഞൂറ് ഷില്ലിംഗ് വഖ്ഫെ ജദീദ് വാഗ്ദാനം എഴുതിച്ചിരുന്നു. അത് കൊടുക്കുകയും ചെയ്തിരുന്നു. പറയുന്നു: അവർക്ക് റസീദ് കൊടുക്കാൻ സ്കൂളിൽ പോയപ്പോൾ അടുത്ത ദിവസം അവർ എന്റെ വീട്ടിൽ വന്നു. ഭാര്യയോട് പറഞ്ഞു: 'അഞ്ഞൂറുകൂടി ഞാൻ ചന്ദയിൽ കൊടുക്കാനാഗ്രഹിക്കുന്നു. പറയുന്നു: 'അപ്പോൾ ആയിരം ഷില്ലിംഗ് ആകും. അല്ലാഹു കൂടുതൽ അനുഗ്രഹിക്കുമെന്ന് കരുതിയാണ് ഞാൻ ഇത് കൊടുക്കുന്നത്.' പറയുന്നു: വീട്ടിലെത്തി ഞാൻ റസീദ് മുറിച്ച് കൊടുക്കാൻ വേണ്ടി പോയപ്പോൾ അവർ പറയുന്നു: എന്റെ മകൻ കോളേജിൽ പഠിക്കുകയാണ്. ചെലവിന് ഞാൻ അപേക്ഷ കൊടുത്തിരുന്നു. അതിന് അംഗീകാരം കിട്ടുന്നുണ്ടായിരുന്നില്ല. പക്ഷേ, ഇന്ന് എനിക്ക് കോളേജിൽനിന്ന് ഫോൺ വന്നു. അവന്റെ പഠനച്ചെലവിനുള്ള മുപ്പതിനായിരം ഷില്ലിംഗ് സർക്കാരിന്റെ ഭാഗത്തുനിന്ന് സ്കൂൾ അക്കൗണ്ടിൽ എത്തിയിട്ടുണ്ട്. അവർ പറയുന്നു: 'അതുകൊണ്ട് എനിക്ക് ഒരുപാട് സമാധാനമായി.'

ഇന്തൊനേഷ്യയിലെ അമീർ സാഹിബ് എഴുതുന്നു: 'ഇവിടെ ഒരു ചെറിയ ജമാഅത്തിലെ അബ്ദുർ റഹീം സാഹിബ് പറയുന്നു. എല്ലാ വർഷവും ഞാൻ വഖ്ഫെ ജദീദിന്റെ വാഗ്ദാനം കൊടുക്കാറുണ്ട്. 2019-20 വർഷം എനിക്ക് വളരെ പ്രയാസമേറിയതായിരുന്നു. കാരണം ആ വർഷത്തിൽ എനിക്ക് ജോലി ഇല്ലായിരുന്നു. പറയുന്നു: കുറച്ചുകാലം മുമ്പേ ഞാൻ ജോലിയിൽ നിന്നു രാജി വെച്ചതാണ്. കച്ചവടം ചെയ്യാൻ ശ്രമിച്ചു. അതിലും വിജയിച്ചില്ല. മിച്ചം വെച്ചതെല്ലാം മെല്ലെ മെല്ലെ തീർന്നുകൊണ്ടിരുന്നു. വഖ്ഫെ ജദീദിന്റെ വർഷം അവസാനിക്കുകയായിരുന്നു. ഞാൻ ചന്ദ വാഗ്ദാനം ചെയ്തിട്ടിട്ടുണ്ട്. അത് കൊടുത്തു തീർക്കാൻ ഒരു വഴിയും കാണുന്നുണ്ടായിരുന്നില്ല. ജോലി കിട്ടാനും പ്രയാസമായിരുന്നു. കാരണം എനിക്ക് 51 വയസ്സായിട്ടുണ്ട്. ഈ പ്രായത്തിൽ ജോലി കിട്ടുക പ്രയാസമാണ്. പറയുന്നു: എല്ലാ ദിവസവും തഹജ്ജുദിൽ ദുആ ചെയ്തിരുന്നു. വഖ്ഫെ ജദീദിന്റെ ചന്ദ കൊടുക്കാൻ എനിക്ക് സൗഭാഗ്യം നല്കേണമേയെന്ന്! ഇവിടെ എനിക്കും കത്തയച്ചിട്ടുണ്ടായിരുന്നു. പറയുന്നു: വഖ്ഫെ ജദീദിന്റെ വർഷം അവസാനിക്കുമ്പോഴേക്ക് അല്ലാഹു ഏതോ വിധത്തിൽ എനിക്ക് വാഗ്ദാനം അനുസരിച്ച് കൊടുത്തു തീർക്കാൻ തൗഫീഖ് നൽകി. ഞാൻ ഏതെങ്കിലുമൊക്കെ രീതിയിൽ അത് കൊടുത്തു. കൊടുത്തതിനു ഏതാനും ദിവസത്തിനുശേഷം എനിക്ക്, ഞാൻ ജോലി ചെയ്തിട്ടുണ്ടായിരുന്ന സ്ഥലത്തുള്ള ഒരു പഴയ ഓഫീസർ ഇന്റർവ്യൂന് വരണമെന്ന് പറഞ്ഞു ഫോൺ ചെയ്തു. അല്ലാഹുവിന് സർവ്വ സ്തുതിയും. എനിക്ക് ജോലി ലഭിച്ചു. ഞാൻ വാസ്തവത്തിൽ ആശ്ചര്യപ്പെടുകയായിരുന്നു. എന്നെ ജോലിക്ക് വിളിച്ചയാൾ എന്റെ നേരിട്ടുള്ള സൂപ്പർവൈസർ അല്ലായിരുന്നു. എന്റെ കൂട്ടുകാരും എന്തുകൊണ്ടാണ് എന്നെ തന്നെ വിളിച്ചതെന്ന കാര്യത്തിൽ ആശ്ചര്യപ്പെട്ടിരുന്നു. കാരണം ഞാൻ ഏകദേശം ഏഴുവർഷം മുമ്പേ അവിടെ നിന്നു രാജി വെച്ചതായിരുന്നു. ഏതായാലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ പ്രായത്തിലും എനിക്ക് സ്ഥായിയായ വരുമാനം കിട്ടാൻ തുടങ്ങി."

സെനഗളിൽ താമ്പാകൗണ്ട(Tambacounda) എന്നൊരു സ്ഥലമുണ്ട്. അവിടെയുള്ള മുബല്ലിഗ് പറയുന്നു: എന്റെ പര്യടനവേളയിൽ ചന്ദയെ സംബന്ധിച്ച് ഉത്ബോധനം നടത്തിയിരുന്നു. ഞാൻ കഴിഞ്ഞ ഖുത്ബയിൽ കേൾപ്പിച്ചിട്ടുണ്ടായിരുന്ന സംഭവങ്ങൾ അവിടെ ആളുകളെ കേൾപ്പിച്ചു. അവിടെയുള്ള ഒരു അഹ്മദി ഉഥ്മാൻ സാഹിബ് പറയുന്നു: 'ബയ്അത്ത് ചെയ്തപ്പോൾ അദ്ദേഹത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ മോശമായിരുന്നു. ബയ്അത്ത് ചെയ്തശേഷം അടുപ്പക്കാരും എതിരാളികളായി മാറി. നാലു തവണ എതിരാളികൾ അദ്ദേഹത്തിന്റെ വീട് കത്തിക്കാൻ ശ്രമിച്ചു. ഓരോ തവണയും വീടിന്റെ ഒരു ഭാഗം കത്തിപ്പോയിരുന്നു. എന്നാൽ, ജമാഅത്തി ചന്ദകളിൽ ഭാഗഭാക്കാകാൻ തുടങ്ങിയപ്പോൾ അദ്ദേഹത്തിന്റെ ദിവസങ്ങളിൽ മാറ്റം വരാൻ തുടങ്ങി. ചന്ദകളുടെ അനുഗ്രഹത്താൽ ഇപ്പോൾ അദ്ദേഹം ഉറപ്പുള്ള വീട് നിർമിച്ചിരിക്കുന്നു. നേരത്തെ പുല്ലും വൈക്കോലും കൊണ്ടുള്ളതായിരുന്നു. അത് കത്തുമായിരുന്നു. എന്നാൽ, ഇപ്പോൾ ഉറപ്പുള്ള വീട് നിർമിച്ചിരിക്കുന്നു. കുട്ടികളും പട്ടണത്തിൽ നല്ല വിദ്യാഭ്യാസം കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നു. എല്ലാ വർഷവും മറ്റു ചന്ദകൾ പോലെ വഖ്ഫെ ജദീദിലും പറയത്തക്ക വിധത്തിൽ വർദ്ധനയോടുകൂടി കൊടുക്കുന്നുണ്ട്. പറയുന്നു: എന്റെ എതിരാളികൾ മരണപ്പെടുകയോ അല്ലെങ്കിൽ വളരെ പ്രയാസപ്പെട്ട് ജീവിക്കുകയോ ചെയ്തു വരുന്നു.

ടാൻസാനിയായിലെ അമീർ സാഹിബ് എഴുതുന്നു: ഒരു കർഷകന്റെ സംഭവമാണ്. അദ്ദേഹത്തിന് തക്കാളികൃഷി ആയിരുന്നു. അതിൽ വെള്ളം കൊടുക്കാൻ വിക്ടോറിയ തടാകത്തിൽനിന്ന് വെള്ളം ലിഫ്റ്റായിട്ടാണ് കൊടുത്തിരുന്നത്. അതിനു വേണ്ടി പമ്പും മിഷ്യനുകളും വാടകക്ക് എടുക്കേണ്ടി വന്നിരുന്നു. പറയുന്നു: ഈ വർഷം മഴ കുറവായിരുന്നു. കൃഷിയും വളരെ മോശമായിരുന്നു. അടുത്തുള്ള കൃഷിക്കാർ അവരുടെ കൃഷിയിടങ്ങളിൽ വെള്ളം കൊടുത്തിരുന്നു. നിന്റെ കൃഷിയുടെ അവസ്ഥ ഇങ്ങനെയാണല്ലോ എന്ന് പറഞ്ഞു പരിഹസിക്കുകയും ചെയ്തിരുന്നു. ഏതായിരുന്നാലും, പറയുന്നു: 'മുഅല്ലിം എന്നോട് ചന്ദയെ കുറിച്ച് ഉണർത്തിയപ്പോൾ എന്റെ കൈയിലുണ്ടായിരുന്ന ആയിരം ഷില്ലിംഗ് ഞാൻ കൊടുത്തു. മുഅല്ലിം റസീദ് തരുകയും ചെയ്തു. അടുത്ത ദിവസം ആമില മീറ്റിംഗിൽ അദ്ദേഹം വന്നിരുന്നു. എന്നിട്ട് പറഞ്ഞു മുഅല്ലിം പറയുന്നു, അദ്ദേഹം പറയുകയാണ്: 'ഞാൻ ചെയ്ത കച്ചവടത്തിന് പ്രതിഫലം കിട്ടിയിരിക്കുന്നു. കാരണം ഈ കാലാവസ്ഥയിലെ ആദ്യത്തെ മഴ എന്റെ കൃഷിയിടത്തിലാണ് വർഷിച്ചത്. വെള്ളം നിറഞ്ഞിരിക്കുന്നു. അല്ലാഹു ഇങ്ങനെ എന്നെ അനുഗ്രഹിക്കുകയുണ്ടായി.'

സിയറ ലിയോണിലെ മുബല്ലിഗ് എഴുതുന്നു: 'ഇവിടെ അലക്സ് ടാമു(Alextamu) സാഹിബ് എന്നൊരു അധ്യാപകനുണ്ട്. സിയറ ലിയോൺ കാരനായ ഒരു റിസേർച്ചറാണ് അദ്ദേഹം. പറയുന്നു: അദ്ദേഹത്തിന്റെ വസിയ്യത്ത് ചന്ദയും മറ്റു ചന്ദകളും കുറച്ച് കുടിശിക ആയിട്ടുണ്ടായിരുന്നു. കാരണം കഴിഞ്ഞ വർഷം ചില സർക്കാർ തല പ്രശനങ്ങൾ കാരണം ശമ്പളം കൊടുക്കുന്നതിൽ കാലവിളംബം വന്നിരുന്നു. കുറച്ചുകാലം ജീവിതം വളരെ പ്രയാസത്തിലുമായിരുന്നു. ഏതായാലും അദ്ദേഹം എവിടെ നിന്നോ ഒക്കെ തുക സ്വരൂപിച്ച് വസിയ്യത്ത് ചന്ദയും മറ്റു ചന്ദകളും ആ പ്രയാസഘട്ടത്തിലും കൊടുക്കാൻ ഏർപ്പാടുചെയ്തു. പറയുന്നു: ചന്ദകൾ കൊടുത്തതിനുശേഷം ആദ്യം എന്നെ അരിയുമായി ബന്ധപ്പെട്ട് ഗവേഷണ പദ്ധതിയിൽ ഗിനികൊണാക്രിയിലെ സംഘത്തിലേക്ക് തിരഞ്ഞെടുത്തു. പിന്നെ ഒരു വലിയ ഫർണിഷ്ഡ് വീടും ലഭിച്ചു. 2022 uk ജൽസക്ക് മുമ്പേതന്നെ വീട്ടിൽ tv യും mta യും വെക്കാൻ തൗഫീഖ് ലഭിച്ചു. പിന്നെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജപ്പാനിലെ കാഗോശിമ(Kagoshima) യൂണിവേഴ്സിറ്റിയിൽ phd ചെയ്യാൻ സ്കോളർഷിപ്പും വന്നു. പറയുന്നു: ഞാൻ അപേക്ഷ കൊടുത്തപ്പോൾ ബന്ധപ്പെട്ട വകുപ്പിൽ നിന്നു എനിക്ക് മുൻഗണന നൽകുകയും എന്നെ സെലക്ട് ചെയ്യുകയുമായിരുന്നു. കഴിഞ്ഞ വർഷം മുതൽ ഞാൻ ജപ്പാനിലാണുള്ളത്. ജപ്പാനിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തുമായി ബന്ധമുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബന്ധപ്പെട്ട വകുപ്പ് എന്റെ ഫാമിലിക്ക് വീട് മാത്രമല്ല സിയറ ലിയോണിൽ ശമ്പളത്തിന്റെ ഒരു ഭാഗം ഫാമിലിക്ക് വേണ്ടിയും അനുവദിച്ചിരിക്കുന്നു. പറയുന്നു: ഏതായാലും ഇതെല്ലാം എന്റെ വിശ്വാസം വർധിക്കുന്നതിന് കാരണമാകുന്നു. ചന്ദയുടെ അനുഗ്രഹത്താൽ അല്ലാഹു എന്നിൽ കരുണ ചൊരിഞ്ഞിരിക്കുന്നു.

അഹ്മദികളെന്നല്ല പ്രത്യുത നവാഗതരിലും അല്ലാഹുവിനുവേണ്ടി സാമ്പത്തിനോടുള്ള സ്നേഹത്തിൽ വിരക്തി കാണിക്കുന്ന ഉദാഹരണങ്ങൾ നമുക്ക് കാണാൻ കഴിയുന്നു. സിയറ ലിയോണിലെ മൊയാമ്പ(Moyamba) റീജ്യണിലെ മുബല്ലിഗ് എഴുതുന്നു: ഖുത്ബയ്ക്കിടയിൽ വഖ്ഫെ ജദീദ് ചന്ദയെ സംബന്ധിച്ച് ഉണർത്തിയപ്പോൾ ഒരിക്കൽ ഒരു സ്വഹാബി മഴു എടുത്ത് വനത്തിൽ പോയി വിറക് ശേഖരിച്ചു കിട്ടിയ സമ്പാദ്യം നബി(സ)തിരുമേനിക്കു കൊടുത്തത് കേൾപ്പിച്ചിരുന്നു. അവിടെ അടുത്തുതന്നെ ഒരു ഗ്രാമമുണ്ട്, ഡോഡൊ(Dodo). അവിടെയുള്ള ഒരു അഹ്മദി ജുമുഅക്ക് വന്നിരുന്നു. അവിടെനിന്ന് ഒരു ദിവസം ആത്മാർഥനായ അഹ്മദി കാസിം സാഹിബ് ചുട്ടുപൊള്ളുന്ന വെയിലത്ത് വന്നു ഒരു വലിയ സംഖ്യ തന്നുകൊണ്ട് പറഞ്ഞു: ഇത് എന്റെ മുഴുവൻ സമ്പാദ്യവുമാണ്. ഞാൻ അത് വഖ്ഫെ ജദീദിന് നൽകുകയാണ്. അദ്ദേഹത്തോടു പറഞ്ഞു: ഇതിൽനിന്ന് നിങ്ങളുടെ മാസാന്തര ചെലവിനു വേണ്ടിയും കുറച്ച് നീക്കിവെക്കുക. അപ്പോൾ അദ്ദേഹം വളരെ ആവേശത്തോടുകൂടി പറഞ്ഞു: താങ്കൾ സ്വഹാബിയുടെ സംഭവം കേൾപ്പിച്ചപ്പോൾ അന്നേ ദിവസംതന്നെ അതനുസരിച്ച് പ്രവർത്തിക്കുമെന്ന് ഞാൻ തീരുമാനിച്ചതാണ്. അതുകൊണ്ട് എല്ലാ തുകയും താങ്കൾ തന്നെ വെക്കുക. അല്ലാഹു അവൻതന്നെ എന്നെ അനുഗ്രഹിക്കുന്നതാണ്.

ടാൻസാനിയ അമീർ സാഹിബ് എഴുതുന്നു: ശിയാങ്ക റീജ്യണിലെ മുബല്ലിഗ് പറയുന്നു: അവിടെ സിംബാച്ചായി(Simbachai) എന്നൊരു ഗ്രാമമുണ്ട്. അവിടെ പുതിയതായി ജമാഅത്ത് രൂപീകരിച്ചതാണ്. ഡിസംബർ വരെയും 39 പേർ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ചേർന്നിട്ടുണ്ട്. കഴിഞ്ഞ മാസമാണ് ഈ ജമാഅത്ത് സ്ഥാപിതമായത്. മുഅല്ലിം സാഹിബ് പറയുന്നു: 'ഞാൻ ഡിസംബറിൽ എന്റെ പ്രദേശത്തുള്ള ജമാഅത്തുകളുടെ പര്യടനത്തിലായിരുന്നു. ഈ പുതിയ ജമാഅത്തിലൂടെയും കടന്നുപോയി. ഇവിടെ ബയ്അത്ത് ചെയ്തിരുന്ന അധികമാളുകളും ആദ്യം ദീനൊന്നും ഇല്ലാത്തവരായിരുന്നു. മതവുമായി ഒരു ബന്ധവുമുണ്ടായിരുന്നില്ല. അതുകൊണ്ട് അവരുടെ തർബിയ്യത്തിനുവേണ്ടി നമസ്കാരത്തിലേക്കും ഖുർആനിലേക്കും ശ്രദ്ധ തിരിക്കുകയായിരുന്നു. ളുഹ്ർ നമസ്കാരത്തിനുശേഷം തർബിയ്യത്തിക്ലാസ് നടത്തി. അതിൽ മുഅല്ലിം സാഹിബ് നമസ്കരിക്കേണ്ട രീതിയും മറ്റു ഫിഖ്ഹ് സംബന്ധമായ കാര്യങ്ങളും പറഞ്ഞു കൊടുത്തു. ഒരു വൃദ്ധനായ അഹ്മദി മുഅല്ലിം സാഹിബിന്റെ ബാഗിൽ റസീത് ബുക്ക് കണ്ടപ്പോൾ അതെ കുറിച്ച് ചോദിച്ചു. മുഅല്ലിം സാഹിബ് പറഞ്ഞു: ഇത് വഖ്ഫെ ജദീദ് ചന്ദയുടെ അവസാന മാസമാകുന്നു. ഞങ്ങൾക്ക് വാഗ്ദാനം അനുസരിച്ച് പിരിവ് നടത്തി കേന്ദ്രത്തിൽ റിപ്പോർട്ട്

കൊടുക്കണം. ആ റിപ്പോർട്ട് ഖലീഫത്തുൽ മസീഹിന് അയക്കേണ്ടതാണ്. ഈ ചന്ദയിൽ ഉൾപ്പെടുന്ന അഹ്മദികൾക്ക് ചന്ദ കൊടുക്കുമ്പോൾ ഈ റെസീത് കൊടുക്കുന്നതാണ്. അപ്പോൾ, മറ്റൊരു അഹ്മദി ചോദിച്ചു. ഞങ്ങളുടെ ചന്ദ എപ്പോഴാണ് വാങ്ങുക. മുഅല്ലിം പറയുന്നു: ഞാൻ അവരോടു പറഞ്ഞു: ഞാൻ കരുതുന്നത് നിങ്ങളുടെ സാമ്പത്തികാവസ്ഥ മെച്ചമുള്ളതല്ലെന്നാണ്. നിങ്ങൾ പുതിയതായി അഹ്മദികൾ ആയതാണ്. തർബിയ്യത്താണ് ആവശ്യമായിട്ടുള്ളത്. അടുത്തവർഷം മുതൽ നിങ്ങളെയും ചന്ദയിൽ ഉൾപെടുത്തുന്നതാണ്. അപ്പോൾ അവിടെയുള്ള നവഅഹ്മദികളെല്ലാവരുംകൂടി ചോദിച്ചു. ഈ വർഷം ഞങ്ങളുടേത് ഖലീഫത്തുൽ മസീഹിന്റെ അടുക്കലേക്ക് പോകില്ലേ. അങ്ങനെ സംഭവിക്കാൻ പാടില്ല. അതുകൊണ്ട് അവിടെ ഉണ്ടായിരുന്ന എല്ലാ അഹ്മദികളും തങ്ങളുടെ പക്കൽ ഉണ്ടായിരുന്നതെല്ലാം നൽകി. മുഅല്ലിം സാഹിബ് പറയുന്നു: 'അവിടെ നിന്നുമിറങ്ങുമ്പോൾ അവർ പറഞ്ഞു: 'ഞങ്ങളുടെ അടുത്ത വർഷത്തേക്കുള്ള വാഗ്ദാനവും ഇപ്പോൾ തന്നെ എടുക്കുക.' അങ്ങനെ അവർ പുതുവർഷത്തേക്കുള്ള വഖ്ഫെ ജദീദിന്റെ വാഗ്ദാനങ്ങളും എഴുതുകയുണ്ടായി. നവ അഹ്മദികളിലും അല്ലാഹു ഇങ്ങനെ ഈമാനു ണ്ടാക്കുകയും ഇങ്ങനെ വിശ്വാസഭരിതരാക്കുകയും ചെയ്യുന്നു.

ഗാംബിയ അമീർ സാഹിബ് എഴുതുന്നു: നോർത്ത് ബാങ്കിലെ ഒരു ജമാഅത്തായ ദോത്തബുലു (Dutabulu)വിലുള്ള ഒരു അഹ്മദി സഹോദരനാണ് ജാല്ലോ(Jallow) സാഹിബ്. അദ്ദേഹത്തിന്റെ പിതാവ് അഹ്മദിയല്ല. അയാൾ ഗ്രാമമുഖ്യനാണ്. വളരെ വൃദ്ധനുമാണ്. രോഗിയും ആയിരുന്നു. അതുകൊണ്ട് അയാളുടെ സ്ഥാനത്ത് അഹ്മദിയായ മകനായിരുന്നു കാര്യങ്ങൾ നോക്കി നടത്തിയിരുന്നത്. അദ്ദേഹം പറയുന്നു: ഒരു ദിവസം ഒരു ഇസ്‌ലാമി NGO അദ്ദേഹത്തിന്റെ ഗ്രാമത്തിൽ വന്നു. അവരുടെ വീക്ഷണത്തിൽ അവർ മുസ്‌ലിമീങ്ങളെ കേവലം പതിനയ്യായിരം ഡലാസി കൊടുത്തുകൊണ്ട് സഹായിച്ചിരുന്നു. ഒരു ദിവസം അവർ എനിക്ക് ഫോൺ ചെയ്തുകൊണ്ട് പറഞ്ഞു: 'ഞങ്ങൾ താങ്കളെ സംബന്ധിച്ച് വളരെ നല്ല വ്യക്തിയാണെന് കേട്ടിട്ടുണ്ട്. ഞങ്ങൾ താങ്കളെയും താങ്കളുടെ പിതാവിനെയും സഹായിക്കാൻ വേണ്ടി മുപ്പതിനായിരം ഡലാസി തരാൻ ഉദ്ദേശിക്കുന്നു. പക്ഷേ, ഒരു പ്രശ്നമുണ്ട്. താങ്കൾ അഹ്മദിയാണ്. താങ്കൾ ഈ ജമാഅത്ത് ഉപേക്ഷിക്കുകയാണെങ്കിൽ ഈ തുക താങ്കൾക്ക് കിട്ടുന്നതാണ്. അപ്പോൾ ജാല്ലോ സാഹിബ് NGO ക്ക് മറുപടി കൊടുത്തുകൊണ്ട് പറഞ്ഞു: എനിക്ക് പൈസയുടെ ആവശ്യമില്ല. കാരണം ജമാഅത്ത് എന്നെ പഠിപ്പിച്ചത് അല്ലാഹു അവന്റെ ദാസന്മാർക്ക് മതിയായവനാണെന്നാണ്. ഞാൻ എല്ലാ വർഷവും ജമാഅത്തിന് പതിനഞ്ചായിരത്തിലധികം ഡലാസി ചന്ദയായി കൊടുക്കുന്നുണ്ട്. ഇതുകേട്ടപ്പോൾ വളരെ ആശ്ചര്യഭരിതരായി അവർ പറഞ്ഞു: ഇത്രയും വലിയ തുക താങ്കൾ എന്തിനാണ് ജമാഅത്തിന് കൊടുക്കുന്നത്? താങ്കൾ വളരെ സാധു മനുഷ്യനല്ലേ? അപ്പോൾ ആ അഹ്മദി പറഞ്ഞു: എനിക്ക് കിട്ടിക്കൊണ്ടിരിക്കുന്ന അല്ലാഹുവിന്റെ അനുഗ്രഹങ്ങളും പ്രീതിയും സംബന്ധിച്ച് നിങ്ങൾ അറിയുകയാണെങ്കിൽ നിങ്ങളും ഇമാം മഹ്ദി(അ)ന്റെ ഉമ്മത്തിന്റെ ഭാഗമാകുമായിരുന്നു.' ഇതാണ് അല്ലാഹു ഇത്രയും ദൂരദേശങ്ങളിൽ വസിക്കുന്നവരുടെ ഹൃദയങ്ങളിൽ ഉണ്ടാക്കുന്ന വിശ്വാസത്തിന്റെ അവസ്ഥ. അവർ നബി(സ)തിരുമേനിയുടെ സത്യദാസനെ അംഗീകരിച്ചതിനുശേഷം വിശ്വാസത്തിൽ കൂടുതൽ ക്കൂടുതൽ ശക്തരായികൊണ്ടിരിക്കുന്നു.

കോംഗോ കിൻഷാസ(Congo Kinshasa)യിലെ അമീർ സാഹിബ് എഴുതുന്നു: ജുമുഅ ഖുത്ബയ്ക്കിടയിൽ വഖ്ഫെ ജദീദ് ചന്ദയെ സംബന്ധിച്ച് ഉണർത്തുകയുണ്ടായി. ആ ദിവസം ആത്മാർഥനായ ഒരു അഹ്മദി നൂറുദ്ദീൻ സാഹിബ്–അദ്ദേഹം പോലീസിൽ ജോലി ചെയ്യുകയാണ്– മുഅല്ലിം സാഹിബിന് ഫോൺ ചെയ്തുകൊണ്ട് പറഞ്ഞു: ഞാൻ കുറച്ചുകാലമായി കുറച്ചു തുക എന്റെ എമർജൻസി ആവശ്യങ്ങൾക്കുവേണ്ടി സ്വരുകൂട്ടിയിട്ടുണ്ടായിരുന്നു. പക്ഷേ, ഇന്ന് മുറബ്ബി സാഹിബ് ജുമുഅ ഖുത്ബയിൽ വഖ്ഫെ ജദീദ് ചന്ദയെ കുറിച്ച് ഉണർത്തുകയുണ്ടായി. അതുകൊണ്ട് ഈ തുക ചന്ദയിൽ വെക്കുക. അദ്ദേഹം വഖ്ഫെ ജദീദ് ചന്ദയിൽ രണ്ടു ലക്ഷത്തി പതിനായിരം ഫ്രാങ്കു നൽകുകയുണ്ടായി. അത് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അനിതരസാധാരണമായ ത്യാഗമായിരുന്നു. ഇതാണ് സമ്പത്തിനെ സ്നേഹിക്കുന്നവർ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവ് ചെയ്യുന്നതിന്റെ ഉദാഹരണം.

മസിഡോണിയ(Macidonia)യിലെ മുബല്ലിഗ് എഴുതുന്നു: ഇവിടെയുള്ള ഭൂരിഭാഗം അഹ്മദികളും ഏറെക്കുറെ സാധുക്കളാണ്. പക്ഷേ, സാമ്പത്തിക ത്യാഗത്തിൽ ഭാഗഭാക്കാകുന്നു. ഇവിടെയുള്ള ഒരു അഹ്മദി ഫയ്സൽ സാഹിബ് 1995–ൽ ജർമനിയിൽ വെച്ചാണ് ബയ്അത്ത് ചെയ്തത്. വിവിധ രാജ്യങ്ങളിൽ താമസിച്ചതിനുശേഷം മസിഡോണിയയിലേക്ക് തിരിച്ചുവന്നു. ആദ്യം ജാമാതാവുമായി ബന്ധം കുറവായിരുന്നുവെങ്കിലും പിന്നീട് ബന്ധപ്പെട്ട് തുടങ്ങി. കഴിഞ്ഞ വലിയ പെരുന്നാളിന്റെ അവസരത്തിൽ രണ്ടു മൂന്നു ദിവസം മിഷൻഹൗസിൽ താമസിക്കുകയും ചെയ്തു. അതിനിടയിൽ അദ്ദേഹത്തോട് ജമാഅത്തിന്റെ സാമ്പത്തിക സംവിധാനത്തെ കുറിച്ച് പറഞ്ഞു കൊടുത്തു. നിർബന്ധ ചന്ദകൾക്ക് പുറമെ തഹ്‌രീക്കെജദീദ് വഖ്ഫെ ജദീദ് തുടങ്ങിയ സാമ്പത്തിക ത്യാഗങ്ങളെ കുറിച്ചും മനസ്സിലാക്കി കൊടുത്തു. പത്തുപന്ത്രണ്ടു ദിവസത്തിനുശേഷം അദ്ദേഹം എന്നെ കണ്ടു. ഞാൻ അദ്ദേഹത്തെ കാണാൻ പട്ടണത്തിൽ പോയതാണ്. തിരിച്ചു വരുമ്പോൾ അദ്ദേഹം എനിക്ക് പതിനായിരം ദീനാർ ചന്ദ നൽകി. അത് നിസാര തുക ആയിരുന്നു. അത് ഏറെക്കുറെ 63 യൂറോ ആണ്. ഇദ്ദേഹം തൊഴിൽരഹിതനായിരുന്നു. കുറേകാലമായി ജോലി ചെയ്തിരുന്നില്ല. ഞാൻ പറഞ്ഞു: നിങ്ങൾക്ക് നിങ്ങളുടെ അവസ്ഥ അറിയാം. കുറച്ച് നിങ്ങൾക്കുവേണ്ടിയും മാറ്റി വെക്കുക. കാരണം മസിഡോണിയയുടെ അവസ്ഥവെച്ച് നോക്കുമ്പോൾ ഇത് വലിയൊരു തുകയാണ്. കുടുംബത്തിനു വേണ്ടി ചെലവാക്കികൊള്ളുക. അദ്ദേഹം നിർബന്ധപൂർവ്വം സന്തോഷത്തോടുകൂടി ആ തുക തന്റെ കുടുംബത്തിന്റെയും ഭാഗത്ത് നിന്ന് വഖ്ഫെ ജദീദ് ചന്ദയിൽ നൽകുകയുണ്ടായി. അല്ലാഹു അദ്ദേഹത്തിന് മറ്റു സംവിധാനങ്ങൾ നൽകുന്നതാണ്.

എന്തായാലും ഇവരാണ് ത്യാഗം ചെയ്യുന്നവർ. തങ്ങൾക്ക് ധനത്തിന്റെ ആവശ്യമുണ്ടായിട്ടും അല്ലാഹുവിന്റെ മാർഗത്തിൽ കൊടുക്കുന്നവരാണ് ഇവർ.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നിങ്ങൾക്കൊരിക്കലുംതന്നെ സമ്പത്തിനെയും അല്ലാഹുവിനെയും ഒരുമിച്ചു സ്നേഹിക്കാൻ സാധ്യമല്ല. ഒന്നിനെ മാത്രമേ സ്നേഹിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ അല്ലാഹുവിനെ സ്നേഹിക്കുന്നവനാണ് സൗഭാഗ്യവാൻ. നിങ്ങളിലാരെങ്കിലും അല്ലാഹുവിനെ സ്നേഹിച്ചുകൊണ്ട് ഈ മാർഗത്തിൽ ചെലവഴിക്കുകയാണെങ്കിൽ ഞാൻ ഉറപ്പായും വിശ്വസിക്കുന്നു, അയാളുടെ സമ്പത്തിൽ മറ്റുള്ളവരുടേതിനേക്കാളധികം അനുഗ്രഹം ചൊരിയപ്പെടുന്നതാണ്. കാരണം സമ്പത്ത് സ്വയം വരുന്നില്ല. മറിച്ച് അല്ലാഹുവിന്റെ ഇംഗിതം അനുസരിച്ചാണ് വരുന്നത്. അതുകൊണ്ട് അല്ലാഹുവിനു വേണ്ടി സമ്പത്തിന്റെ ചില ഭാഗങ്ങൾ ത്യജിക്കുക ആണെങ്കിൽ തീർച്ചയായും അവൻ അത് സ്വായത്തമാക്കുന്നതായിരിക്കും. (മജ്മൂഅ ഇശ്തിഹാറാത്ത്, വാള്യം 3, പേജ് 323, നളാറത്ത് നശ്ർ വ ഇശാഅത്ത് ഖാദിയാൻ 2019)

അതുകൊണ്ട് ത്യാഗം ചെയ്യുന്ന ഓരോ അഹ്മദിയും സമ്പത്ത് അല്ലാഹുവിൽനിന്നാണ് വരുന്നതെന്ന യാഥാർഥ്യത്തിന്റെ സാക്ഷികളാകുന്നു. ആ മഹാത്മാവ് പറഞ്ഞതെല്ലാം സത്യമാകുന്നു. അല്ലാഹു ഈ ത്യാഗം ചെയ്യുന്നവർക്ക് നിലവാരം ഉയർത്താൻ തൗഫീഖ് നൽകുമാറാകട്ടെ. നല്ല അവസ്ഥയിലുള്ള ആളുകൾക്ക്, അതേസമയം ത്യാഗത്തിന്റെ ഉന്നത നിലവാരമില്ലാത്തവർക്ക് മസീഹ് മൗഊദ്(അ)ന്റെ ഈ വാക്കുകൾ മനസ്സിലാക്കാൻ തൗഫീഖ് ലഭിക്കുമാറാകട്ടെ. ആ മഹാത്മാവ് പറയുന്നു: 'ഞാൻ നിങ്ങളോട് വീണ്ടും വീണ്ടും പറയുന്നു, അല്ലാഹു നിങ്ങളുടെ സേവനത്തിന്റെ ആശ്രിതനല്ല. മറിച്ച് നിങ്ങൾക്ക് സേവനത്തിന് അവസരം നൽകിയത് അവന്റെ ഔദാര്യമാകുന്നു. പിശുക്ക് കാണിക്കുന്നവർ ഇതേ കുറിച്ച് ചിന്തിക്കേണ്ടതാണ്. അല്ലാഹു ജമാഅത്തിലെ ധനാഢ്യരായ ആളുകൾക്കും ഈ കാര്യം മനസ്സിലാക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഞാൻ ആവർത്തിച്ച് നിങ്ങളോടു പറയുന്നു, അല്ലാഹു നിങ്ങളുടെ സേനത്തിന് തരിമ്പും ആശ്രിതനല്ല. നിങ്ങൾക്ക് സേവനത്തിനുള്ള അവസരം നല്കുന്നുവെന്നത് അവന്റെ ഔദാര്യമാണ്.(മജ്മൂഅ ഇശ്തിഹാറാത്ത്, വാള്യം 3, പേജ് 324, നളാറത്ത് നശ്ർ വ ഇശാഅത്ത് ഖാദിയാൻ 2019)

പിശുക്ക് കാണിക്കുന്നവർ ഇക്കാര്യത്തെ കുറിച്ച് ചിന്തിക്കേണ്ടതാണ്. അല്ലാഹു ജമാഅത്തിലെ സമ്പന്നർക്കും ഇക്കാര്യം മനസ്സിലാക്കുന്നതിന് തൗഫീഖ് നല്കുമാറാകട്ടെ.

ഇതിനുശേഷം ഞാൻ കഴിഞ്ഞ വർഷത്തെ വഖ്ഫെ ജദീദ് ചന്ദയുടെ കണക്കുകൾ അവതരിപ്പിക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഡിസംബർ 31–നു വഖ്ഫെ ജദീദിന്റെ 65–ാം വർഷം സമാപിച്ചിരിക്കുന്നു. ജനുവരി 1 മുതൽ പുതിയ വർഷം ആരംഭിച്ചു. ജമാഅത്ത് 12.2 മില്യൺ അതായത് ഒരു കോടി ഇരുപത്തിരണ്ടു ലക്ഷത്തി പതിനയ്യായിരം പൗണ്ട് നൽകിയിരിക്കുന്നു. ലോകത്തിന്റെ സാമ്പത്തികാവസ്ഥ മോശമായിരുന്നിട്ടുകൂടി കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ ത്യാഗം ഒൻപതു ലക്ഷത്തി ഇരുപത്തിയെട്ടായിരം (9,28,000) പൗണ്ട് അധികമാണ്.

ബ്രിട്ടൺ ഈ വർഷവും ലോക ജമാഅത്തുകളിൽ വസൂലിയുടെ അടിസ്ഥാനത്തിൽ ഒന്നാം സ്ഥാനത്താണ്. ബ്രിട്ടണ് ശേഷം രണ്ടാംസ്ഥാനത്ത് കാനഡയാണ്. പിന്നീട് മൂന്നാം സ്ഥാനത്തേക്ക് ജർമനി പോയി. നാലാം സ്ഥാനത്ത് അമേരിക്ക. അഞ്ചാം സ്ഥാനത്ത് ഭാരതം. ആറാം സ്ഥാനത്ത് ആസ്ത്രേലിയ. ഏഴാം സ്ഥാനത്ത് മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്താണ്. എട്ടാം സ്ഥാനത്ത് ഇന്തൊനേഷ്യ. ഒമ്പതാം സ്ഥാനത്ത് മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്താണ്. പത്താം സ്ഥാനത്ത് ബെൽജിയം.

ആളോഹരി പിരിവിന്റെ അടിസ്ഥാനത്തിൽ ഒന്നാം സ്ഥാനത്ത് അമേരിക്ക. രണ്ടാം സ്ഥാനത്ത് സ്വിറ്റ്സർലാന്റ്. മൂന്നാം സ്ഥാനത്ത് ബ്രിട്ടൺ. നാലാം സ്ഥാനത്ത് ആസ്ത്രേലിയ. അഞ്ചാം സ്ഥാനത്ത് കാനഡ.


## ത്വാലിബെ ദുആ

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'**

**(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)**



SABIR BURQA HOUSE

ALL TYPES OF READYMADE BURQA

ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.

CIVIL LINES ROAD, OPP.FOUR STORY QADIAN

CONTACT NO: 98884 45694 (SABIR AHMAD)


## • കലാമുൽ ഇമാം •

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**


ത്വാലിബെ ദുആ: K.Muhammad Shareef &Family

Ahmadiyya Jama-ath Vaniyambalam, Kerala

ആഫ്രിക്കയിലെ ജമാഅത്തുകളിൽ നല്ല നിലയിൽ വസൂലി ചെയ്തവരിൽ ഒന്നാം സ്ഥാനത്ത് ഘാനയാണ്. രണ്ട് മൗറീഷ്യസ്. മൂന്ന് നൈജീരിയ. നാല് ബുർക്കിനാ ഫാസോ. അഞ്ച് ടാൻസാനിയ. ആറ് ലൈബീരിയ. ഏഴ് ഗാംബിയ, എട്ട് ഉഗാണ്ട. ഒമ്പത് സിയറ ലിയോൺ, പത്ത് ബെനിൻ.

ഇപ്രാവശ്യം 61000 ആളുകൾ പുതിയതായി ചേർന്നിട്ടുണ്ട്. മൊത്തത്തിലുള്ള അംഗസംഖ്യ പതിനഞ്ചു ലക്ഷത്തി ആറായിരമാണ്. ഉഗാണ്ടയാണ് ഈ വർഷം കൂടുതൽ ആളുകളെ ചേർത്തിട്ടുള്ളത്. പിന്നീട് ഗിനി–ബിസോ, പിന്നീട് വരുന്നത് കാമറുൺ, കോംഗോ ബ്രാസ്‌വിൽ, നൈജീരിയ, കോംഗോ കിൻഷാസാ. അവസാനം ബംഗ്ലാദേശാണ്.

വസൂലിയുടെ അടിസ്ഥാനത്തിൽ ബ്രിട്ടണിലെ ആദ്യ പത്ത് ജമാഅത്തുകൾ: ഒന്നാം സ്ഥാനത്ത് ഫൺഹം(Farnham), രണ്ടാമത്തേത് വോസ്റ്റർ പാർക്ക്(Worcester Park), മൂന്നാം സ്ഥനത്ത് വൾസാൽ(Walsall), നാലാം സ്ഥാനത്ത് ഇസ്‌ലാമാബാദ്, അഞ്ച് ഗില്ലിങ്ഹം(Gillingham), ആറാം സ്ഥാനത്ത് സൗത്ത് ചീം(South Cheam), ഏഴാം സ്ഥാനത്ത് അൽഡർഷോട്ട് സൗത്ത്(Aldershot South), എട്ടാം സ്ഥാനത്ത് ബ്രഡ്ഫോർഡ്, ഒമ്പത് ചീം, പത്ത് ഇവൽ(Ewell)

റീജ്യണുകൾ. ബയ്ത്തുൽ ഫുതൂഹ് റീജ്യൺ ഒന്നാം സ്ഥാനം. രണ്ടാം സ്ഥാനം ഇസ്‌ലാമാ ബാദ്, മൂന്നാം സ്ഥാനം മസ്ജിദ് ഫള്ൽ, മിഡ്‌ലാന്റ്സ് (Midlands)നാലാം സ്ഥാനം. അഞ്ചാം സ്ഥാനം ബയ്ത്തുൽ ഇഹ്സാൻ.

ദഫ്ത്തർ അത്ഫാലിന്റെ അടിസ്ഥാനത്തിൽ പത്തു ജമാഅത്തുകൾ: അൽഡർഷോട്ട് സൗത്ത് (Aldershot South), ഇസ്‌ലാമാബാദ്, വൾസാൽ (Walsall), ഫൺഹം(Farnham), റോഹംടൺ വാലി (Roehampton Vale),അൽഡർഷോട്ട് നോർത്ത് (Aldershot North), മിച്ചം പാർക്ക്(Micham Park), ബോർദൻ, സൗത്ത് ചീം, ബയ്ത്തുൽ ഫുതൂഹ്(Baithul Futuh).

ചെറിയ ജമാഅത്തുകളിലെ വസൂലിയുടെ അടിസ്ഥാനത്തിൽ അഞ്ചു ജമാഅത്ത്: സ്പിൻ വാലി, കേത്തലി, നോർത്ത് വേൽസ്(North Wales), നോർത്ത് ഹാമ്പ്ട്ടൺ, സവാൻസി.

കാനഡയിലെ ഇമാറത്തുകൾ: നമ്പർ ഒന്ന് വാൻ, നമ്പർ 2 വാങ്കോവർ (Vancouver), നമ്പർ 3 കൽഗരി(Calgary) നമ്പർ 4 പീസ് വില്ലേജ് (Peace Village) നമ്പർ 5 ബ്രംടൺ വെസ്റ്റ് (Brampton-West)

കനഡയിലെ ആദ്യ പത്ത് ജമാഅത്തുകൾ. ആദ്യം ഇമാറത്തുകളായിരുന്നു. 1. മിൽടൺസെസ്റ്റ്(Miton West), 2.ഹദീഖ അഹ്മദ് Hadeeqa Ahmad, 3.മിൽടൺ ഈസ്റ്റ് (Milton East), 4. വിന്നിംഗ് പെഗ് (Winnipeg), 5.സ്കാടൺ ബയ്ത്തുർറഹ്മത്ത്(Scaton Baitu Rahmat), 6. ദുർഹം വെസ്റ്റ് (Durham West), 7. ഒട്ടാവ വെസ്റ്റ് (Ottava West), 8.എൻഫീൽഡ് നൗ (Enfeild Now), 9. റെജിന Regina, 10.അബോട്സ് ഫോർഡ്(Abbotsford).

അത്ഫാലിൽ ഒന്നാം സ്ഥാനത്ത് വാൻ(Vaughan), രണ്ടാം സ്ഥാനത്ത് പീസ് വില്ലേജ്(Peace Village), മൂന്നാം സ്ഥാനത്ത് ടൊറാന്റോ വെസ്റ്റ്(Toronto -West) നാലാംസ്ഥാനത്ത് കാൽഗരി (Calgary) അഞ്ചാം സ്ഥാനത്ത് ബ്രഡ്ഫോർഡ് ഈസ്റ്റ് (Bradford East)

ജർമനിയിലെ അഞ്ചു ഇമാറത്തുകൾ: 1.ഹംബർഗ്(Hamburg), 2. ഫ്രാങ്ക് ഫർട്ട് Frank Furt, 3. വീസ്ബാദൻ Wies Baden, 4 ഗ്രോസ് {Ku Gros Gerau, 5. റീഡ് സ്റ്റട്ട് Read Stut.

പത്തു ജമാഅത്തുകൾ: റോഡർ മാർക് (Rodermark), റോഡ് ഗൗ (Rodgau), മയിൻസ് (Mainz), ഹൽഖ ബയ്ത്തുർറശീദ് (Baitu Rasheed), ന്യൂസ്സ് (Neuss), ഫ്ളോർശെയിം (Florsheim), നിഡ്ഡ (Nidda), മഹ്ദിയാബാദ് (Mahdi Abad) ഫ്രിഡ്ബർഗ് (Fridberg), കോബ്ലൻസ് (Koblenz).

അത്ഫാൽ ലഡ്ജറിന്റെ അടിസ്ഥാനത്തിൽ 5 റീജ്യണുകൾ: ഹെസ്സൻ–മിറ്റെ(Hessen-Mitte), ഹെസ്സൻ സൗത്ത് വെസ്റ്റ്(Hessen South West),ഹംബർഗ് (Hamburg), ടൗണുസ്(Taunus), വീസ് ബാദൻ (Wiesbaden).

America യിലെ ആദ്യ പത്തു ജമാഅത്തുകൾ: 1. മെരിലാന്റ് Maryland, 2. നോർത്ത് വെർജീനിയ 3.ലോസ് ഏഞ്ചൽസ്(Los Angeles), 4. ഡെട്രോയിറ്റ് (Detroit), 5.സിലിക്കൊൺ വാലി (Silicon Valley), 6. ബോസ്റ്റൻ(Boston), 7. ആസ്റ്റൻ (Aston), ഓശ്കോശ്, റോചിസ്റ്റർ, ഫീനിക്സ് (Phoenix).

അത്ഫാൽ ലഡ്ജറിന്റെ അടിസ്ഥാനത്തിൽ 10 ജമാഅത്തുകൾ: നോർത്ത് വെർജിന(Nort Vergina), മെരിലാന്റ് (Maryland), സീറ്റിലെ(Seattle), ഒറിയാന്റോ(Oriando), ആസ്റ്റൻ (Aston), സിലിക്കോൻ വാലി(Silicon Valley), ഓശ്കോശ്, പോർട്ട്ലാന്റ് Port Land. സിയോൺ Zion.

പാക്കിസ്താനിലെ ആദ്യ സ്ഥാനത്തുള്ള 3 ജമാഅത്തുകൾ: പാക്കിസ്താനിൽ വളരെ പ്രയാസകരമായ അവസ്ഥ ആയിരുന്നിട്ടുകൂടി പ്രാദേശിക കറൻസിയിൽ അവർ വളരെ വർധന വരുത്തിയിരിക്കുന്നു. പൗണ്ടിനു മുന്നിൽ അവരുടെ കറൻസി മൂല്യം തീരെ ഇല്ലാതായിരിക്കുന്നു. എങ്കിലും അവർ നല്ല പിരിവ് നടത്തിയിട്ടുണ്ട്.

ജമാഅത്തുകളിൽ ഒന്നാം സ്ഥാനം ലാഹോർ, രണ്ട് റബ്‌വ, മൂന്ന് കറാച്ചി.

ജില്ലകളിൽ ഇസ്‌ലാമാബാദാണ് ഒന്നാം സ്ഥാനത്ത്. പിന്നീട് സിയാൽക്കോട്ട്, പിന്നീട് ഫയ്സ്വലബാദ്, പിന്നീട് ഗുജ്റാത്ത്, പിന്നീട് ഗുജറൻവാല, പിന്നീട് സർഗോദ, ഉമർകോട്ടും മുൽത്താനും, മീർപൂർ ഖാസ്, ഡേരഗാസിഖാൻ.

വസൂലിയുടെ അടിസ്ഥാനത്തിൽ 10 ജമാഅത്തുകൾ: ഇസ്‌ലാമാബാദ് ടൗൺ, ഡിഫൻസ് ലാഹോർ, ടൗൺഷിപ്പ് ലാഹോർ, ദാറുദ്ദിക്ർ ലാഹോർ, മോഡൽ ടൗൺ ലാഹോർ, അല്ലാമാ ഇഖ്ബാൽ ടൗൺ ലാഹോർ, റാവൽപിണ്ടി ടൗൺ, അസീസാബാദ് കറാച്ചി, സിമനാബാദ് കറാച്ചി, മുഗൾപ്പുര ലാഹോർ.

അത്ഫാൽ ലഡ്ജറിന്റെ അടിസ്ഥാനത്തിൽ 3 വലിയ ജമാഅത്തുകൾ: 1. ലാഹോർ, 2. റബ്‌വ, 3. കറാച്ചി.

അത്ഫാൽ ലഡ്ജറിന്റെ അടിസ്ഥാനത്തിൽ ജില്ലകളുടെ സ്ഥാനം: 1. ഒന്നാമത് ഇസ്‌ലാമാബാദ്, പിന്നീട് സിയാൽകോട്ട്, ഫയ്സ്വലാബാദ്, സർഗോദ, ഉമർകോട്ട്, മീർപൂർഖാസ്, നാരോവാൾ, നങ്കാന സാഹിബ്, ഝലം, കോയിട്ട.

അനിതര സാധാരണമായ പ്രവർത്തനങ്ങൾ കാഴ്ച വെച്ച ജമാഅത്തുകൾ: ഇതിൽ ചെറിയവ മാത്രമല്ല വലിയ പട്ടണങ്ങളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഗുജറൻവാല, ഗുൽഷൻ ജാമി കറാച്ചി, സ്വദ്ർ കറാച്ചി, റാവൽപിണ്ടി കാന്റ്, ബയ്ത്തുൽ ഫള്ൽ ഫയ്സ്വലാബാദ്, കരീം നഗർ ഫയ്സ്വലാബാദ്, സിയാൽകോട്ട് ടൗൺ, പിശാവർ, സർഗോദ, ഉക്കാഡ.

ഭാരതത്തിലെ ആദ്യ 10 സംസ്ഥാനങ്ങൾ: കേരള, തമിൾനാട്, കർണാടക, ജമ്മു കശ്മീർ, തെലുങ്കാന, ഒഡിഷ, പഞ്ചാബ്, വെസ്റ്റ് ബംഗാൾ, മഹാരാഷ്ട്ര, ഡൽഹി.

ആദ്യ പത്തു ജമാഅത്തുകൾ: കോയമ്പത്തൂർ, ഹൈദരാബാദ്, ഖാദിയാൻ, കരുളായി, പത്തപ്പിരിയം, ബാംഗ്ലൂർ, മേലപ്പാളയം, കൽക്കത്ത, കോഴിക്കോട്, കേരംഗ്.

ആസ്ത്രേലിയായിലെ 10 ജമാഅത്തുകൾ: ഒന്നാം സ്ഥാനത്ത് കാസ്റ്റിലെ ഹിൽ(Castle Hill), മെൽബറൻ വാറിൻ(Melbourne Langwarrin), മാർസഡൻ പാർക്ക്(Marsden Park), ലോഗൻ ഈസ്റ്റ്(Logan East)മെൽബോറനെ ബെൻവിക്(Melbourne Benwick), പെൻറിത്ത്(Penrith), പെർത്ത്(Perth) അഡലീഡ സൗത്ത്(Adelaide South), മെൽബറൻ ക്ലയിഡ്, അഡീൽഡ് വെസ്റ്റ്(Adelaide West)

മുതിർന്നവരുടെ ലഡ്ജർ പ്രകാരമുള്ള അവരുടെ ജമാഅത്തുകൾ: കാസ്റ്റിലെ ഹിൽ(Castle Hill), മെൽബറൻ ലാംഗ്‌വറിൻ മെൽബറൻ വാറിൻ (Melbourne Langwarrin), മാർസഡൻ പാർക്ക്(Marsden Park), മെൽബോറനെ ബെൻവിക്(Melbourne Benwick), ലോഗൻ ഈസ്റ്റ്(Logan East), പെൻറിത്ത്(Penrith), പെർത്ത്(Perth), അഡേലൈഡെ സൗത്ത്(Adelaide South), അഡീൽഡ് വെസ്റ്റ്(Adelaide West), മെൽബറൻ ക്ലയിറ്റ്.

അത്ഫാൽ ലഡ്ജർ പ്രകാരമുള്ള ജമാഅത്തുകൾ: മെൽബറൻ വാറിൻ(Melbourne Langwarrin), ലോഗൻ ഈസ്റ്റ്(Logan East), പെൻറിത്ത്(Penrith), പെ നർത്ത്(Perth), കാസ്‌ലെ ഹിൽ(Castle Hill), മൽബറൻ ക്ലെഡ്, അഡേലൈഡെ സൗത്ത് (Adelaide South),മെൽബറൻ (Melbourne Berwick), മൗണ്ട് ഡ്രുയിട്ട്(MountDruitt) വെസ്റ്റ്, മെൽബറൻ വെസ്റ്റ്(MelbourneWest)

അല്ലാഹു ഇതിൽ പങ്കെടുത്ത എല്ലാവരുടേയും സമ്പത്തിലും ആയുസ്സിലും അനന്തമായ അനുഗ്രഹം ചൊരിയുമാറാകട്ടെ.


## തൊഴിലാളികളെ ആവശ്യമുണ്ടോ?

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

**KHAIRUL ISLAM**
**JAYGAM-WEST-BENGAL**
**Phone: 97348 44732**


**(പേജ് 1ൽനിന്ന്)**

നിങ്ങളുടെ കർമങ്ങൾ കാരണത്താലാണ്. നിങ്ങൾ സത്യം ഉപേക്ഷിച്ചുകൊണ്ട് ഭിന്നിച്ചതെന്തിനാണ്? നിങ്ങൾ ഭിന്നിച്ചില്ലായിരുന്നെങ്കിൽ നിസംശയം നബിയുടെ ആവശ്യം വരികയില്ലായിരുന്നു. എന്നാൽ, നിങ്ങൾ രോഗമുണ്ടാക്കി വെച്ചു. എന്നിട്ട് ഇപ്പോൾ പറയുന്നു അല്ലാഹുവിൽനിന്ന് ഭിന്നിപ്പകറ്റാൻവേണ്ടി ആരും വരേണ്ട ആവശ്യമില്ലെന്ന്!

ഉപര്യുക്ത വിഷയത്തിൽ ഇങ്ങനെയൊരു ചോദ്യമുണ്ടായേക്കാം. സങ്കൽപിക്കുക, ആളുകൾ ഹദ്റത്ത് മൂസാ(അ)യുടെ ശരീഅത്തനുസരിച്ചുതന്നെ കർമം ചെയ്തുകൊണ്ടിരിക്കുകയും ഭിന്നിക്കാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ നബി(സ)തിരുമേനി മുഖേന സമ്പൂർണ ശരീഅത്തും സമ്പൂർണ അധ്യാപനവും വരുമായിരുന്നില്ലേ? ഇതിനുള്ള മറുപടി ഇതാണ്: ഇതു സാങ്കൽപികമായ വചനമാണ്. യഥാർഥത്തിൽ ഭിന്നിപ്പുണ്ടാക്കുന്നതിൽനിന്ന് ജനങ്ങൾ പിന്മാറുകയില്ലായിരുന്നു. ഈ അധ്യാപനം വരുന്നതിൽനിന്ന് തടസ്സമുണ്ടാകാതിരിക്കുകയും ചെയ്യുമായിരുന്നില്ല. ഇനി അങ്ങനെ അവസ്ഥ ഉണ്ടായാലും അല്ലാഹു അതിനു നല്കിയ മറുപടി ഇതാണ് **ലവ് കാന ഫിൽഅർളി മലാഇക്കത്തുൻ യ്യംശൂന മുത്വ്മഇന്നീന ല നസ്സൽനാ അലയ്ഹിം മിനസ്സമാഇ മലക്കൻർറസൂലൻ** പറയുക, ഭൂമിയിൽ ശാന്തരായി നടക്കുന്ന മലക്കുകളുണ്ടായിരുന്നെങ്കിൽ നാം അവർക്ക് ആകാശത്തുനിന്ന് ഒരു മലക്കിനെ ദൂതനായി ഇറക്കുമായിരുന്നു.'(17:96) അതായത് എല്ലാ മനുഷ്യരും നല്ലവരായിരുന്നുവെങ്കിൽ നാം അവരിൽ എല്ലാ ഓരോരുത്തരിലും നമ്മുടെ വചനം ഇറക്കുമായിരുന്നു. അതായത് ഈ രീതിയിൽ ജനങ്ങളിലേക്ക് ഒരു നബി അയക്കപ്പെടുമായിരുന്നില്ല പ്രത്യുത എല്ലാവരും നബിമാരാകുമായിരുന്നു. നിഷേധത്തിന്റേയും അവിശ്വാസത്തിന്റേയും പ്രശ്നംതന്നെ ഉണ്ടാകുമായിരുന്നില്ല. എന്നാൽ, ലോകത്തെല്ലാവരും നല്ലവരായില്ല, നബിമാരുടെ നിയമനം അല്ലാഹു നിറുത്തിയതുമില്ല.

**ഹുദൻ വ്വ റഹ്മത്തൻ ല്ലിഖൗമിൻ യുഅ്മിനൂൻ** എന്നതിൽ വിഷയത്തിന്റെ രണ്ടാമത്തെ വശം എടുത്തിരിക്കുകയാണ്. ആരാണോ ഭിന്നിക്കുന്നത് അവർക്കുള്ള നിന്റെ ജോലി വിശുദ്ധ ഖുർആനിന്റെ അടിസ്ഥാനത്തിൽ അവരുടെ ഭിന്നിപ്പ് അകറ്റുക എന്നതാണ്. മുഅ്മിനായിട്ടുള്ളവർക്കുവേണ്ടി ദർജകൾ അഭിവൃദ്ധിപ്പെടുന്നതിനും കാരുണ്യം കരസ്ഥമാക്കുന്നതിനുമുള്ള മാർഗം ഈ ഖുർആൻ മുഖേന നല്കുക."*(തഫ്സീർ കബീർ, വാള്യം 4, പേജ് 189, പ്രസാധനം 2010 ഖാദിയാൻ*

# ഖുത്ബ ജുമുഅ

**നബി(സ)തിരുമേനിയുടെ രണ്ടു പ്രാവശ്യം പറഞ്ഞു:**
*“നമസ്കരിച്ചുകൊണ്ടിരിക്കുന്നവരെ വധിക്കുന്നത് എനിക്ക് തടയപ്പെട്ടിരിക്കുന്നു.”*
*ഇതു ഇക്കാലത്തുള്ള മുസ്‌ലിമീങ്ങൾക്കും പാഠമാണ്*

ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപങ്ങളായ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശ്(റ), ഹദ്റത്ത് സ്വാലിഹ് ശഖ്റാൻ(റ), ഹദ്റത്ത് മാലിക് ബിൻ ദുഖ്ശം(റ), ഹദ്റത്ത് ഉക്കാശ(റ), ഹദ്റത്ത് ഖാരിജ ബിൻ സയ്ദ്, ഹദ്റത്ത് ഖാലിദ് ബിൻ ബുകയ്ർ(റ) ഹദ്റത്ത് അമ്മാർ ബിൻ യാസിർ(റ) എന്നിവരുടെ ജീവചരിത്രത്തിന്റെ ചില വശങ്ങളുടെ ഹൃദയഹാരിയായ ചർച്ച

ബുർക്കിനാ ഫാസോയിലെ മഹ്ദിയാബാദിൽ 9 അഹ്മദികളുടെ വേദനാജനകമായ ശഹാദത്ത്. ശഹീദുമാരുടെ ദർജകളുടെ ഉന്നതിക്കും ഇപ്രകാരം തന്നെ ബുർക്കിനാ ഫാസോയിലെ അവസ്ഥകൾക്കും ജമാഅത്തംഗങ്ങൾക്കുംവേണ്ടി ദുആയ്ക്കുള്ള ആഹ്വാനം.

**ഖുത്ബ ജുമുഅ 2023 ജനുവരി 13/1401 സ്വുൽഹ് 13**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- اَلرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഞാൻ കഴിഞ്ഞ ഖുത്ബയിൽ പറഞ്ഞതുപോലെ ചില സ്വഹാബാക്കളുടെ പരാമർശങ്ങളിൽ ബാക്കിയുള്ള ഭാഗങ്ങൾ വിവരിക്കുന്നതായിരിക്കും. ഈ വിവരണങ്ങളിൽ ഇന്ന് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിനെ കുറിച്ച് ആദ്യം പറയുന്നതാണ്. അദ്ദേഹത്തിന്റെ ബന്ധം ബനൂഅസദ് ഗോത്രവുമായിട്ടായിരുന്നു. ഈ ഗോത്രം ബനീ അബ്ദുശ്ശംസിന്റെ ശാഖയായിരുന്നു എന്ന് ചിലർ പറയുന്നുണ്ട്. ചിലരുടെ അഭിപ്രായ പ്രകാരം ഈ ഗോത്രം ഹർഫ് ബിൻ ഉമയ്യയുടെ ശാഖ ആയിരുന്നുവെന്നും പറയുന്നുണ്ട്.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാല്യം 3, പേജ് 195, അബ്ദുല്ലാഹ് ബിൻ ജഹ്ശ് ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റത്ത് 2003)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിന്റെ പൊക്കത്തേയും വണ്ണത്തേയും കുറിച്ച് വരുന്നു, അദ്ദേഹം പൊക്കം കൂടിയതൊ കുറഞ്ഞതോ ആയ ആളല്ലായിരുന്നു. അദ്ദേഹത്തിന്റെ തലമുടി വളരെ ഇടതൂർന്നതായിരുന്നു.(അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് അൽജുസുഉഥ്ഥാലിസ്, പേജ് 67, അബ്ദുല്ലാഹ് ബിൻ ജഹ്ശ് ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റത്ത് 2003)

ഒരു യുദ്ധ നടപടിയുടെ അവസരത്തിൽ അദ്ദേഹത്തെ അമീറാക്കി നിയമിച്ചുകൊണ്ട് നബി(സ)തിരുമേനി പറഞ്ഞ കാര്യങ്ങൾ അദ്ദേഹത്തിന്റെ സുദൃഢതയെയും സ്ഥൈര്യത്തെയും നിർഭയത്വത്തെയും വെളിപ്പെടുത്തുന്നതായിരുന്നു. ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ) പറയുന്നു: ‘നബി(സ)തിരുമേനി പറഞ്ഞു: ‘ഞാൻ നിങ്ങൾക്കുമേൽ അമീറായി നിയമിക്കുന്ന വ്യക്തി ഒരു പക്ഷേ, നിങ്ങളെക്കാൾ മികച്ചവനല്ലായിരിക്കാം, എന്നാൽ, വിശപ്പും ദാഹവും സഹിക്കുന്നതിൽ നിങ്ങളെക്കാൾ ശക്തിയുള്ള വ്യക്തിയായിരിക്കും. തുടർന്ന് പറയുന്നു: ‘ഞങ്ങൾ അബ്ദുല്ലാഹ് ബിൻ ജഹ്ശിന്റെ നേതൃത്വത്തിൽ മക്കയ്ക്കും ത്വാഇഫിനുമിടയിലുള്ള നഖ്ല താഴ്വരയിലേക്ക് പോയി.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 1, പേജ് 481–482, മുസ്നദ് സഅ്ദ് ബിൻ അബീവഖാസ്, ഹദീഥ് 1539, പ്രസാധനം ആലമുൽകുതുബ് ബെയ്റുത്ത് 1998) (അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നി കഥീർ, ഭാഗം 2, പേജ് 365–366, ദിക്റു അവ്വലിൽ മഗാസി വ ഹിയ ഗസ്‌വത്തുൽഅബ്വാഉ, പ്രസാധനം ദാറുൽമഅ്രിഫ ബെയ്റുത്ത് 1976)

ഈ യുദ്ധ നടപടിയിൽ വിജയം വരിച്ചശേഷം ലഭിച്ച ഗനീമത്ത് അഥവാ യുദ്ധമുതലിനെ കുറിച്ച് ഇപ്രകാരം എഴുതുന്നു: ‘ചിലരുടെ അഭിപ്രായപ്രകാരം ഈ യുദ്ധത്തിൽനിന്ന് ലഭിച്ച ഗനീമത്തുമുതൽ ആദ്യമായി മുസ്‌ലിമീങ്ങൾ നേടിയെടുത്ത ഗനീമത്തു മുതലാണ്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശ്(റ) ഈ ഗനീമത്തുമുതലിനെ അഞ്ചു ഭാഗമായി തിരി ക്കുകയും അതിൽ നാലു ഭാഗം വിതരണം ചെയ്യുകയും ബാക്കി വന്ന ഒരു ഭാഗം ബയ്ത്തുൽ മാലിനുവേണ്ടി മാറ്റി വെക്കുകയും ചെയ്തു. ഇത് അന്നേ ദിവസം നിശ്ചയിക്കപ്പെട്ട ആദ്യത്തെ ഖുമുസ്(അഞ്ചിൽ ഒന്ന്) ആണ്.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാല്യം 3, പേജ് 195, അബ്ദുല്ലാഹ് ബിൻ ജഹ്ശ് ദാറുൽ കുതുബുൽഇൽമിയ്യ, ബെയ്റത്ത് 2003)

ഇമാം ശഅ്ബിയിൽനിന്ന് നിവേദനം: ഇസ്‌ലാമിൽ പതാകയുടെ തുടക്കമിട്ടത് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശ് ആയിരുന്നു. അതുപോലെ ആദ്യമായി ഗനീമത്ത് മുതൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശ് മുഖേന കരസ്ഥമാകുകയും വിതരണം ചെയ്യപ്പെടുകയും ചെയ്തു.(ഹുലിയത്തുൽ ഔലിയാഅ് വ ത്വബഖാത്തുൽ അസ്ഫിയാഅ്, വാല്യം 1 പേജ് 108, അബ്ദുല്ലാഹ് ബിൻ ജഹ്ശ്, ദാറുൽ ഫിക്ർ, ബെയ്റുത്ത് 1996)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്തു ഖാത്തമുന്നബിയ്യീനിൽ ഇദ്ദേഹത്തെ കുറിച്ച് പറയുന്നു: “മക്കയിലെ ഒരു നേതാവായിരുന്ന കുർസ് ബിൻ ജാബിർ ഖുറയ്ശികളുടെ ഒരു സംഘവുമായി കൗശലത്തോടെ മദീന പട്ടണത്തിന് വെറും മൂന്ന് മൈൽ ദൂരത്തുള്ള മേച്ചിൽ പുറത്തിൽ മിന്നലാക്രമണം നടത്തുകയും (ഇത് വേറെ യുദ്ധമാണ്) മുസ്‌ലിമീങ്ങളുടെ ഒട്ടകങ്ങളെയും മറ്റും തെളിച്ച് കൊണ്ടുപോകുകയും ചെയ്തു. ഈ മിന്നലാക്രണം സ്വാഭാവികമായും മുസ്‌ലിമീങ്ങളെ കോപാകുലരാക്കി. മദീനയെ ആക്രമിച്ച് മുസ്‌ലിമീങ്ങളെ ഉന്മൂലനം ചെയ്യുമെന്നുള്ള ഖുറയ്ശി നേതാക്കന്മാരുടെ ഭീഷണി മുമ്പേതന്നെ നിലനിന്നിരുന്നതുകൊണ്ട് മുസ്‌ലിമീങ്ങൾ വളരെയധികം ചിന്താകുലരായി. ഈ അപായങ്ങളെ മുൻനിറുത്തി ഖുറയ്ശികളുടെ നീക്കങ്ങളെ കുറിച്ച് യഥാസമയം അറിയുന്നതിനും മദീന എല്ലാ തരത്തിലുമുള്ള മിന്നലാക്രമണത്തിൽ നിന്ന് സുരക്ഷിതമായിരിക്കുന്നതിനും ഖുറയ്ശികളുടെ നീക്കങ്ങളെ സൂക്ഷ്മമായിത്തന്നെ അറിയണമെന്ന് നബി(സ)തിരുമേനി തീരുമാനിച്ചു. ഇതിനെ കുറിച്ച് മുമ്പേയും പരാമർശിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹം പറയുന്നു: അങ്ങനെ നബി(സ)തിരുമേനി ഈ ലക്ഷ്യത്തിനുവേണ്ടി എട്ടുപേരടങ്ങുന്ന മുഹാജിരീങ്ങളുടെ ഒരു സംഘത്തെ തയ്യാറാക്കി. ഖുറയ്ശികളുടെ രഹസ്യനീക്കങ്ങളെ കുറിച്ച് വിവരം എളുപ്പം ലഭിക്കുന്നതിന് ബുദ്ധിപൂർവ്വം ഈ സംഘത്തിൽ ഖുറയ്ശികളുടെ വിവിധ ഗോത്രങ്ങളിലെ വ്യക്തികളെ നിയമിച്ചു. ഈ സംഘത്തിന്റെ അമീറായി നബി(സ)തിരുമേനി തന്റെ പിതൃസഹോദരി പുത്രൻ അബ്ദുല്ലാഹ് ബിൻ ജഹ്ശിനെ നിയമിക്കുകയും ചെയ്തു. ഈ സംഘത്തിന്റെ ദൗത്യലക്ഷ്യം സാധാരണ മുസ്‌ലിമീങ്ങളിൽ നിന്നും രഹസ്യമായിരിക്കുന്നതിന് ഈ സംഘത്തിന്റെ അമീറിനോടുപോലും അവരെ എങ്ങോട്ട് എന്തു ലക്ഷ്യത്തിനുവേണ്ടിയാണ് അയക്കുന്നതെന്ന് പറഞ്ഞില്ല. പ്രത്യുത അവർ യാത്രയാകുമ്പോൾ അവരുടെ കൈയിൽ ഒരു സീലു വെച്ച കത്തു നൽകുകയും ഈ കത്തിൽ നിങ്ങൾക്കുള്ള നിർദേശങ്ങളുണ്ടെന്ന് പറയുകയും ചെയ്തു. ഈ സംഭവം മുമ്പേയും വിവരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിന്റെ വിശദീകരണം പരാമർശിച്ചിരുന്നില്ല.

അദ്ദേഹം എഴുതുന്നു: “നബി(സ)തിരുമേനി അവരോടു പറഞ്ഞു; നിങ്ങൾ മദീനയിൽനിന്ന് പുറപ്പെട്ട് രണ്ടു ദിവസത്തെ യാത്ര പൂർത്തിയാക്കുമ്പോൾ ഈ കത്ത് തുറന്നു നോക്കുകയും ഇതിലെ നിർദേശങ്ങളനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക. അങ്ങനെ അബ്ദുല്ലായും അദ്ദേഹത്തിന്റെ കൂട്ടാളികളും തങ്ങളുടെ യജമാനന്റെ കൽപന പ്രകാരം പുറപ്പെടുകയും രണ്ടു ദിവസത്തെ യാത്ര പൂർത്തിയാക്കിയതിനുശേഷം അബ്ദുല്ലാഹ് നബി(സ)തിരുമേനിയുടെ കത്ത് തുറന്ന് നോക്കുകയും ചെയ്തു. അതിൽ ഇപ്രകാരം എഴുതിയിരുന്നു, “നിങ്ങൾ മക്കക്കും ത്വാഇഫിനും ഇടയിലുള്ള നഖ്ല താഴ്വരയിലേക്ക് പോകുകയും ഖുറയ്ശികളുടെ അവസ്ഥകളെ കുറിച്ച് അറിയുകയും നമ്മെ അറിയിക്കുകയും ചെയ്യുക. മക്കയുടെ ഇത്രയും അടുത്തുപോയി വിവരങ്ങൾ ശേഖരിക്കുക വളരെ ആപൽക്കരമായ ഒരു ജോലിയായിരുന്നു.

അതിനാൽ നബി(സ)തിരുമേനി ആ കത്തിന്റെ അവസാനത്തിൽ ഇപ്രകാരം ഒരു നിർദേശവും എഴുതിയിരുന്നു, ഈ വിവരങ്ങൾ അറിഞ്ഞതിനുശേഷം നിങ്ങളുടെ സംഘത്തിലെ ആരെങ്കിലും ഈ സംഘത്തോടൊപ്പം തുടരുന്നതിൽ അമാന്തിക്കുകയും തിരിച്ചുവരാൻ ആഗ്രഹിക്കുകയും ചെയ്യുകയാണെങ്കിൽ ആ വ്യക്തിയെ തിരികെ വരാൻ അനുവദിക്കുകയും ചെയ്യുക.

അബ്ദുല്ലാഹ് നബി(സ)തിരുമേനിയുടെ ഈ നിർദേശത്തെ തന്റെ കൂട്ടാളികളെ കേൾപ്പിച്ചപ്പോൾ അവർ എല്ലാവരും ഒരേ സ്വരത്തിൽ തങ്ങളെല്ലാവരും സസന്തോഷം ഈ സേവനത്തിന് തയ്യാറാണെന്ന് അറിയിക്കുകയുണ്ടായി. ഇതിനുശേഷം ഈ സംഘം നഖ്ലയിലേക്ക് യാത്ര തിരിച്ചു. വഴിയിൽ ബുഹ്റാൻ എന്ന സ്ഥലത്തെത്തിയപ്പോൾ സഅ്ദ് ബിൻ അബീ വഖാസിന്റേയും ഉത്ബ ബിൻ ഗസ്‌വാന്റേയും ഒട്ടകം കാണാതെ പോകുകയും അവർ അതിനെ തിരഞ്ഞ്തിരഞ്ഞ് തങ്ങളുടെ കൂട്ടാളികളിൽനിന്ന് വിട്ടുപോകുകയും ചെയ്തു. വളരെയധികം തിരഞ്ഞതി

നു ശേഷവും അതിനെ കണ്ടെത്താൻ കഴിഞ്ഞില്ല. അങ്ങനെ ഈ സംഘം ആറ് ആളുകളായി ചുരുങ്ങി. (സഅ്ദ് ബിൻ അബി വഖാസിനെ കുറിച്ച് പരാമർശിച്ചപ്പോൾ ഇതിന്റെ ചില ഭാഗങ്ങൾ വിവരിച്ചു കഴിഞ്ഞതാണ്).

വീണ്ടും എഴുതുന്നു: മിസ്റ്റർ മാർഗോലീസ് ഈ സംഭവത്തെ കുറിച്ച് ഇപ്രകാരം എഴുതുന്നു, 'സഅ്ദ് ബിൻ അബീ വഖാസ്വും ഉത്ബ ബിൻ ഗസ്വാനും മനപ്പൂർവ്വം തങ്ങളുടെ ഒട്ടകത്തെ ഉപേക്ഷിക്കുകയും അങ്ങനെ സംഘത്തിൽനിന്ന് വിട്ടുമാറുകയും ചെയ്തു.' ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: "ഇസ്‌ലാമിനു വേണ്ടി ജീവിതം സമർപ്പിച്ച ഈ വ്യക്തികളുടെ ജീവിതത്തിലെ ഓരോ സംഭവങ്ങളും അവരുടെ ധൈര്യത്തിന്റേയും അർപ്പണമനോഭാവത്തിന്റേയും സാക്ഷ്യങ്ങളാണ്. ഇതിൽ ഒരാൾ ബിഅ്റെ മഊന യുദ്ധത്തിൽ കാഫിറുകളാൽ ശഹീദാക്കപ്പെടുകയും മറ്റൊരാൾ ധാരാളം അപകടകരമായ യുദ്ധങ്ങളിൽ നിർണായക പങ്ക് വഹിക്കുകയും അവസാനം ഇറാഖിനെ ജയിച്ചടക്കുകയും ചെയ്തു. ഇത്തരം ആളുകളുടെ മേൽ ഇത്തരത്തിലുള്ള സംശയങ്ങൾ വെച്ചുപുലർത്തുകയും അതും തന്റെ മനസ്സിൽ തോന്നിയതുപോലെ സംശയം പ്രകടിപ്പിക്കുകയും ചെയ്യുന്നത് മിസ്റ്റർ മാർഗോലീസിനുമാത്രം ഭൂഷണമാണ്." അദ്ദേഹം എഴുതുന്നു: "മാർഗോലീസ് സാഹിബ് തന്റെ ഗ്രന്ഥത്തിൽ പറയുന്നു: 'ഞാൻ ഈ പുസ്തകം തികച്ചും പക്ഷപാതരഹിതമായിട്ടാണ് എഴുതിയിട്ടുള്ളത്. പക്ഷേ, ഈ വാക്കും ആക്ഷേപാർഹമാണ്." എഴുതുന്നു: "മുസ്‌ലിമീങ്ങളുടെ ഈ ചെറിയ സംഘം നഖ്‌ലയിലെത്തി തങ്ങളുടെ പ്രവർത്തനങ്ങളിൽ വ്യാപൃതരായി. അവരിൽ ചിലർ രഹസ്യം സൂക്ഷിക്കണമെന്ന ചിന്തയിൽ തങ്ങളുടെ തല മുണ്ഡനം ചെയ്തു. അങ്ങനെയാകുമ്പോൾ വഴിപോക്കരും മറ്റും അവർ ഉംറക്ക് പോകുന്നവരാണെന്ന് കരുതി സംശയിക്കുകയില്ല. പക്ഷേ, അവർ അവിടെയെത്തി കുറച്ച് സമയം കഴിഞ്ഞപ്പോഴേക്കും പെട്ടെന്ന് അവിടെ ഖുറയ്ശികളുടെ ഒരു ചെറിയ സംഘം എത്തിപ്പെട്ടു. അവർ താഇഫിൽനിന്ന് മക്കയിലേക്ക് പോകുകയായിരുന്നു. ഈ രണ്ടു സംഘങ്ങളും പരസ്പരം മുഖാമുഖം വന്നു. എന്ത് ചെയ്യണമെന്ന് മുസ്‌ലിമീങ്ങൾ പരസ്പരം കൂടിയാലോചിച്ചു.

നബി(സ)തിരുമേനി അവരെ രഹസ്യമായി വിവരങ്ങളറിയാൻ അയച്ചതായിരുന്നു. എന്നാൽ, മറുഭാഗത്ത് യുദ്ധം ആരംഭിച്ചിട്ടുണ്ടായിരുന്നു. ഇപ്പോൾ രണ്ടു ശത്രു പക്ഷവും മുഖാമുഖമാണുള്ളത്. മാത്രമല്ല, ഖുറയ്ശികളുടെ സംഘക്കാർ സ്വാഭാവികമായും മുസ്‌ലിമീങ്ങളെ കാണുമ്പോൾ സന്ദേശ കൈമാറ്റമെന്ന രഹസ്യം മറഞ്ഞിരിക്കുകയുമില്ല. ഒരു സമയത്ത് ചില മുസ്‌ലിമീങ്ങൾ ഇങ്ങനെയും ചിന്തിച്ചു. ഒരു പക്ഷേ, ഇത് റജബിലെ ദിവസമാകുന്നു. അതായത് വിശുദ്ധ മാസങ്ങളിലെ അവസാനഘട്ടമാകുന്നു. അതിൽ അറബികളുടെ പുരാതന നിയമമനുസരിച്ച് യുദ്ധങ്ങൾ ചെയ്യാൻ പാടില്ല. ഇവർ കരുതിയത് റജബ് കഴിഞ്ഞ് ശഅ്ബാൻ തുടങ്ങി എന്നാണ്. ചില നിവേദനങ്ങളനുസരിച്ച് ഈ സംഘം ജുമാദുൽ ആഖിറിലാണ് അയക്കപ്പെട്ടത്. സംശയമുണ്ടായത് ഈ ദിവസം ജുമാദിന്റേതാണോ റജബിന്റേതാണോ എന്നതായിരുന്നു. എന്നാൽ, മറുഭാഗത്ത് നഖ്‌ല താഴ്‌വര ഹറം പ്രദേശത്തിന്റെ അതിർത്തിയിലായിരുന്നു. ഇന്ന് ഒരു തീരുമാനമുണ്ടാകുന്നില്ലെങ്കിൽ നാളെ ഈ സംഘം ഹറം പ്രദേശത്ത് പ്രവേശിക്കുന്നതായിരിക്കും.അതുകൊണ്ട് അതിന്റെ വിശുദ്ധി അനിവാര്യമാണ്. ചുരുക്കത്തിൽ ഈ കാര്യങ്ങളെല്ലാം ചിന്തിച്ചപ്പോൾ ഒടുവിൽ മുസ്‌ലിമീങ്ങൾ സംഘാംഗങ്ങളെ ആക്രമിക്കുകയോ ബന്ധനസ്ഥരാകുകയോ അതുമല്ലെങ്കിൽ വധിക്കുകയോ ചെയ്യാമെന്ന് തീരുമാനിച്ചു. അങ്ങനെ അവർ അല്ലാഹുവിന്റെ നാമത്തിൽ യുദ്ധം തുടങ്ങി. അതിന്റെ ഫലമായി അവിശ്വാസികളിലെ ഒരു വ്യക്തി അംറ് ബിൻ ഖള്റമി കൊല്ലപ്പെടുകയും രണ്ടു പേർ തടവിലാകുകയും ചെയ്തു. എന്നാൽ, ദൗർഭാഗ്യവശാൽ നാലാമത്തെ വ്യക്തി ഓടിപ്പോയി. മുസ്‌ലിമീങ്ങൾക്ക് അയാളെ പിടിക്കാൻ കഴിഞ്ഞില്ല.. അങ്ങനെ അവരുടെ പദ്ധതി വിജയിച്ചുകൊണ്ടിരിക്കെ തന്നെ പാഴായിപ്പോയി.

അതിനുശേഷം മുസ്‌ലിമീങ്ങൾ ആ സംഘത്തിന്റെ സാധനസാമഗ്രികൾ കൈക്കലാക്കി. ഖുറയ്ശികളിലെ ഒരാൾ ഓടി രക്ഷപ്പെട്ടതായിരുന്നു. അതുകൊണ്ട് ഈ ആക്രമണത്തെ കുറിച്ച് ഉടൻതന്നെ മക്കയിൽ വാർത്ത എത്തുമെന്ന് ഉറപ്പായിരുന്നു. അബ്ദുല്ലാഹ് ബിൻ ജഹശും കൂട്ടുകാരും സമരാർജ്ജിത മുതലുകളുമായി വേഗം വേഗം മദീനയിലേക്ക് മടങ്ങിവന്നു.

എഴുതുന്നു: മിസ്റ്റർ മാർഗോലീസ് ഇവിടെ എഴുതുന്നു: "ഈ സന്ദർഭത്തിൽ മുഹമ്മദ്(സ) ഈ സംഘത്തെ ബോധപൂർവ്വം വിശുദ്ധനഗരത്തിലേക്ക് അയക്കാൻ കാരണം ഖുറയ്ശികൾ സ്വാഭാവികമായും ഈ മാസത്തിൽ അലസരായിരിക്കുമെന്നത് കൊണ്ടാണ്. അങ്ങനെ മുസ്‌ലിമീങ്ങൾക്ക് ഈ സംഘത്തെ കൊള്ളയടിക്കാനും എളുപ്പത്തിൽ കഴിയുമെന്ന് ഉറപ്പായിരുന്നു. എന്നാൽ, ബുദ്ധിയുള്ള ആർക്കും ഇത്രയും ചെറിയ ഒരു സംഘത്തെ ഇത്രയും വിദൂരമായ പ്രദേശത്തുപോയി കൊള്ളയടിക്കാൻ അയക്കുകയില്ലെന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ. പ്രത്യേകിച്ചും ശത്രുക്കളുടെ കേന്ദ്രം അവിടെ നിന്ന് വളരെ അടുത്തുമാണ്. കൂടാതെ ചരിത്രത്തിൽനിന്ന് കൃത്യമായും വ്യക്തമാകുന്നതെന്തെന്നാൽ ഈ സംഘത്തെ നബി(സ)തിരുമേനി വിവരങ്ങൾ മനസ്സിലാക്കുന്നതിന് വേണ്ടിയാണു അയച്ചിരുന്നത്. ഈ സ്വഹാബാക്കൾ ശത്രുസംഘത്തിനെ ആക്രമിച്ചു എന്നറിഞ്ഞപ്പോൾ നബി(സ)തിരുമേനി വളരെയേറെ ദേഷ്യപ്പെട്ടു. നിവേദനങ്ങളിൽ പറയുന്നു: 'ഈ സംഘം തിരിച്ച് നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി എല്ലാ കാര്യങ്ങളും അറിയിച്ചപ്പോൾ നബി(സ)തിരുമേനി ഏറെ കോപിക്കുകയുണ്ടായി. എന്നിട്ട് പറഞ്ഞു: "ഞാൻ നിങ്ങൾക്ക് വിശുദ്ധ നഗരത്തിൽ യുദ്ധം ചെയ്യാൻ അനുമതി നൽകിയിരുന്നില്ല. മാത്രമല്ല സമരാർജിത സ്വത്തുക്കൾ വാങ്ങാനും തയ്യാറായില്ല.'

അതിൽ ഹദ്റത്ത് അബ്ദുല്ലായും സുഹൃത്തുക്കളും വളരെയേറെ ലജ്ജിക്കുകയും അസ്വസ്ഥരാകുകയും ചെയ്തു. എത്രത്തോളമെന്നാൽ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും നീരസം കാരണം തങ്ങൾ നശിപ്പിക്കപ്പെട്ടു പോകുമോ എന്ന് അവർ ചിന്തിച്ചു. സ്വഹാബാക്കളും അവരെ വളരെയേറെ ഗുണദോഷിച്ചുകൊണ്ട് പറഞ്ഞു: 'നിങ്ങൾക്ക് നല്കപ്പെടാത്ത കൽപന പ്രകാരമാണ് പ്രവൃത്തിച്ചത്. നിങ്ങൾ വിശുദ്ധ നഗരത്തിൽ യുദ്ധം ചെയ്യുകയുണ്ടായി. ഈ ദൗത്യത്തിൽ യുദ്ധം ചെയ്യാൻ നിങ്ങളോട് കല്പിച്ചിട്ടു പോലുമില്ല." മറുഭാഗത്ത് ഖുറയ്ശികളും മുസ്‌ലിമീങ്ങൾ വിശുദ്ധ നഗരത്തെ അനാദരിച്ചു എന്ന് പറഞ്ഞ് ബഹളവെക്കാൻ തുടങ്ങി. മാത്രമല്ല കൊല്ലപ്പെട്ട അംറ് ബിൻ ഖള്റമി ഒരു നേതാവുമായിരുന്നു. കൂടാതെ അയാൾ മക്കയുടെ നേതാവായിരുന്ന ഉത്ബ ബിൻ റബീഅയുടെ സുഹൃത്തുമായിരുന്നു. അതും ഈ സംഭവത്തെ ഖുറയ്ശികളുടെ കോപാഗ്നി വർധിപ്പിക്കാൻ നിമിത്തമാക്കി. അവർ കുറേക്കൂടി ആവേശഭരിതരായി മദീനയെ ആക്രമിക്കാൻ തയ്യാറെടുത്തു തുടങ്ങി. ബദ്ർ യുദ്ധം ഖുറയ്ശികളുടെ ഈ തയ്യാറെടുപ്പിന്റേയും ശത്രുതാപരമായ ആവേശത്തിന്റേയുംകൂടി പരിമിതിയായിരുന്നു. ചുരുക്കത്തിൽ ഈ സംഭവം മുസ്‌ലിമീങ്ങൾക്കും കാഫിറുകൾക്കുമിടയിൽ ഒരുപാട് മുറുമുറപ്പിന് കാരണമായി. അവസാനം അല്ലാഹു മുസ്‌ലിമീങ്ങൾക്ക് സാന്ത്വനം നൽകിക്കൊണ്ട് ഇങ്ങനെ ഒരു ഖുർആനിക വചനമിറക്കി:

**യസ്അലൂനക്ക അനിശ്ശഹ്‌രിൽ ഹറാമി ഖിതാലിൻ ഫീഹി– ഖുൽ ഖിതാലുൻ ഫീഹി കബീർ–വ സ്വദ്ദുൻ അൻ സബീലില്ലാഹി വ കുഫ്റുൻ ബിഹീ വൽമസ്ജിദിൽഹറാമി–വ ഇഖ്റാജു അഹ്‌ലിഹീ മിൻഹ് അക്ബറു യിൻദല്ലാഹി–വൽഫിത്നത്തു അക്ബറു മിനൽ ഖത്‌ലി– വലാ യസാലൂന യുഖാത്തിലൂനക്കും ഹത്താ യർദ്ദൂക്കും അൻ ദീനിക്കും ഇനിസ്തത്വാഊ(2:218)**

അതായത് അവർ നിന്നോടു വിശുദ്ധ മാസങ്ങളിൽ യുദ്ധം ചെയ്യുന്നതിനെ കുറിച്ച് ചോദിക്കുന്നു. നീ അവരോടു പറയുക. തീർച്ചയായും വിശുദ്ധ മാസങ്ങളിൽ യുദ്ധം ചെയ്യുന്നത് വളരെ കഠിനമായ സംഗതി ആകുന്നു. എന്നാൽ, വിശുദ്ധ മാസത്തിൽ അല്ലാഹുവിന്റെ ദീനിൽനിന്ന് ജനങ്ങളെ നിർബന്ധപൂർവ്വം തടയുകയും മാത്രമല്ല വിശുദ്ധ മാസത്തിലും പരിശുദ്ധ മസ്ജിദിലും കുഫ്ർ ചെയ്യുന്നത് അതായത് അതിന്റെ പരിശുദ്ധിയെ ഹനിക്കുന്നതും പിന്നെ വിശുദ്ധ സ്ഥലത്തുനിന്ന് അവിടെ വസിക്കുന്നവരെ ബലമായി തടയുന്നതും അല്ലയോ മുശ്‌രിക്കീങ്ങളെ നിങ്ങൾ ഈ ചെയ്യുന്നതെല്ലാം അല്ലാഹുവിന്റെ പക്കൽ വിശുദ്ധ മാസങ്ങളിൽ യുദ്ധം ചെയ്യുന്നതിനേക്കാളും വലിയ തിന്മയാകുന്നു. തീർച്ചയായും വിശുദ്ധ മാസത്തിൽ നാട്ടിൽ ഫിത്‌ന ഉണ്ടാക്കുന്നത് ആ ഫിത്‌നയെ തടയുന്നതിന് വേണ്ടി ചെയ്യുന്നതാണെങ്കിൽ പോലും കൊലയെക്കാൾ ഭയാനകമാകുന്നു. അല്ലയോ മുസ്‌ലിമീങ്ങളേ നിഷേധികളുടെ അവസ്ഥയെന്തെന്നാൽ അവർ നിങ്ങളുടെ ശത്രുതയിൽ അന്ധന്മാരായിരിക്കുന്നു. ഏതു സമയത്തും ഏത് സ്ഥലത്തും നിങ്ങളുമായി യുദ്ധം ചെയ്യുന്നതിൽനിന്ന് അവർ പിന്മാറുന്നതല്ല. അവർ തങ്ങളുടെ ഈ യുദ്ധം തുടരുന്നതാണ്. എത്രത്തോളമെന്നാൽ അവർക്ക് സാധ്യമായിരുന്നുവെങ്കിൽ അവർ നിങ്ങളെ നിങ്ങളുടെ ദീനിൽനിന്ന് പിന്തിരിപ്പിക്കുമായിരുന്നു.

ചരിത്രത്തിൽ നിന്ന് വ്യക്തമാകുന്നതെന്തെന്നാൽ ഇസ്‌ലാമിന്നെതിരിൽ ഖുറയ്ശി മൂപ്പന്മാർ തങ്ങളുടെ രക്തച്ചൊരിച്ചിലിനുള്ള പ്രോപഗണ്ട വിശുദ്ധ മാസങ്ങളിലും അഭംഗുരം തുടർന്നിരുന്നു. മാത്ര മല്ല വിശുദ്ധ മാസങ്ങളിലെ കൂട്ടായ്മകളെയും യാത്രകളെയും പ്രയോജനപ്പെടുത്തി അവർ ഈ മാസങ്ങളിൽ തങ്ങളുടെ കലാപ പരിപാടികളും കൂടുതൽ സജീവമാക്കിയിരുന്നു. പിന്നെ നിർലജ്ജം തങ്ങളുടെ മനസ്സുകൾക്ക് വ്യാജമായി സാന്ത്വനം നൽകുന്നതിന് ഈ ആദരണീയ മാസങ്ങളെ അതിന്റെ സ്ഥാനങ്ങളിൽനിന്ന് മാറ്റുകയും ചെയ്തിരുന്നു. അതിനെ അവർ 'നസിയ' എന്നാണ് പറഞ്ഞിരുന്നത്. പിന്നെ കുറേക്കൂടി കഴിഞ്ഞപ്പോൾ അവർ ഈ കാര്യത്തിൽ ഭയങ്കരമായ മാറ്റം വരുത്തി. ഹുദയ്ബിയ സന്ധിയുടെ കാലഘട്ടത്തിൽ വ്യക്തമായ ഉടമ്പടി ഉണ്ടായിരുന്നിട്ടുകൂടി മക്കയിലെ നിഷേധികളും അവരുടെ കൂട്ടാളികളും വിശുദ്ധ പ്രദേശങ്ങളിൽ വെച്ച് മുസ്‌ലിമീങ്ങളുടെ ഒരു സഖ്യഗോത്രത്തിന്നെതിരിൽ വാൾ ചുഴറ്റുകയുണ്ടായി. തുടർന്ന് മുസ്‌ലിമീങ്ങൾ ഈ ഗോത്രത്തെ സഹായിക്കാൻ വേണ്ടി പുറപ്പെട്ടപ്പോൾ അവർക്കെതിരിലും അവർ ഹറമിൽപോലും വാളുപയോഗിച്ചു. ചുരുക്കത്തിൽ ഈ മറുപടിയോടുകൂടി മുസ്‌ലിമീങ്ങൾക്ക് സാന്ത്വനം കിട്ടിയിരുന്നു. ഖുറയ്ശികളും കുറെയൊക്കെ തണുത്തു. ഇതിന്നിടയിൽ അവരുടെ ഒരാൾ രണ്ടു ബന്ധനസ്ഥരെ മോചിപ്പിക്കാൻ വേണ്ടി മദീനയിലെത്തി. എന്നാൽ, സഅ്ദ് ബിൻ അബി വഖാസ്വും ഉത്ബയും തിരിച്ചു വന്നിട്ടുണ്ടായിരുന്നില്ല. അവർ ഖുറയ്ശികളുടെ കൈയിൽ പെടുകയാണെങ്കിൽ ഖുറയ്ശികൾ അവരെ ജീവനോടെ വിടില്ലെന്ന് നബി(സ) തിരുമേനി ഏറെ ആശങ്കപ്പെടുകയും ചെയ്തിരുന്നു. അതുകൊണ്ട് നബി(സ)തിരുമേനി അവർ തിരിച്ചു വരുന്നതുവരെയും ബന്ദികളെ വിട്ടയക്കുന്നതിൽ വിസമ്മതിച്ചു. എന്നിട്ട് പറഞ്ഞു: "എന്റെ ആളുകൾ സുരക്ഷിതമായി തിരിച്ചെത്തുകയാണെങ്കിൽ നിങ്ങളുടെ ആളുകളെ വിട്ടയക്കുന്നതാണ്." അങ്ങനെ അവർ രണ്ടുപേരും തിരിത്തു വന്നപ്പോൾ നബി(സ) തിരുമേനി ഫിദ്‌യ വാങ്ങി രണ്ടു ബന്ദികളേയും മോചിപ്പിച്ചു. എന്നാൽ, ഈ ബന്ദികളിൽ ഒരാൾ മദീനയിൽ താമസിക്കുന്ന വേളയിൽ നബി(സ)തിരുമേനിയുടെ വിശുദ്ധ സ്വഭാവത്തിലും ഇസ്‌ലാമിക അധ്യാപനങ്ങളുടെ സത്യസാക്ഷ്യത്തിലും വളരെ പ്രഭാവിതനാവുകയുണ്ടായി. അയാൾ സ്വാതന്ത്രനായെങ്കിലും തിരിച്ചുപോകാൻ വിസമ്മതിച്ചു. നബി(സ) തിരുമേനിയുടെ കൈകളിൽ മുസ്‌ലിമായിക്കൊണ്ട് തിരുനബിയുടെ സംഘത്തിൽ ചേർന്നു. അവസാനം ബിഅ്റെ മഊനയിൽ ശഹീദായി. അദ്ദേഹത്തിന്റെ പേര് ഹക്കം ബിൻ കയ്സാൻ എന്നായിരുന്നു."(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ), പേജ് 330–334)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിന്റെ വാൾ ഉഹുദ് യുദ്ധ ദിവസം പൊട്ടിപ്പോയിരുന്നു. നബി (സ)തിരുമേനി അദ്ദേഹത്തിന് ഉർജൂൻ അതായത് ഈന്തപ്പനയുടെ ഒരു ശാഖ നൽകുകയുണ്ടായി. അതദ്ദേഹത്തിന്റെ കൈയിൽ വാളിന് പകരമായിരുന്നു.

അന്നേ ദിവസം മുതൽ അദ്ദേഹം ഉർജൂൻ എന്ന സംജ്ഞാനാമ:ിലും പ്രസിദ്ധനായിരുന്നു.(ഉസുദുൽഗാബ ഫീ മഅ്‌രിഫത്തിസ്സ്വഹാബ, വാല്യം 3, പേജ് 196, അബ്ദുല്ലാഹ് ബിൻ ജഹ്ശ്, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റൂത്ത് 2003)

അബൂ നയീം പറയുന്നു: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശ്(റ) തന്റെ നാഥനെ പിടിച്ച് സത്യം ചെയ്യുന്നവനും ദൈവിക സ്നേഹം മനസിൽ കുടിയിരുത്തിയ ആളും ഏറ്റവുമാദ്യം ഇസ്‌ലാമിക പതാക സ്ഥാപിച്ചയാളുമായിരുന്നു.(ഹുൽയത്തുൽഔലിയാ വ ത്വബഖാത്തുൽ അസ്ഫിയാ, വാല്യം 1, പേജ് 108 , അബ്ദുല്ലാഹ് ബിൻ ജഹ്ശ്, ദാറുൽഫിക്ർ ബെയ്റൂത്ത് 1996)

ഇമാം ശഅ്ബിയിൽ നിന്നുള്ള നിവേദനം. അദ്ദേഹം പറഞ്ഞു: "എന്റെയടുക്കൽ ബനീ ആമിറിലെയും ബനീ അസദിലെയും രണ്ടു വ്യക്തികൾ പരസ്പരം വഴക്കും വക്കാണവുമായി വരികയുണ്ടായി. ബനീ ആമിറിലെ വ്യക്തി ബനീ അസദിന്റെ ആളുടെ കൈയിൽ പിടിച്ചിരുന്നു. അസദി പറയുന്നുണ്ടായിരുന്നു: 'എന്റെ കൈ വിടൂ." പക്ഷേ, ആമിരി പറയുന്നത് അല്ലാഹുവാണ! 'ഞാൻ നിന്നെ വിടുന്നതല്ല.' ഇമാം ശഅ്ബി പറയുന്നു: ഞാൻ അയാളോട് പറഞ്ഞു, 'ബനീ ആമിറിന്റെ സഹോദരാ, അയാളെ വിടൂ.' അസദിയോട് പറഞ്ഞു, 'നിന്റെ ആറു മേന്മകൾ അറേബ്യയിൽ മറ്റാർക്കുമില്ല. അതിതാണ്:

ഒന്ന്, നിങ്ങളുടെ ഇടയിലുള്ള ഒരു സ്ത്രീ നബി(സ) തിരുമേനിയുമായി വിവാഹം ചെയ്യാൻ ആഗ്രഹിച്ചപ്പോൾ അല്ലാഹു അത് നടത്തിക്കൊടുത്തു. അവർക്ക് രണ്ടുപേർക്കും ഇടയിലുണ്ടായിരുന്ന സന്ദേശ വാഹകൻ ഹദ്റത്ത് ജിബ്‌രീൽ ആയിരുന്നു. ആ മഹതി സയ്നബ് ബിൻത് ജഹ്ശ് ആണ്. ഇത് നിന്റെ ഗോത്രത്തെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ കാര്യമാണ്. രണ്ട്, നിങ്ങളുടെയിടയിൽ ഉണ്ടായിരുന്ന ഒരാൾ സ്വർഗസ്ഥനായിരുന്നു. എന്നിട്ടും അദ്ദേഹം ഭൂമിയിൽ വിനയനായി സഞ്ചരിച്ചു. അദ്ദേഹം ഹദ്റത്ത് ഉക്കാശ ബിൻ മഹ്സ്വിൻ ആയിരുന്നു. ഇതും നിന്റെ ഗോത്രത്തെ സംബന്ധിച്ചിടത്തോളം അഭിമാനമാണ്. മൂന്ന്,

ഇസ്‌ലാമിൽ ആദ്യത്തെ പതാക നൽകപ്പെട്ടത് നിങ്ങളുടെ ഗോത്രത്തിലെ ഹദ്റത്ത് അബ്ദുല്ലാഹ് ബി ൻ ജഹ്ശിനായിരുന്നു. ഇതും നിന്റെ ഗോത്രത്തെ സംബന്ധിച്ചിടത്തോളം അഭിമാനകരമാണ്. നാല്, ഇസ്‌ലാമിൽ ആദ്യമായി വിതരണം ചെയ്യപ്പെട്ട സമരാർജ്ജിത സ്വത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിന്റെ യുദ്ധമുതലായിരുന്നു.

അഞ്ച്, ബയ്അത്ത് രിള്‌വാനിൽ ഏറ്റവുമാദ്യം ബയ്അത്ത് ചെയ്തത് നിന്റെ ജനതയിൽ പെട്ട വ്യക്തിയാണ്. അദ്ദേഹം നബി(സ)തിരുമേനിയുടെ സവിധത്തിലെത്തിപറഞ്ഞു. യാ റസൂലല്ലാഹ്! 'അങ്ങ് കൈ നീട്ടിയാലും, ഞാൻ ബയ്അത്ത് ചെയ്യട്ടെ.' നബി(സ)തിരുമേനി ചോദിച്ചു, 'ഏത് കാര്യത്തിലാണ് നീ ബയ്അത്ത് ചെയ്യുക?' അദ്ദേഹം പറഞ്ഞു, 'അങ്ങയുടെ മനസ്സിലുള്ള കാര്യത്തിൽ.' നബി(സ)തിരുമേനി ചോദിച്ചു, എന്റെ മനസ്സിലെന്താണുള്ളത്?' അദ്ദേഹം പറഞ്ഞു, 'വിജയം അല്ലെങ്കിൽ ശഹാദത്ത്.' അങ്ങനെ നബി(സ)തിരുമേനി ഹദ്റത്ത് അബൂ സന്നാനിൽ നിന്ന് ബയ്അത്തു വാങ്ങി. അതിനുശേഷം ആളുകൾ വന്നു പറഞ്ഞു, 'ഞങ്ങളും ഹദ്റത്ത് അബൂ സിന്നാന്റെ ബയ്അത്ത് ചെയ്യാനാഗ്രഹിക്കുന്നു.' ഇതും നിന്റെ ജനതയെ സംബന്ധിച്ചിടത്തോളം അഭിമാനകരമാകുന്നു. ആറ്, ബദ്ർ യുദ്ധദിവസം ഏഴ് മുഹാജിരീങ്ങൾ നിന്റെ ജനതയിൽ പെട്ടവരായിരുന്നു. ഇതും നിന്റെ ജനതക്ക് അഭിമാനകരമാണ്.(ഹുൽയത്തുൽഔലിയാ വ ത്വബഖാത്തുൽ അസ്ഫിയാ, വാല്യം 4, പേജ് 315–316 , ആമിർ ബിൻ ശറാഹീൽ അശ്ശഅ്ബി, ദാറുൽഫിക്ർ ബെയ്റൂത്ത് 1996)

ഒരു നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശ്, ഉഹുദ് യുദ്ധ ദിവസം ശഹീദായപ്പോൾ ഹദ്റത്ത് സയ്നബ് ബിൻത് ഖുസയ്മ അദ്ദേഹത്തിന്റെ വിവാഹ ബന്ധത്തിലു ണ്ടായിരുന്നു. അദ്ദേഹം ശഹീദായതിനുശേഷം നബി(സ)തിരുമേനി ഹദ്റത്ത് സയ്നബ് ബിൻത് ഖുസയ്മയെ വിവാഹം കഴിച്ചു. അവർ എട്ടുമാസംവരെ നബി(സ) തിരുമേനിയുടെ കൂടെ കഴിയുകയുണ്ടായി. രണ്ടു മൂന്നു മാസത്തിനുശേഷം റബീഉൽ ആഖിറിന്റെ അവസാനത്തിൽ അവർ വഫാത്തായി എന്നും പറയപ്പെടുന്നു. നബി(സ)തിരുമേനി അവരുടെ ജനാസ നമസ്കരിപ്പിച്ചു. ജന്നത്തുൽ ബഖിയിൽ ഖബറടക്കി.(ഇംതാഉൽഅസ് മാഅ്, വാല്യം 6, പേജ് 52, ഉമ്മുൽമുഅ്മിനീൻ സയ്നബ് ബിൻത് ഖുസയ്മ, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1999) ബാക്കി വിവരങ്ങൾ നേരത്തെ പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്.

അടുത്ത വിവരണം ഹദ്റത്ത് സാലിഹ് ബിൻ ശുഖ്റാന്റേതാണ്. ചിലരുടെ പക്കൽ ഹദ്റത്ത് ശുഖ്റാനും ഹദ്റത്ത് ഉമ്മു അയ്മനും നബി(സ)തിരുമേനിക്ക് തന്റെ പിതാവിൽനിന്ന് അനന്തരാവകാശത്തിൽ ലഭിച്ചവരായിരുന്നു. (അൽഇസാബത്തു ഫീ തമീസ്സിസ്സ്വഹാബത്തി, ഭാഗം 3, പേജ് 284, 'ശുഖ്റാൻ' ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 1995)അടിമകളായിരുന്നു. ബദ്ർ യുദ്ധത്തിനുശേഷം നബി(സ) തിരുമേനി അവരെ സ്വതന്ത്രരാക്കി.(ഉസുദുൽഗാബ ഫീ മഅ്‌രിഫത്തിസ്സ്വഹാബ, ഭാഗം 2, പേജ് 636, ശുഖ്റാൻ, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റത്ത് 2003)

നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം നബി(സ)തിരുമേനിയെ കുളിപ്പിക്കാൻ സൗഭാഗ്യം ലഭിച്ചവരിൽ ഹദ്റത്ത് സാലിഹ് ബിൻ ശുഖ്റാനുമുണ്ടായിരുന്നു. അദ്ദേഹത്തെ കൂടാതെ അഹ്‌ലെ ബയ്ത്തിൽ പെട്ട എട്ടുപേരുമുണ്ടായിരിന്നു.(അത്ത്വബഖാത്തുൽകുബ്റാ, ഭാഗം 3, പേജ് 36–37, പ്രസാധനം ദാറുഅഹ്‌യാഉത്തുറാഥ് അൽഅറബി, 1996)

മുസ്നദ് ഇമാം അഹ്മദ് ബിൻ ഹമ്പലിൽ നിന്നുള്ള നിവേദനം. ഹദ്റത്ത് സാലിഹിന് ലഭിച്ചിട്ടുള്ള മറ്റൊരു സൗഭാഗ്യമുണ്ട്. അത് കുളിപ്പിക്കുന്നതിനെ കുറിച്ചുള്ള കാര്യത്തിൽ പരാമർശിച്ചു കഴിഞ്ഞതാണ്. നബി(സ)തിരുമേനിയെ കുളിപ്പിക്കുമ്പോൾ വെള്ളം ഒഴിച്ച് കൊടുത്തിരുന്ന സ്വഹാബാക്കളിൽ ഹദ്റത്ത് സാലിഹ് ശുഖ്റാനും ഹദ്റത്ത് ഉസാമ ബിൻ സയ്ദുമുണ്ടായിരുന്നു. നിവേദനത്തിൽ പറയുന്നു, ഹദ്റത്ത് ഇബ്നു അബ്ബാസിൽ നിന്നുള്ള നിവേദനം. നബി(സ)തിരുമേനിയെ കുളിപ്പിക്കുന്നതിനുവേണ്ടി ആളുകൾ ഒത്തുകൂടിയപ്പോൾ വീട്ടിൽ നബി(സ)തിരുമേനിയുടെ കുടുംബക്കാർ മാത്രമായിരുന്നു ഉണ്ടായിരുന്നത്,. നബി(സ)തിരുമേനിയുടെ പിതൃവ്യൻ ഹദ്റത്ത് അബ്ബാസ്, ഹദ്റത്ത് അലി, ഹദ്റത്ത് ഫള്ൽ ബിൻ അബ്ബാസ്, ഹദ്റത്ത് ഖുഥം ബിൻ അബ്ബാസ്, ഹദ്റത്ത് ഉസാമ ബിൻ സയ്ദ്, ഹദ്റത്ത് സാലിഹ് ശുഖ്റാൻ, നബി(സ) തിരുമേനി സ്വതന്ത്രനാക്കിയ അടിമ. ഇതിന്നിടയിൽ വീടിന്റെ വാതിൽക്കൽ നിന്നിരുന്ന ബനൂ ഔഫ് ബിൻ ഖസ്‌റജിലെ ഹദ്റത്ത് ഔസ് ബിൻ ഖൗലി അൻസാരി– ഇദ്ദേഹം ബദ്റിലും ഉൾപ്പെട്ടിരുന്നു, ഹദ്റത്ത് അലിയെ വിളിച്ചു പറഞ്ഞു, അലിയെ, ഞാൻ അല്ലാഹുവിനെ സത്യം ചെയ്തു താങ്കളോട് പറയുന്നു, തിരുനബിയെ സംബന്ധിച്ച് ഞങ്ങളുടെ അംശവും ബാക്കി വെക്കുക. ഹദ്റത്ത് അലി അദ്ദേഹത്തോട് പറഞ്ഞു, അകത്തുവരൂ! അങ്ങനെ അദ്ദേഹവും അകത്തുവന്നു. നബി(സ)തിരുമേനിയെ കുളിപ്പിക്കുമ്പോൾ അവിടെ സന്നിഹിതനായിരുന്നു. പക്ഷേ, അദ്ദേഹം കുളിപ്പിക്കുന്നതിൽ ഭാഗഭാക്കായിട്ടില്ല. നിവേദകൻ പറയുന്നു. ഹദ്റത്ത് അലി(റ), നബി(സ)തിരുമേനിയെ തന്റെ നെഞ്ചത്ത് ചാരുകയുണ്ടായി. നബി(സ)തിരുമേനിയുടെ കുപ്പായം ഹദ്റത്ത് അബ്ബാസ് ഫള്ലും ഖുഥ്മും ഹദ്റത്ത് അലിയോടൊപ്പം ചേർന്ന് മാറ്റുകയും ഹദ്റത്ത് ഉസാമയും സാലിഹ് ശുഖ്റാനും, വെള്ളമൊഴിക്കുകയും ചെയ്തു കൊണ്ടിരുന്നു. ഹദ്റത്ത് അലി തിരുനബിയെ കുളിപ്പിക്കാനും തുടങ്ങി. (മുസ്നദ് ഇമാം അഹ് മദ് ബിൻ ഹമ്പൽ, വാല്യം 1, പേജ് 682–683, ഹദീഥ് നമ്പർ 2357, ആലമുൽകുതുബ് ബെയ്റുത്ത് ലബ്നാൻ, പ്രസാധനം 1998)

അല്ലാമാ ബിലാദിരി പറയുന്നു: ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ശുഖ്റാന്റെ മകൻ അബ്ദുറഹ്മാൻ ബിൻ ശുഖ്റാനെ ഹദ്റത്ത് അബൂമൂസ അശ്അരിയുടെ അടുത്ത് പറഞ്ഞയച്ചുകൊണ്ടെഴുതി, 'ഞാൻ നിങ്ങളുടെ അടുത്ത് ഒരു നല്ല മനുഷ്യനെ, നബി(സ) തിരുമേനി സ്വാതന്ത്രനാക്കിയ അടിമയായ അബ്ദുർ റഹ്മാൻ ബിൻ സാലിഹ് ശുഖ്റാനെ അയക്കുന്നു. നബി(സ)തിരുമേനിയുടെ പക്കൽ അദ്ദേഹത്തിന്റെ പിതാവിനുണ്ടായിരുന്ന സ്ഥാനത്തെ പരിഗണിച്ചുകൊണ്ട് അദ്ദേഹത്തോട് പെരുമാറണം.'

മറ്റൊരു നിവേദനത്തിൽ പറയുന്നു: 'ഹദ്റത്ത് ശുഖ്റാൻ, മദീനയിൽ താമസം തുടങ്ങി. അദ്ദേഹത്തിന്റെ ഒരു വീട് ബസ്റയിലുമുണ്ടായിരുന്നു. (അൽഇസാബത്തു ഫീ തമീസ്സിസ്സ്വഹാബത്തി, ഭാഗം 3, പേജ് 285, 'ശുഖ്റാൻ' ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് 1995) ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്താണ് അദ്ദേഹം വഫാത്തായത്.(ഇംതാഉൽഅസ് മാഅ്, വാല്യം 6, പേജ് 316, ഫസ്‌ലു ഫീ ദിക്‌രി മവാലീ റസൂലില്ലാഹി(സ), ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1999)

അദ്ദേഹത്തിന്റെ കുടുംബത്തിലെ അവസാനത്തെ അംഗം ഹാറൂൺ റഷീദിന്റെ കാലത്ത് മദീനയിൽ വഫാത്തായി. അതുപോലെ ബസ്റയിലും അദ്ദേഹത്തിന്റെ കുടുംബത്തിലെ ഒരു വ്യക്തി താമസിച്ചിട്ടുണ്ടായിരുന്നു. മുസ്അബ് പറയുന്നു: അദ്ദേഹത്തിന്റെ തലമുറ തുടർന്ന് പോയോ അതോ നിലച്ചുപോയോ എന്നതിനെ കുറിച്ച് എനിക്കറിവില്ല. (ഉസുദുൽഗാബ ഫീ മഅ്‌രിഫത്തിസ്സ്വഹാബ, ഭാഗം 2, പേജ് 636, ശുഖ്റാൻ, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റത്ത് 2003)

ഹദ്റത്ത് സാലിഹ് ശുഖ്റാൻ(റ) നിവേദനം. അദ്ദേഹം പറഞ്ഞു: 'ഞാൻ നബി(സ)തിരുമേനി ഒരു കഴുതപ്പുറത്ത് ഖയ്ബറിലേക്ക് യാത്ര ചെയ്യുന്നതായി കണ്ടിട്ടുണ്ട്. നബി(സ)തിരുമേനി ആംഗ്യത്തിലൂടെയാണ് നമസ്കരിച്ചിരുന്നത്.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 5, പേജ് 505, ഹദീഥ് ശുഖ്റാൻമൗലാ റസൂലില്ലാഹി(സ),ഹദീഥ് 16137, പ്രസാധനം ആലമുൽകുതുബ് ബെയ്റുത്ത് 1998) അതായത് വാഹന മൃഗത്തിലിരുന്ന് നമസ്കരിക്കുകയായിരുന്നു. വാഹനത്തിലിരുന്ന് നമസ്കരിക്കാൻ പറ്റുമോ ഇല്ലേ എന്നുള്ള ഒരു വിഷയം കൂടിയാണിത്.

ഹദ്റത്ത് മാലിക് ബിൻ ദുഖ്ശുമും ഒരു സ്വഹാബി ആയിരുന്നു. അദ്ദേഹത്തെ കുറിച്ച് കുറച്ച് കാര്യങ്ങൾ കൂടി ബാക്കിയുണ്ട്. അദ്ദേഹത്തെ കുറിച്ചെഴുതുന്നു: ഹദ്റത്ത് മാലിക് ബിൻ ദുഖ്ശ്മിന്റെ പേര് മാലിക് ബിൻ ദുഖയ്ശിൻ എന്നും ഇബ്നു ദുഖ്ശുൻ എന്നും പറയപ്പെടുന്നു(സ്വഹീഹ് ബുഖാരി, കിതാബുസ്സ്വലാത്ത്, ബാബു അൽമസാജിദു ഫിൽ ബുയൂത്തി,

**• കലാമുൽ ഇമാം •**

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**
**(മൽഫൂദാത്ത് വാല്യം 1, പേജ് 220)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

**• കലാമുൽ ഇമാം •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!' (മൽഫൂദാത്ത് വാല്യം 3, പേജ് 38)**

**ത്വാലിബെ ദുആ:**
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

ഹദീഥ് 425)(മത്വാലിഉൽഅൻവാർ അലാ സ്വിഹാഹുൽ ആഥാർ വാള്യം 3, പേജ് 62, വസാറത്തുൽ ഔഖാഫ് ഖത്വർ 2012, മക് തബത്തുശ്ശാമില).

അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ദുഖ്ശും ബിൻ മർളഹാ എന്നായിരുന്നു. അദ്ദേഹത്തിന്റെ പേര് ദുഖ്ശും ബിൻ മാലിക് ബിൻ ദുഖ്ശും ബിൻ മർളഹാ എന്നും വന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഉമയ്റ ബിൻത് സഅ്ദ് എന്നായിരുന്നു.

മാലിക്കിന്റെ വിവാഹം ജമീല ബിൻത് ഉബയ്യ് ബിൻ സുലൂലുമായിട്ടായിരുന്നു. മുനാഫിഖീങ്ങളുടെ നേതാവായ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിന്റെ സഹോദരിയായിരുന്നു അവർ.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, ഭാഗം 7, പേജ് 52–53, ജമീല ബിൻത് അബീ ബിൻ സുലൂൽ, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റത്ത് ലബ്നാൻ 1994)

സുഹയ്ൽ ബിൻ അംറിനെ ബന്ദിയാക്കിയ അവസരത്തിൽ ഹദ്റത്ത് മാലിക്ക് ഈ ഈരടികൾ ചൊല്ലുകയുണ്ടായി:

*അസർത്തു സുഹയ്ലൻ ഫലാ അബ്തഗീ*
*അസീറൻ ബിഹി മിൻ ജമീയിൽ ഉമം*
*വ ഖിൻദഫു തഅ്ലമു അന്നൽ ഫത്താ*
*ഫതാഹാ സുഹയ്ലുൻ ഇദാ യുള്ളലം*
*ളറബത്തു ബിദി ശ്ശഫ്രി ഹത്തൻഥനാ*
*വ അക്റഹ്ത്തു നഫ്സീ അലാ ദിൽഅലം*

അതായത് ഞാൻ സുഹയ്ലിനെ ബന്ദിയാക്കി. അയാൾക്കു പകരം മുഴുവൻ ജനതകളിൽനിന്ന് ആരെയും ബന്ദിയാക്കാൻ ഞാനാഗ്രഹിക്കുന്നില്ല. തങ്ങളുടെ മേൽ അക്രമം ചെയ്യപ്പെടുമ്പോൾ സുഹയ്ൽ തന്നെയാണ് തങ്ങളുടെ ഗോത്രത്തിന്റെ പൗരുഷമുള്ള വ്യക്തി എന്ന് ബനൂ ഖിൻദഫിന് അറിയാം. ഞാൻ പതാക വാഹകനെ ആക്രമിച്ചു. എത്രത്തോളമെന്നാൽ അയാൾ കുനിയുകയും –മുറിച്ചുണ്ടനുമായി ഉദ്ദേശിക്കുന്നത് സുഹയ്ലിനെയാണ്–യുദ്ധം ചെയ്യുന്നതിന് എന്നെ നിർബന്ധിക്കുകയും ചെയ്തു.(സീറത്ത് ഇബ്നു ഹിശാം ഭാഗം 2, പേജ് 290–291, ദാറുൽകിതാബിൽ അറബി, ബെയ്റുത്ത് 1990)

ബദ്ർ യുദ്ധത്തിലെ ബന്ദികളെ സംബന്ധിച്ച് ഉസ്ദുൽ ഗാബയിൽ ഒരു നിവേദനമുണ്ട്. അബൂ സ്വാലിഹ്, ഹദ്റത്ത് ഇബ്നു അബ്ബാസിൽനിന്ന് നിവേദനം. അബൂ യുസ്ർ മാലിക് ബിൻ ദുഖ്ശും ഔഫിയും ത്വാരിഖ് ബിൻ ഉബയ്ദ് അൻസ്വാരിയും നബി(സ)തിരുമേനിയുടെ സവിധത്തിൽ ഹാജരായി. അവർ പറഞ്ഞു: യാ റസൂലല്ലാഹ്! അങ്ങ് പറഞ്ഞിരുന്നു, ഈ യുദ്ധത്തിൽ ആരെയെങ്കിലും വധിക്കുകയാണെങ്കിൽ അയാൾക്ക് ഇത്ര കിട്ടുന്നതായിരിക്കുമെന്ന്. ആരെയെങ്കിലും ബന്ദിയാക്കിയാൽ അയാൾക്ക് ഇത്ര കിട്ടുമെന്നും. ഞങ്ങൾ എഴുപതു പേരെ വധിക്കുകയും എഴുപതു പേരെ ബന്ദിയാക്കുകയും ചെയ്തിട്ടുണ്ട്. അപ്പോൾ ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ) പറഞ്ഞു, 'യാ റസൂലല്ലാഹ് ഞങ്ങൾക്കും ഇവരെപ്പോലെ ചെയ്യാൻ കഴിയുമായിരുന്നു. പക്ഷേ, ഞങ്ങൾ മുസ്ലിമീങ്ങളുടെ പിന്നിൽ സംരക്ഷണത്തിലായിരുന്നു. അതുകൊണ്ട് ഞങ്ങൾക്ക് അത് ചെയ്യാൻ കഴിഞ്ഞില്ല. സമരാർജ്ജിത സ്വത്തുക്കൾ കുറവും ആളുകൾ കൂടുതലുമാണ്. അങ്ങ് ഇവർക്കൊക്കെ വാഗ്ദാനം ചെയ്യുന്നതനുസരിച്ച് കൊടുക്കുകയാണെങ്കിൽ ചില ആളുകൾക്ക് ഒന്നും കിട്ടുന്നതല്ല.' ഇങ്ങനെ ഇവർ സംസാരിച്ചു കൊണ്ടിരിക്കുന്നതിനിടയിൽ അല്ലാഹു ഒരു ആയത്തിറക്കി. **യസ്അലൂനക്ക് അനിൽ അൻഫാലി ഖുലിൽഅൻഫാലു ലില്ലാഹി വർറസൂലി**(8:2) അല്ലയോ റസൂലേ! ജനങ്ങൾ നിന്നോട് സമരാർജ്ജിത സ്വത്തുക്കളെ കുറിച്ചു ചോദിക്കുന്നു. നീ അവരോട് പറയുക, സമരാർജ്ജിത സ്വത്തുക്കൾ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേതുമാകുന്നു. (ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 3, പേജ് 69–70, ത്വാരിഖ് ബിൻ ഉബയ്ദ്, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റത്ത്)

ഉഹുദ് യുദ്ധ ദിവസം ഹദ്റത്ത് മാലിക് ബിൻ ദുഖ്ശും(റ), ഹദ്റത്ത് ഖാരിജ ബിൻ സയ്ദിന്റെ അടുക്കലൂടെ പോവുകയുണ്ടായി. ഹദ്റത്ത് ഖാരിജ പരിക്കേറ്റതുകൊണ്ട് അസ്വസ്ഥനായിരിക്കുകയായിരുന്നു. അദ്ദേഹത്തിന് പതിമൂന്നോളം സാരമായ പരിക്കുകളാണേറ്റത്. ഹദ്റത്ത് മാലിക് അദ്ദേഹത്തോടു പറഞ്ഞു: 'താങ്കൾക്കറിയുമോ ഹദ്റത്ത് മുഹമ്മദ് (സ) ശഹീദായിരിക്കുന്നു.' ഹദ്റത്ത് ഖാരിജ പറഞ്ഞു: നബി(സ)തിരുമേനി ശഹീദായിട്ടുണ്ടെങ്കിലും അല്ലാഹു ജീവിച്ചിരിക്കുന്നു. അവനൊരിക്കലും മരിക്കുന്നതല്ല. നബി(സ)തിരുമേനി സന്ദേശം എത്തിച്ചിരിക്കുന്നു. *ഫ ഖാത്തിൽ അൻ ദീനിക്ക* അതുകൊണ്ട് നിങ്ങളും നിങ്ങളുടെ ദീനിന് വേണ്ടി പോരാടുക.(കിതാബുൽമഗാസി ലിൽവാഖ്ദി, വാള്യം 1, പേജ് 280, ഗസ്വത്തു ഉഹുദ് ആലമുൽകുതുബ് 1984)

മറ്റൊരു നിവേദനത്തിൽ ഈ സംഭവം ഇങ്ങനെ രേഖപ്പെട്ടിരിക്കുന്നു. നബി(സ)തിരുമേനി ശഹീദായി എന്ന കിംവദന്തി പരന്ന സമയത്ത് ഹദ്റത്ത് മാലിക് ബിൻ ദുഖ്ശും ഹദ്റത്ത് ഖാരിജ ബിൻ സയ്ദിന്റെ അടുക്കലൂടെ പോകാൻ ഇട വന്നു. അദ്ദേഹം ആ സമയത്ത് ഇരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ നെഞ്ചിൽ പതിമൂന്ന് സാരമായ പരിക്കുകൾ പറ്റിയിരുന്നു. ഹദ്റത്ത് മാലിക് അദ്ദേഹത്തോട് ചോദിച്ചു. നിങ്ങൾക്കറിയുമോ? മുഹമ്മദ്(സ) ശഹീദാക്കപ്പെട്ടിരിക്കുന്നു. ഹദ്റത്ത് ഖാരിജ പറഞ്ഞു. മുഹമ്മദ് (സ) ശഹീദായെങ്കിലും തീർച്ചയായും അല്ലാഹു ജീവിച്ചിരിക്കുന്നു. അവനൊരിക്കലും മരിക്കുന്നതല്ല. തീർച്ചയായും നബി(സ)തിരുമേനി ഇസ്ലാമിന്റെ സന്ദേശം എത്തിച്ചിരിക്കുന്നു. അതുകൊണ്ട് നിന്റെ ദീനിനുവേണ്ടി പോ രാടുക. നിവേദകൻ പറയുന്നു:'പിന്നെ ഹദ്റത്ത് മാലിക്(റ), ഹദ്റത്ത് സഅ്ദ് ബിൻ റബീഅയുടെ അടുക്കൽ പോയി. അദ്ദേഹത്തിന് പന്ത്രണ്ടു സാരമായ മുറിവുകൾ പറ്റിയിരുന്നു. ഹദ്റത്ത് മാലിക് സഅ്ദിനോട് പറഞ്ഞു നിങ്ങൾക്കറിയുമോ ഹദ്റത്ത് മുഹമ്മദ്(സ) ശഹീദാക്കപ്പെട്ടിരിക്കുന്നു. ഹദ്റത്ത് സഅ്ദ് മറുപടിയായിപറഞ്ഞു, മുഹമ്മദ് (സ) തന്റെ നാഥന്റെ സന്ദേശം എത്തിച്ചിരിക്കുന്നു എന്നതിന് ഞാൻ സാക്ഷ്യം വഹിക്കുന്നു. ആയതിനാൽ നിങ്ങൾ നിങ്ങളുടെ ദീനിനുവേണ്ടി പോരാടുക. കാരണം അല്ലാഹു ജീവിച്ചിരിക്കുന്നവനാകുന്നു. അവൻ ഒരിക്കലും മരിക്കുന്നതല്ല.(ഇംതാഉൽഅസ്മാഅ്, വാള്യം 1, പേജ് 165, ഗസ്വത്തു ഉഹുദ്, ഖബ്ർ ഖാരിജ ബിൻ സയ്ദ്)

ഒരു നിവേദനത്തിൽ പറയുന്നു: 'കുറച്ചാളുകളിൽ അധികംപേരും നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി പറഞ്ഞു, ഹദ്റത്ത് മാലിക് ബിൻ ദുഖ്ശും മുനാഫിഖീങ്ങളുടെ അഭയകേന്ദ്രമാകുന്നു. നബി(സ)തിരുമേനി പറഞ്ഞു, അദ്ദേഹം നമസ്കരിക്കുന്നില്ലേ? അതായത് നിങ്ങൾ പറയുന്നു അദ്ദേഹം മുനാഫിഖാണെന്ന്. അദ്ദേഹം നമസ്കരിക്കുന്നില്ലേ? അപ്പോൾ ജനങ്ങൾ പറഞ്ഞു, 'ഉണ്ട്. യാ റസൂലല്ലാഹ് അദ്ദേഹം നമസ്കരിക്കുന്നുണ്ട്. പക്ഷേ, ആ നമസ്കാരത്തിൽ ഒരു നന്മയുമില്ല.' അപ്പോൾ നബി(സ) തിരുമേനി രണ്ടു തവണ ഇങ്ങനെ പറഞ്ഞു, 'നമസ്കരിക്കുന്നവരെ വധിക്കുന്നതിൽനിന്ന് ഞാൻ തടയപ്പെട്ടിരിക്കുന്നു. (അൽമുഅ്ജമുൽകബീർ, ലിത്ത്വബ്റാനീ ബാബ് അൽ അയ്ൻ, നിവേദന നമ്പർ 44, ഭാഗം 18, പേജ് 26, മക്തബ ഇബ്നു തീമിയ ഖാഹിറ) ഇത് ഇന്നത്തെ മുസ്ലിമീങ്ങൾക്കും ഒരു പാഠമാണ്.

ഒരു നിവേദനമനുസരിച്ച് നബി(സ)തിരുമേനി ഹദ്റത്ത് മാലിക് ബിൻ ദുഖ്ശുമിനോടൊപ്പം ഹദ്റത്ത് മഅൻ ബിൻ അദിയ്യുടെ സഹോദരൻ ഹദ്റത്ത് ആസ്വിം ബിൻ അദിയ്യിനെ മസ്ജിദ് ള്വിറാർ തകർക്കുന്നതിന് പറഞ്ഞയക്കുകയുണ്ടായി.(അൽമുൻതളിം ഫീ താരീഖുൽമുലൂക്ക് വൽ ഉമം, അല്ലാന ജൗസി, വാള്യം 5, പേജ് 216, ആസ്വിം ബിൻ അദീ, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത്, ലബനാൻ) ഹദ്റത്ത് മാലിക്കിനെ കുറിച്ച് അദ്ദേഹത്തിന്റെ തലമുറ പിന്നീട് തുടർന്നില്ലെന്നാണ് പറയപ്പെടുന്നത്.

ഇനി ഹദ്റത്ത് ഉക്കാശ ബിൻ മിഹ്സ്വനെ കുറിച്ചുള്ള കുറച്ച് വിവരണമാണുള്ളത്. അദ്ദേഹത്തിന്റെ പേര് ഉക്കാശ എന്നായിരുന്നു. മിഹ്സ്വൻ ബിൻ ഹുർഥാൻ എന്നായിരുന്നു പിതാവിന്റെ പേര്. അബൂ മിഹ്സ്വൻ എന്നായിരുന്നു സംജ്ഞാനാമം, ഹദ്റത്ത് അബൂബക്ർ(റ)ന്റെ കാലത്ത് ഹിജ്റ പന്ത്രണ്ടിൽ അദ്ദേഹം ശഹീദായി.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 4, പേജ് 64–65, ഉക്കാശ ബിൻ മിഹ്സ്വൻ, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റത്ത്)

ഇമാം ശെഅ്ബി ഉക്കാശയെ സ്തുതിച്ച് പരിചയപ്പെടുത്തിക്കൊണ്ട് പറയുന്നു: സ്വർഗ്ഗസ്ഥനായ ഒരു വ്യക്തിയുണ്ടായിരുന്നു. പക്ഷേ, എന്നിട്ടും അദ്ദേഹം ഭൂമിയിൽ വിനയനായി സഞ്ചരിച്ചിരുന്നു. അത് ഉക്കാശ ബിൻ മിഹ്സ്വൻ ആയിരുന്നു. (ഹുൽയത്തുൽഔലിയാ വ ത്വബഖാത്തുൽ അസ്ഫിയാ, വാള്യം 4, പേജ് 315–316 , ആമിർ ബിൻ ശറാഹീൽ അശ്ശഅ്ബി, ദാറുൽഫിക്ർ ബെയ്റുത്ത് 1996)

ഹിജ്രി രണ്ടിൽ ബദ്ർ യുദ്ധം കഴിഞ്ഞ ഉടനെ നബി(സ)തിരുമേനി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിനെ ഒരു യുദ്ധനടപടിക്ക് അയക്കുകയുണ്ടായി. ഈ സൈനിക സംഘത്തിൽ ഹദ്റത്ത് ഉക്കാശ ബിൻ മിഹ്സ്വനുമുണ്ടായിരുന്നു. (അസ്സീറത്തുൽ ഹൽബിയ്യ, ഭാഗം 3, പേജ് 219, സരിയ്യ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശ്, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2002)

സീറത്ത് ഹൽബിയയിൽ പറയുന്നു: ഉഹുദ് യുദ്ധാവസരത്തിൽ നബി(സ)തിരുമേനി തുടർച്ചയായി വില്ലുകൊണ്ട് ശരങ്ങൾ തൊടുത്തുവിടുകയായിരുന്നു. അതിന്റെ പേര് കതൂം എന്നായിരുന്നു. കാരണം ശരങ്ങൾ തൊടുത്തുവിടുന്ന നേരത്ത് ശബ്ദം ഒന്നും വന്നിരുന്നില്ല. അങ്ങനെ തുടർച്ചയായി അമ്പെയ്ത്ത് കാരണം ആ വില്ലിന്റെ ഒരു ഭാഗം പൊട്ടിപ്പോയി. മറ്റൊരു നിവേദനത്തിൽ പറയുന്നു: നബി(സ)തിരുമേനിയുടെ വില്ലിന്റെ ഒരു ഭാഗം പൊട്ടുകയുണ്ടായി. അതായത് വില്ല് കെട്ടിയിരുന്ന ഞാണ് തുടർച്ചായി അമ്പെയ്തത് കാരണം പൊട്ടി. നബി(സ)തിരുമേനിയുടെ കൈയിൽ വില്ലിന്റെ ഒരു മുഴം കയർ മാത്രം ബാക്കിയായി. ഹദ്റത്ത് ഉക്കാശ ബിൻ മിഹ്സ്വൻ വില്ലിൽ കയർ കിട്ടുന്നതിന് നബി(സ)തിരുമേനിയിൽ നിന്ന് അതു വാങ്ങി. പക്ഷേ, ആ കയർ ചെറുതായിരുന്നു. അദ്ദേഹം നബി(സ)തിരുമേനിയോടു പറഞ്ഞു: യാ റസൂലല്ലാഹ്! ഈ കയർ ചെറുതാണ്. നബി(സ)തിരുമേനി പറഞ്ഞു. അത് വലിക്കുക. അത് മതിയാകും. ഹദ്റത്ത് ഉക്കാശ പറയുന്നു: നബി(സ)തിരുമേനിയെ സത്യവുമായി അയച്ച അല്ലാഹുവാണ! ഞാൻ ആ കയർ വലിച്ചപ്പോൾ അതുകൊണ്ട് വില്ലിൽ രണ്ടുമൂന്നു കെട്ടിടാൻ മാത്രം അത് വലുതായിത്തീർന്നു. അങ്ങനെ സമാധാനത്തോടുകൂടി ഞാൻ ആ വില്ല് കെട്ടുകയുണ്ടായി.' (അസ്സീറത്തുൽഹൽബിയ്യ, ഭാഗം 2, പേജ് 311, ഗസ്വത്തു ഉഹുദ്, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2002)

ഒരു നിവേദനത്തിൽ പറയുന്നു. ഹിജ്രി ആറിൽ ഉഅയ്ന ബിൻ ഹിസ്വൻ, ഗത്ഫാന്റെ കുതിര സവാരികളോടൊപ്പം ഗാബയിൽ നബി(സ)തിരുമേനിയുടെ കറവയുള്ള ഒട്ടകങ്ങളെ ആക്രമിച്ചു.

ഇവിടെ നബി(സ)തിരുമേനി ഒട്ടകങ്ങളെ മേച്ചിരുന്നു. മേച്ചിൽ സ്ഥലമായിരുന്നു. ഗാബയിൽ ബനൂ ഗഫ്ഫാറിലേ ഒരു സ്ത്രീയും പുരുഷനും താമസിച്ചിട്ടുണ്ടായിരുന്നു. അവർ ആ പുരുഷനെ വധിച്ചു. ശത്രുക്കൾ ആക്രമണം നടത്തി ആ സ്ത്രീയെയും ഒട്ടകങ്ങളെയും പിടിച്ചുകൊണ്ടുപോയി. ഈ സംഭവത്തെ കുറിച്ച് ആദ്യം അറിഞ്ഞത് ഹദ്റത്ത് സൽമ ബിൻ അക്വഅ് ആയിരുന്നു. അദ്ദേഹം രാവിലെ സമയത്ത് ഗാബയിലേക്ക് പുറപ്പെട്ടു. അദ്ദേഹത്തോടപ്പം ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലയുടെ അടിയുണ്ടായിരുന്നു. അയാളുടെ പക്കൽ കുതിരയുമുണ്ടായിരുന്നു. അവർ 'ഥനിയ്യത്തുൽ വദാഅ്' എന്ന സ്ഥലത്ത് കയറിയപ്പോൾ അക്രമികളുടെ ചില കുതിരകളെ കണ്ടു. അപ്പോൾ സൽഅ് കുന്നിന്റെ ഒരു ഭാഗത്തുകൂടെ മുകളിലേക്കു കയറി. സഹായത്തിനുവേണ്ടി തങ്ങളുടെ ആളുകളെ വിളിച്ചു. പിന്നെ അക്രമികളെ പിന്തുടർന്ന് ഇവർ വേട്ടമൃഗങ്ങളെപോലെ വളരെ ത്വരിതഗതിയിൽ പുറപ്പെട്ടു. അങ്ങനെ അവരെ കണ്ടുമുട്ടി. അവർക്കുമേൽ അമ്പെയ്യാൻ തുടങ്ങി. കുതിര സവാരിക്കാർ അവരിലേക്ക് തിരിയുമ്പോൾ ഹദ്റത്ത് സലമ ഓടിപ്പോവുകയും പിന്നെ തിരിച്ചുവരികയും ചെയ്തിരുന്നു. അവസരം കിട്ടുമ്പോഴെല്ലാം അമ്പെയ്തു. ഇതേ കുറിച്ച് നബി(സ)തിരുമേനിക്ക് അറിവ് കിട്ടിയപ്പോൾ നബി(സ)തിരുമേനിയും മദീനയിൽ അപകടത്തെ കുറിച്ച് വിളംബരം ചെയ്തു. കുതിര സവാരിക്കാർ നബി(സ)തിരുമേനിയുടെ അടുക്കലെത്തിത്തുടങ്ങി.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail :badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ര്‍ വീക്കിലി
ഖാദിയാന്‍

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 16 February 2022 Issue-7

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

ഈ കുതിര സവാരിക്കാരില്‍ ഹദ്‌റത്ത് ഉക്കാശ ബിന്‍ മിഹ്‌സ്വനും മറ്റു ചില സ്വഹാബാക്കളും ഉള്‍പ്പെടുന്നു. ഈ പോരാട്ടത്തില്‍ ഹദ്‌റത്ത് ഉക്കാശ ബിന്‍ മിഹ്‌സ്വന്‍ ഔബാറിനെയും അയാളുടെ മകന്‍ അംറ് ബിന്‍ ഔബാറിനെയും പിടികൂടി. അവര്‍ രണ്ടു പേരും ഒരൊട്ടകപ്പുറത്ത് യാത്ര ചെയ്യുകയായിരുന്നു. ഹദ്‌റത്ത് ഉക്കാശ ഒരു കുന്തം കൊണ്ടും തന്നെ അവരെ ചുരുട്ടുകയും രണ്ടു പേരെയും വധിക്കുകയും ചെയ്തു. അവര്‍ തട്ടിയെടുത്ത ചില ഒട്ടകങ്ങളെ തിരിച്ചുകൊണ്ട് വരികയും ചെയ് തു.(സയ്‌റു അഅ്‌ലാമുന്നബ്‌ലാഅ്, ഭാഗം 2, പേജ് 5-7, ഗസ്‌വദീ ഖര്‍ദ്, മുഅസ്സസത്തുര്‍രിസാല ബെയ്‌റുത്ത് 1996)

ഇനി ഹദ്‌റത്ത് ഖാരിജ ബിന്‍ സയ്ദിനെ കുറിച്ചുള്ള പരാമര്‍ശമാണ്. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂസയ്ദ് എന്നായിരുന്നു. ഒരു നിവേദനത്തില്‍ പറയുന്നു, ഹദ്‌റത്ത് മുആദ് ബിന്‍ ജബല്‍, ഹദ്‌റത്ത് സഅ്ദ് ബിന്‍ മുആദ്, ഹദ്‌റത്ത് ഖാരിജ ബിന്‍ സയ്ദ് എന്നിവര്‍ യഹൂദികളുടെ ചില പണ്ഡിതന്മാരോട് തൗറാത്തിലെ ചില കാര്യങ്ങളെ കുറിച്ച് ചോദിച്ചു. പക്ഷേ, അവര്‍ അതിന് മറുപടി കൊടുക്കാന്‍ തയ്യാറായില്ല. സത്യം മറച്ചുവെക്കുകയായിരുന്നു. അപ്പോള്‍ അല്ലാഹു ഈ ആയത്തിറക്കി.

**ഇന്നല്ലദീന യക്തുബമൂന മാ അന്‍സല്‍നാ മിനല്‍ബയ്യിനാത്തി വല്‍ഹുദാ മിന്‍ ബഅ്ദി മാ ബയ്യന്നാഹു ലിന്നാസി ഫില്‍കിതാബി ഉലാഇക്ക യല്‍അനുഹുമുല്ലാഹു വ യല്‍അനുഹുമുല്ലായിനൂന്‍** (2:160) നാം അവതരിപ്പിച്ച സ്പഷ്ടമായ ദൃഷ്ടാന്തങ്ങളേയും മാര്‍ഗദര്‍ശനത്തേയും, ഈ ഗ്രന്ഥത്തില്‍ ജനങ്ങള്‍ക്കു നാം അതു വിശദീകരിച്ചുകൊടുത്ത ശേഷം ആരത് മറച്ചുവെക്കുന്നുവോ നിശ്ചയമായും അക്കൂട്ടരെ അല്ലാഹു ശപിക്കുന്നതാണ്. മറ്റു ശപിക്കുന്നവരും അവരെ ശപിക്കുന്നതായിരിക്കും.(തഫ്‌സീര്‍ ത്വബ്‌രീ, ഭാഗം 3, പേജ് 250, മക്തബ ഇബ്നുതീമിയ, അല്‍ഖാഹിറ)

ഇനി ഹദ്‌റത്ത് സിയാദ് ബിന്‍ ലബീദിനെ കുറിച്ചുള്ള വിവരണമാണ്. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ അബ്ദുല്ലാഹ് എന്നായിരുന്നു. അദ്ദേഹം അന്‍സ്വാറിന്റെ ഗോത്രമായ ഖസ്‌റജിന്റെ ശാഖയായ ബനൂ ബയാള ബിന്‍ ആമിറില്‍ പെട്ട ആളായിരുന്നു. അദ്ദേഹത്തിന്റെ തലമുറ മദീനയിലും ബാഗ്ദാദിലും വസിച്ചിരുന്നു. അദ്ദേഹത്തെ കുറിച്ച് എഴുതുന്നു: ളഹ്ഹാക്ക് ബിന്‍ നുഅ്മാന്‍ നിവേദനം. മസ്‌റൂഖ് ബിന്‍ വാഇല്‍ നബി(സ)തിരുമേനിയുടെ അടുക്കല്‍ അഖീഖ് താഴ്‌വരയില്‍ നിന്ന് മദീനയില്‍ വരികയും (അറേബ്യയില്‍ പല താഴ്‌വരകള്‍, ഘനികളുടേയും മറ്റു സ്ഥലങ്ങളുടേയും പേര് അഖീഖ് എന്നായിരുന്നു. ഏറ്റവും പ്രസിദ്ധമായ അഖീഖ് താഴ്‌വര മദീനയുടെ കൃത്യം പടിഞ്ഞാറ് ഭാഗത്തൂടെ കടന്നു പോകുന്നു.

നബി(സ)തിരുമേനിയുടെ കാലഘട്ടത്തില്‍ മദീനയില്‍നിന്ന് മക്കയിലേക്ക് പോകുന്ന റോഡ് ഇതേ അഖീഖിലൂടെ കടന്ന് ദുല്‍ ഹുലയ്ഫയിലെത്തിയിരുന്നു. ഇക്കാലത്തുള്ള വഴിയും ഇതു തന്നെയാണ്.) ഇസ്‌ലാം സ്വീകരിക്കുകയും ഇസ്‌ലാമില്‍ നല്ലപോലെ ഉറച്ചു നില്‍ക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങ് എന്റെ ജനതയിലേക്ക് അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാന്‍ കഴിവുള്ള ഒരാളെ അയക്കണമെന്ന് ഞാന്‍ ആഗ്രഹിക്കുന്നു.' അങ്ങനെ നബി(സ)തിരുമേനി ഹദ്‌റത്ത് സിയാദ് ബിന്‍ ലബീദ് അന്‍സ്വാരിയെ അവരിലേക്ക് അയച്ചു. (അല്‍മുഅ്ജമുല്‍ കബീര്‍, ഭാഗം 20, പേജ് 336, ഹദീഥ് 795, മിന്‍ ഇസ്‌മുഹൂ മസ്‌റൂഖ്, മസ്‌റൂഖ് ബിന്‍ വാഇല്‍ അല്‍ഹള്‌റമി, മക്തബ ഇബ്നു തീമിയ ഖാഹിറ) (ഉര്‍ദു ദാഇറ മആരിഫെ ഇസ്‌ലാം വാള്യം 13, പേജ് 414, ദാനിശ് ഗാഹ് പഞ്ചാബ് ലാഹോര്‍ 2005)

ഹദ്‌റത്ത് സിയാദ് ഹിജ്‌രി 41-ല്‍ ഹദ്‌റത്ത് മുആവിയായുടെ ഭരണകാലത്തിന്റെ ആരംഭത്തില്‍ മരണപ്പെട്ടു. ത്വബ്‌റാനി പറയുന്നു: ഹദ്‌റത്ത് സിയാദ് കൂഫയില്‍ താമസിക്കുകയുണ്ടായി. മുസ്‌ലിമും ഇബ്നു ഹബ്ബാനും അദ്ദേഹം ശാമിലാണ് താമസിച്ചതെന്ന് പറയുന്നു. ഇബ്നു ഹബ്ബാന്‍ പറയുന്നു. അദ്ദേഹം ഫുഖഹാക്കളിലും സ്വഹാബാക്കളിലും ഉള്‍പ്പെട്ടയാളായിരുന്നു.(തഹ്ദീബുത്തഹ്ദീബ്, ഭാഗം 1, പേജ് 651-652, സിയാദ് ബിന്‍ ലബീദ് ബിന്‍ ഥഅ്‌ലബ, മുഅസ്സസത്തുര്‍രിസാല, ബെയ്‌റുത്ത് 2014)

ഹദ്‌റത്ത് സിയാദ് ബിന്‍ ലബീദ് പറയുന്നു: നബി(സ)തിരുമേനി ഏതോ ഒരു കാര്യം പരാമര്‍ശിച്ചു കൊണ്ട് പറഞ്ഞു: 'ഇത് വിജ്ഞാനം ഉയര്‍ന്ന പോകുമ്പോഴാണ് ഉണ്ടാകുക.' ഞാന്‍ ചോദിച്ചു: 'യാ റസൂലല്ലാഹ്! വിജ്ഞാനം എങ്ങനെയാണ് പോകുക. ഞങ്ങള്‍ ഖുര്‍ആന്‍ പഠിക്കുകയും മക്കളെ പഠിപ്പിക്കുകയും ഞങ്ങളുടെ മക്കള്‍ അവരുടെ മക്കളെയും ഖിയാമത്തുവരെ പഠിപ്പിച്ചു കൊണ്ടിരിക്കുന്നതുമാണ്. ഖുര്‍ആന്‍ നിലനില്‍ക്കുമ്പോള്‍ പിന്നെ എങ്ങനെയാണ് വിജ്ഞാനം എടുത്ത് മാറ്റപ്പെടുക. അപ്പോള്‍ നബി(സ)തിരുമേനി പറഞ്ഞു. സിയാദേ! അല്ലാഹു നിനക്ക് നന്മ വരുത്തട്ടെ. ഞാന്‍ താങ്കളെ മദീനയിലെ ഏറ്റവുമധികം ബുദ്ധിമാനാണെന്നാണ് മനസ്സിലാക്കിയിരുന്നത്. യഹൂദികളും നസ്‌റാണികളും അവരുടെ കൈയിലുള്ള തൗറാത്തും ഇഞ്ചീലും വായിക്കുന്നില്ലേ. അതില്‍ ഒരു കാര്യത്തിലും അവര്‍ പ്രവര്‍ത്തിക്കുന്നില്ല. (സുനന്‍ ഇബ്നുമാജ, കിതാബുല്‍ ഫിത്തന്‍, ബാബു ദഹാബുല്‍ഖുര്‍ആനി വല്‍ഇല്‍മി ഹദീഥ് 4048) വിജ്ഞാനം ഉയര്‍ത്തപ്പെടുക, മുസ്‌ലിമീങ്ങള്‍ ഖുര്‍ആന്‍ വായിക്കുമെങ്കിലും അതനുസരിച്ച് പ്രവര്‍ത്തിക്കാതെ ആകുമ്പോഴാണ്. ഇതു തന്നെയാണ് നമ്മള്‍ ഇന്ന് കണ്ടു കൊണ്ടിരിക്കുന്നതും.

യസീദ് ബിന്‍ അബ്ദുല്ലാഹ് ബിന്‍ ഖുസയ്ത് നിവേദനം. ഹദ്‌റത്ത് അബൂബക്ര്‍ സിദ്ദീഖ്(റ) ഇക്‌രിമഃ ബിന്‍ അബൂജഹലിനെ അഞ്ഞൂറ് മുസ്‌ലിമീങ്ങളോടപ്പം, ഹദ്‌റത്ത് സിയാദ് ബിന്‍ ലബീദിനെയും ഹദ്‌റത്ത് മുഹാജിര്‍ ബിന്‍ ഉമയ്യ ബിന്‍ അബൂ ഉമയ്യയെയും സഹായിക്കാന്‍ വേണ്ടി അയച്ചു. അദ്ദേഹം സൈന്യത്തിന് അടുത്തെത്തിയപ്പോള്‍ അവര്‍ യെമനിലുള്ള നുജയ്ര്‍ പ്രദേശം ജയിച്ചടക്കിയിരുന്നു. തുടര്‍ന്ന് ഹദ്‌റത്ത് സിയാദ് ബിന്‍ ലബീദ് അവരെയും യുദ്ധമുതലില്‍ പങ്കാളികളാക്കി. വിജയത്തിനുശേഷം ഈ സംഘം എത്തിയിരുന്നു. ഇമാം ശഅ്ബീ പറയുന്നു: ഹദ്‌റത്ത് സിയാദ് ഈ കാര്യത്തെ കുറിച്ച് ഹദ്‌റത്ത് അബൂബക്‌റിന് എഴുതിയിരുന്നു. ഹദ്‌റത്ത് അബൂബക്ര്‍(റ) അദ്ദേഹത്തിനുള്ള മറുപടിയില്‍ എഴുതി: യുദ്ധമുതലില്‍ യുദ്ധത്തില്‍ ഭാഗഭാക്കായവര്‍ക്ക് മാത്രമാണ് അവകാശമുള്ളത്. അദ്ദേഹത്തിന്റെ വീക്ഷണത്തില്‍ ഇക്‌രിമക്ക് അതില്‍ പങ്കില്ലായിരുന്നു. കാരണം അദ്ദേ ഹം ആ യുദ്ധത്തില്‍ പങ്കെടുത്തിട്ടില്ല. ഹദ്‌റത്ത് സിയാദ് തന്റെ കൂട്ടുകാരോട് അതെ കുറിച്ച് പറഞ്ഞപ്പോള്‍ അവര്‍ ഇക്‌രിമയെയും അദ്ദേഹത്തിന്റെ സംഘത്തെയും സന്തോഷപൂര്‍വ്വം ഈ യുദ്ധമുതലില്‍ ഭാഗഭാക്കാക്കി.(കിതാബു അസ്സുനനുല്‍ കുബ്‌റാ, ഭാഗം 9, പേജ് 86, കിതാബുസ്സയ്ര്‍, ദാറുല്‍കുതുബുല്‍ ഇല്‍മിയ്യ ബെയ്‌റുത്ത്)

ഇനി ഹദ്‌റത്ത് ഖാലിദ് ബിന്‍ ബുകയ്‌റിനെ കുറിച്ചുള്ള അനുസ്മരണമാണ്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ബുകയ്ര്‍ ബിന്‍ അബ്ദ് യാലീല്‍ എന്നായിരുന്നു. അദ്ദേഹം ബനൂ സഅ്ദ് ഗോത്രത്തില്‍ പെട്ട ആളായിരുന്നു ഇവര്‍ ബനീ അദിയ്യിന്റെ സഖ്യകക്ഷിയായിരുന്നു.(ഉസുദുല്‍ഗാബ, വാള്യം 2, പേജ് 194, ദാറുല്‍കുതുബുല്‍ ഇല്‍മിയ്യ, ബെയ്‌റുത്ത്)

ഇബ്നു ഇസ്‌ഹാഖ് പറഞ്ഞു: ഞങ്ങള്‍ക്ക് അയാസിനേയും അദ്ദേഹത്തിന്റെ സഹോദരങ്ങളായ ആഖില്‍, ഖാലിദ്, ആമിര്‍ എന്നിവരെയുമല്ലാതെ മറ്റാരെയും കുറിച്ച് ബദ്ര്‍ യുദ്ധത്തില്‍ പങ്കെടുത്ത നാല് സഹോദരന്മാരായി അറിയുകയില്ല. ഇവര്‍ നാല് സഹോദരന്മാരും ഒന്നിച്ച് ഹിജ്‌റത്ത് ചെയ്യുകയും മദീനയില്‍ റിഫാഅ ബിന്‍ അബ്ദുല്‍ മുന്‍ദിറിന്റെ അടുക്കല്‍ താമസിക്കുകയുമുണ്ടായി.(അല്‍ഇസ്വാബ ഫീ തമീസിസ്സ്വഹാബ, ഭാഗം 1, പേജ് 310, അയാസ് ബിന്‍ അബിബുകയ്ര്‍, ദാറുല്‍കുതുബുല്‍ഇല്‍മിയ്യ ബെയ്‌റുത്ത്)

ഇബ്നു ഇസ്‌ഹാഖ് പറയുന്നു. ഉഹുദ് യുദ്ധത്തിനു ശേഷം അളല്‍, കാറ എന്നീ ഗോത്രങ്ങളിലെ ചില യാളുകള്‍ നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി. അവര്‍ പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞങ്ങള്‍ക്ക് ഇസ്‌ലാമിലേക്ക് ചായ്‌വുണ്ട്. അങ്ങ് ഞങ്ങളോടപ്പം സ്വഹാബാക്കളിലെ ഏതാനും ആളുകളെ ഞങ്ങളുടെ ജനതയില്‍ ദീനീ അധ്യാപനം നല്‍കാനും ഖുര്‍ആന്‍ പഠിപ്പിക്കാനും പറഞ്ഞയച്ചാലും നബി(സ)തിരുമേനി മര്‍ഥദ് ബിന്‍ അബീമര്‍ഥദിന്റെ നേതൃത്വത്തില്‍ ആറു സ്വഹാബാക്കളെ അദ്ദേഹത്തോടൊപ്പം പറഞ്ഞയച്ചു. അവരില്‍ ഖാലിദ് ബിന്‍ ബുകയ്‌റുമുണ്ടായിരുന്നു. ദീന്‍ പഠിപ്പിക്കാന്‍ വേണ്ടി കൊണ്ടുപോയ ഈ ആളുകളെ അവര്‍ വഞ്ചനയില്ലൂടെ ശഹീദാക്കുകയുണ്ടായി.

ഇനി ഹദ്‌റത്ത് അമ്മാര്‍ ബിന്‍ യാസിറിനെ കുറിച്ചുള്ള പരാമര്‍ശമാണ്. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ യഖ്‌ളാന്‍ എന്നായിരുന്നു.(അത്ത്വബഖാത്തുല്‍കുബ്‌റാ ലിഇബ്നി സഅ്ദ് ഭാഗം 3,പേജ് 187, 'അമ്മാര്‍ ബിന്‍ യാസിര്‍' ദാറുല്‍കുതുബുല്‍ ഇല്‍മിയ്യ, ബെയ്‌റുത്ത് 1990)

അദ്ദേഹത്തെ കുറിച്ച് ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) ചരിത്രഗ്രന്ഥങ്ങളില്‍ നിന്നെടുത്തെഴുതുന്നു: 'ഒരിക്കല്‍ നബി(സ)തിരുമേനി അമ്മാര്‍ എന്ന് പേരുള്ള ഒരു അടിമയുടെ അടുത്തൂടെ പോകുമ്പോള്‍ അയാള്‍ തേങ്ങിക്കരയുന്നതായും കണ്ണുകള്‍ തുടക്കുന്നതായും കണ്ടു. നബി(സ)ചോദിച്ചു: അമ്മാര്‍! എന്താണ് കാര്യം? അമ്മാര്‍ പറഞ്ഞു: 'യാ റസൂലല്ലാഹ്! വളരെ മോശമാണ്. അവര്‍ എന്നെ മര്‍ദിക്കുന്നു.' അതായത് ശത്രുക്കള്‍ മര്‍ദിക്കുകയും ദ്രോഹിക്കുകയും ചെയുന്നു. 'അവര്‍ എന്റെ വായില്‍നിന്ന് അങ്ങക്കെതിരിലും ദേവതകള്‍ക്ക് അനുകൂലമായും വാക്കുകള്‍ പറയുന്നതുവരെയും വിടുന്നില്ല.' നബി(സ)തിരുമേനി ചോദിച്ചു, 'നീ നിന്റെ മനസ്സില്‍ എന്താണ് കരുതുന്നത്?' അദ്ദേഹം പറഞ്ഞു, 'എനിക്ക് എന്റെ മനസ്സില്‍ അചഞ്ചലമായ വിശ്വാസമാണുള്ളത്. ഞാന്‍ വായകൊണ്ട് താങ്കള്‍ക്കെതിരില്‍ പറഞ്ഞെങ്കിലും ഹൃദയത്തില്‍ എനിക്ക് വിശ്വാസമുണ്ട്.' നബി(സ)തിരുമേനി പറഞ്ഞു, 'ഹൃദയം സമാധാനത്തിലാണെങ്കില്‍ അല്ലാഹു നിന്റെ ഈ ദൗര്‍ബല്യത്തെ പൊറുത്തു തരുന്നതാണ്.'(ദീബാച്ച തഫ്‌സീറുല്‍ഖുര്‍ആന്‍, അന്‍വാറുല്‍ഉലൂം വാള്യം 20, പേജ് 195)

ഹദ്‌റത്ത് അമ്മാര്‍ ബിന്‍ യാസിറിന്റെ ഹബ്ശയിലേക്കുള്ള ഹിജ്‌റത്തിനെ കുറിച്ച് അഭിപ്രായവ്യത്യാസമുണ്ട്. ചിലരുടെ വീക്ഷണത്തില്‍ അദ്ദേഹം രണ്ടാമത്തെ ഹബ്ശ ഹിജ്‌റത്തിലാണ് ഭാഗഭാക്കായത്.(അത്ത്വബഖാത്തുല്‍കുബ്‌റാ ലിഇബ്നി സഅ്ദ് ഭാഗം 3,പേജ് 189, 'അമ്മാര്‍ ബിന്‍ യാസിര്‍' ദാറുല്‍കുതുബുല്‍ ഇല്‍മിയ്യ, ബെയ്‌റുത്ത് 1990)

ഹദ്‌റത്ത് ഉഥ്മാനിന്റെ(റ) ഖിലാഫത്ത് കാലഘട്ടത്തിലുണ്ടായ പ്രക്ഷുബ്ധാവസ്ഥയെ കുറിച്ച് പരാമര്‍ശിച്ചുകൊണ്ട് ഹദ്‌റത്ത് ഖലീഫത്തുല്‍ മസീഹ് ഥാനീ(റ) പറയുന്നു: 'ഈ അസ്വസ്ഥത അതിരുകടന്നപ്പോള്‍ സ്വഹാബാക്കള്‍ക്കും ഗവര്‍ണര്‍മാരെ സംബന്ധിച്ച് പരാതിയുള്ള കത്തുകള്‍ കിട്ടിത്തുടങ്ങി,. അവരെല്ലാവരും ഒന്നിച്ച് ഹദ്‌റത്ത് ഉഥ്മാനോട്(റ) പറഞ്ഞു: 'പുറത്ത് എന്തൊക്കെയാണ് നടക്കുന്നതെന്ന് താങ്കള്‍ക്കറിയില്ലേ?' അദ്ദേഹം പറഞ്ഞു: 'എനിക്ക് ലഭിക്കുന്ന റിപ്പോര്‍ട്ടുകളനു സരിച്ച് സമാധാനമാണെന്നാണ് അറിയുന്നത്.'

**(തുടരും)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin